

# പാലക്കാടൻ സംസ്കൃതി

# പാലക്കാട് ജില്ലയിലെ

## പ്രാചീന-മധ്യശിലായുഗ സംസ്കാരങ്ങൾ

ഡോ.വി.സനൽകുമാർ

പ്രാചീന തമിഴകത്തിന്റെ ഭാഗമായ ചേരനാടിന്റെ ഹൃദയസ്ഥാനത്ത് സ്ഥിതിചെയ്തിരുന്ന പാലക്കാട് ജില്ലയുടെ അധിപ്രാചീന ചരിത്രവും ആദിചരിത്രകാലഘട്ടവും നാളിതുവരെയും ഗൗരവബുദ്ധ്യാഗവേഷണവിഷയമാക്കിയിട്ടില്ല. പ്രാചീന ശിലായുഗം (പാലിയോലിത്തിക് കാലഘട്ടം), മധ്യശിലായുഗം (മെസോലിത്തിക് കാലഘട്ടം), നവീന ശിലായുഗം (നിയോലിത്തിക് കാലഘട്ടം), മഹാശിലായുഗം (മെഗാലിത്തിക് കാലഘട്ടം) എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന നിരവധി പുരാവസ്തു തെളിവുകൾ ജില്ലയിലെ പല ഭാഗങ്ങളിലായി വിന്യസിച്ചുകിടക്കുന്നുണ്ടെങ്കിലും അവയൊന്നും പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശക്തമായ ശാസ്ത്രീയ അന്വേഷണം അടുത്തകാലംവരെയും നടത്തിയിരുന്നില്ല. ബി.സി. 40,000-നും എ.ഡി. 200-നും മധ്യേ നിലനിന്നിരുന്ന പാലിയോലിത്തിക് കാലഘട്ടത്തെയും ആധുനിക ചരിത്രകാലഘട്ടത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൈക്രോലിത്തിക് ഉപകരണങ്ങൾ, പോസ്റ്റ് ഹോളുകൾ, ശിലാരേഖാചിത്രങ്ങൾ, മഹാശിലായുഗസ്മാരകങ്ങൾ, ടെറാക്കോട്ടാ-കരിങ്കൽ ശിൽപങ്ങൾ, വീരക്കല്ലുകൾ, ശിലാലിഖിതങ്ങൾ, രാജവംശ ആസ്ഥാനകേന്ദ്രം, തുറസ്സായതും അല്ലാത്തതുമായ ജീർണ്ണാവസ്ഥ നേരിട്ട ക്ഷേത്രാധിഷ്ഠാനങ്ങൾ എന്നിവയുടെയൊക്കെ വിപുലമായ പുരാവസ്തു ശേഖരകേന്ദ്രങ്ങൾ ജില്ലയുടെ തെക്കൻ ഭാഗങ്ങളിൽനിന്ന് ഈ ലേഖകനിലൂടെ കണ്ടെത്തിയിരുന്നു. ഇതുവരെയും കേരളത്തിലെ ചരിത്രപണ്ഡിതരുടെ കാര്യമായ പഠനവിധേയമാകാത്ത പാലക്കാട് ജില്ലയിലെ പ്രാചീന ശിലായുഗത്തെയും മധ്യശിലായുഗത്തെയും കണ്ടെത്തലുകളെക്കുറിച്ചാണ് ഈ ലേഖനത്തിലെ ഉള്ളടക്കം.

### നമ്മുടെ പ്രാചീനകാല ചരിത്രപഠനത്തിന്റെ പോരായ്മകൾ

ഭൂമുഖത്തെ ഏതൊരു പ്രദേശത്തിനും കോടാനുകോടി വർഷങ്ങളുടെ ഭൂമിശാസ്ത്ര കഥകൾ പറയാനുണ്ടെങ്കിലും മനുഷ്യന്റെ സാംസ്കാരിക വികാസപരിണാമത്തെ സംബന്ധിച്ച എന്തെങ്കിലും പുരാവസ്തു തെളിവുകൾ ലഭ്യമാകുമ്പോൾ മാത്രമേ സാംസ്കാരികചരിത്ര പഠിതാക്കളിൽ ആ പ്രദേശത്തെക്കുറിച്ച് സ്വീകാര്യത വരുന്നുള്ളൂ.


പാലക്കാട് ജില്ലയുൾപ്പെടെ കേരളത്തിന്റെ എല്ലാ പ്രദേശങ്ങളുടെയും ഭൂമിശാസ്ത്ര പശ്ചാത്തലവും കാലാവസ്ഥാ വൈവിധ്യങ്ങളും വസ്തുനിഷ്ഠമായി പരിശോധിക്കാതെയാണ് പ്രാചീനശിലായുഗ സംസ്കാരത്തിന് കേരളക്കര അനുയോജ്യപ്രദേശമല്ലെന്ന മുൻവിധി ആദ്യകാല ബ്രിട്ടീഷ് ചരിത്രകുതുകികളും ആ മാർഗ്ഗം അന്ധമായി ശരിവച്ച ഭാരതത്തിലെ പ്രാചീന ചരിത്രഗവേഷകരും ധരിച്ചിരുന്നത്. അതുകൊണ്ടു തന്നെ കേരളത്തിന്റെ ആദ്യകാല ചരിത്രകാരൻമാരെല്ലാം തന്നെ ബി.സി.1000-നും എ.ഡി.300-നും മധ്യേ നിലനിന്നിരുന്ന മഹാശിലായുഗ സംസ്കാരത്തെയും തമിഴ് സംഘകൃതികളെയും അടിസ്ഥാനമാക്കിയും യവനഭൂമിശാസ്ത്രകാരൻമാർ നടത്തിയ സ്ഥലനാമ സൂചനകളെയും സംഘാനന്തര കൃതികളെയും മാത്രം അധികരിച്ച് എ.ഡി.800 വരെയുള്ള ചരിത്ര

ചനയ്ക്ക് പ്രാമുഖ്യം നൽകുകയും ചെയ്തു. ആധുനിക ചരിത്രകാരൻമാർ ശിലാലിഖിതങ്ങളെയും ഡോക്യുമെന്ററി തെളിവുകളെയും അടിസ്ഥാനമാക്കിയുള്ള ചരിത്രരചനകൾക്ക് പ്രാമുഖ്യം നൽകിയപ്പോൾ, ഫീൽഡിൽ ഇറങ്ങിയുള്ള പ്രാചീന ചരിത്രതെളിവുകൾ ശേഖരിച്ചുകൊണ്ടുള്ള ചരിത്രവിശകലനങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കാതെയുമായി. 1916-ൽ റോബർട്ട് ബ്രൂസ്ഫുട്ട് പാലിയോലിത്തിക് തെളിവുകൾ കണ്ടെത്തിയപ്പോൾ കേരളത്തിന്റെ ദുർഘടമായ ഭൂപ്രകൃതിയും ഉയർന്ന അളവിൽ ലഭിക്കുന്ന മഴയും, വിസ്തൃതമായ വനമേഖലയും ദർശിച്ച് പ്രാചീനശിലായുഗ സംസ്കാരത്തിന് യോജിച്ച സ്ഥലമല്ല നമ്മുടേതെന്ന നിഗമനം കേരളത്തിന്റെ ചരിത്രാന്വേഷണത്തിന്റെ ദിശതന്നെ ദശാബ്ദങ്ങളോളം വഴിമാറി.

പീറ്റേഴ്സൺ, കൃഷ്ണമൂർത്തി, അയ്യങ്കാർ, സങ്കാലിയ, ശേഷാദ്രി, ബി.സുബ്ബറാവു, ദാരണീ സെൻ, ഡിടെറ, സ്യൂനർ തുടങ്ങിയവരൊക്കെ ഇന്ത്യയിലെ പ്രാചീന ശിലായുഗ സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് വളരെയധികം സംഭാവന നൽകിയവരായിരുന്നുവെങ്കിലും, കേരളത്തിന്റെ ഭൂപ്രദേശങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള പഠനം തുലോം തുച്ഛമായിരുന്നു. കേരളത്തിൽ പാലക്കാട് ജില്ലയിലുൾപ്പെടെ വ്യാപിച്ചുകിടക്കുന്ന മലനിരകളിലും നദീതാഴ്വരകളിലും കാണപ്പെടുന്ന ഗുഹകൾ, പ്രകൃതിദത്ത അഭയകേന്ദ്രങ്ങൾ (Rock Shelters), ഉയർന്നു കിടക്കുന്ന വിശാലമായ പാറപ്പരപ്പുകൾ എന്നിവ കണ്ടെത്താനും പ്രാചീന ചരിത്രരചനയുടെ ചുരുളുകൾ അഴിക്കാനും അധികമാരും കർമ്മോത്സുകത കാട്ടിയിരുന്നില്ല എന്നു വേണം പറയാൻ. കേരളക്കരയ്ക്ക് സംഭാവനയേകിയ ആദ്യകാലചരിത്രരചയിതാക്കളിൽ ഭൂരിഭാഗവും ചരിത്രേതര വിഷയങ്ങളിലെ പണ്ഡിതശ്രേഷ്ഠരും, ഭാഷാ-നിയമജ്ഞരംഗങ്ങളിലെ പ്രഗത്ഭമതികളും ആണെന്നുള്ളതും പ്രാചീന ചരിത്രപഠനത്തിന്റെ സാധ്യതകൾക്ക് മങ്ങലേൽക്കാൻ ഇടയാക്കിയിരുന്നു.

**പാലിയോലിത്തിക്- മെസോലിത്തിക് കേന്ദ്രങ്ങൾ**


1916- ൽ റോബർട്ട് ബ്രൂസ്ഫുട്ട് നടത്തിയ കേരളത്തിലെ ഭൂപ്രകൃതിയും-കാലാവസ്ഥയും പ്രാചീനശിലായുഗ സംസ്കാരം വളരാൻ പ്രതികൂല ഭൂമിശാസ്ത്ര സാഹചര്യമാണ് ഉള്ളതെന്ന നിഗമനം ആദ്യമായി തിരുത്തിയത് 1973-74 കാലഘട്ടത്തിലാണ്. തന്റെ പി.എച്ച്.ഡി പഠനത്തിന്റെ ഭാഗമായി പി.രാജേന്ദ്രൻ, പൂനെയിലെ ഡെക്കാൺ കോളജിലെ റിസർച്ച് ഗൈഡ് പ്രൊഫ.ആർ.വി.ജോഷിയുടെ സഹായത്തിൽ പാലിയോലിത്തിക് കാലഘട്ടത്തെയും മെസോലിത്തിക് കാലഘട്ടങ്ങളിലേക്കും വെളിച്ചം വീശുന്ന നിരവധി തെളിവുകൾ പാലക്കാടുജില്ലയിൽ നിന്നും കേരളത്തിന്റെ മറ്റു ചില ഭാഗങ്ങളിൽനിന്നും കണ്ടെത്തിയിരുന്നു. ചോപ്പർ, സ്ക്രാപ്പർ, ഫ്ളെയ്ക്സ്, ആച്ചിയൻ വിഭാഗത്തിൽപ്പെട്ട പാലിയോലിത്തിക് സംസ്കാരത്തിന്റെ തെളിവുകൾ പാലക്കാടുജില്ലയിൽനിന്നും കണ്ടെത്തിയതാണ് ഈ രംഗത്തെ പ്രഥമ ചുവടുവെപ്പ് എന്നു പറയാം.



*ഗുഹാസങ്കേതം- കൊശവൻകാട് പൊറൈ*

പാലക്കാടുജില്ലയിലെ മലമ്പുഴ-കാഞ്ഞിരപ്പുഴ ഡാമുകളുടെ നിർമ്മാണവേളയിൽ തെങ്കര-കാഞ്ഞിരപ്പുഴ, മുക്കാലി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, വള്ളുവശ്ശേരി, കോട്ടയം ജില്ലയിലെ കുത്തോനി, കൊല്ലത്തെ അഭയഗിരി എന്നിവിടങ്ങളിൽനിന്നാണ് ബി.സി.10,000-ന് അപ്പുറമുള്ള പാലിയോലിത്തിക് ഉപകരണങ്ങളുടെ സാന്നിധ്യം പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

1973-74 കാലഘട്ടത്തെ പുരാവസ്തു പര്യവേഷണത്തിന്റെ തുടർച്ചയെന്നോണം പി.രാജേന്ദ്രൻ കണ്ടെത്തിയ ബി.സി.10,000-നും ബി.സി. 4000-നും മധ്യേയുള്ള ഇരുപത്തിനാല് മെസോലിത്തിക് കേന്ദ്രങ്ങളിൽ പത്തെണ്ണവും പാലക്കാടുജില്ലയിലാണെന്നതാണ് പ്രത്യേകത. ജില്ലയുടെ വടക്കൻ ഭാഗങ്ങളായ മലമ്പുഴ, കാഞ്ഞിരപ്പുഴ നദീതടങ്ങളിലെ വാളയാർ, മലമ്പുഴ, പൊതിപ്പാറ, മങ്കര, കുലപ്പള്ളി, ചിറയ്ക്കൽപ്പടി, അയ്യന്നൂർ, അഗളി, നരസിംഹകോട്ടൈ, ചീരക്കടവ് തുടങ്ങിയ പത്തു കേന്ദ്രങ്ങളും പാലക്കാടുജില്ലയ്ക്ക് അവകാശപ്പെട്ടതാണ്. മറ്റ് മെസോലിത്തിക് കേന്ദ്രങ്ങൾ മലപ്പുറം ജില്ലയിലെ ചെല്ലൂർ, പാണ്ടിക്കാട്, വയനാട് ജില്ലയിലെ ചെമ്പാറ, കൂപ്പക്കൊല്ലി, കൊല്ലം ജില്ലയിലെ തെൻമല, ഓഡനാവട്ടം, തിരുവനന്തപുരം ജില്ലയിലെ ആങ്കോട്, നെയ്യാർ, കണ്ണൂർജില്ലയിലെ നിർമലഗിരി എന്നിവിടങ്ങളിലും മെസോലിത്തിക് കാലഘട്ടത്തെ മൈക്രോലിത്തിക് ഉപകരണങ്ങൾ കണ്ടെത്തിയിരുന്നു. ഇതിൽ നരസിംഹകോട്ടൈ, തെൻമല, വാളയാർ, മങ്കര, ആങ്കോട്



*മഞ്ചിക്കൽ കോട്ട*

എന്നിവയൊഴിച്ചുള്ള കേന്ദ്രങ്ങളിലെല്ലാം ചെങ്കൽമണ്ണ് കാണപ്പെടുന്ന ഭാഗങ്ങളിൽനിന്നാണ് മൈക്രോലിത്തിക് ഉപകരണങ്ങൾ കണ്ടെത്തിയിരുന്നത്.

ഇതിൽനിന്ന് വ്യത്യസ്തമായി അടുത്ത കാലത്തായി പാലക്കാടുജില്ലയിലെ തെക്കൻ ഭാഗങ്ങളിൽ തെന്മല/വേങ്കടമലയോടു ചേർന്നുള്ള പ്രകൃതിദത്ത അഭയകേന്ദ്രങ്ങളിൽനിന്നും ഈ ലേഖകനിലൂടെ ചുള്ളിയം പേരാറിന്റെ (ഭാരതപ്പുഴ) പോഷകനദിയായ ഗായത്രീനദീതടത്തിലെ ഉയർന്നുകിടക്കുന്ന പാറപ്പരപ്പുകളിൽനിന്നും ചില പാലിയോലിത്തിക് കേന്ദ്രങ്ങളും ഇരുപത്തിയേഴ് മൈക്രോലിത്തിക് കേന്ദ്രങ്ങളും കണ്ടെത്തിയിരുന്നു. ഇവയിൽ വിരുത്തി, പാലഞ്ചേരി, വെള്ളപ്പാറക്കുന്ന്, വെള്ളാരംകടവ് എന്നീ കേന്ദ്രങ്ങൾ പാലിയോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന കേന്ദ്രങ്ങളാണെന്നു പറയാം. മഞ്ചിക്കൽ കോട്ട, കൊക്കിപ്പാറ, തേക്കിൻചിറപൊറൈ, അരയകുളം, കൊശവൻകോട്പൊറൈ, കൊല്ലഞ്ചള്ള, വേങ്ങപ്പാറ, സീതാറുകുണ്ട്, ധർമ്മിപൊറൈ, തേവർമണിപൊറൈ, ചാത്തൻപാറ, പെരുമാൾ മല, നെല്ലിയാമ്പതി, തറപ്പാടം, പനങ്കാവ്, ചാത്തിയോട്പാറ, ചെറിയവിരുത്തി, വലിയവിരുത്തി, കിളിമല, പേഴൻപൊറ്റപൊറൈ, തിരുനൂർ പാറ, പലകപ്പാണ്ടി, പറയൻ പള്ളം, മാട്ടാമാട്ടി പൊറൈ, വീഴുമല, വാമല തുടങ്ങിയ കേന്ദ്രങ്ങൾ മെസോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന മൈക്രോലിത്തിക് കേന്ദ്രങ്ങളാണ്.

ഇവിടെനിന്നും കണ്ടെത്തിയ കോർടൂൾസ്, ഹാന്റ് ആക്സ്, ബോറിയർ, ക്ലാവർ, പെബിൾ ടൂൾസ്, ചോപ്പിങ്ങ് ടൂൾ എന്നി വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന പാലിയോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീഴുന്ന ക്വാർട്സിന്റെ ഉപകരണങ്ങളാണെന്നു കരുതപ്പെടുന്നു. മെസോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന മൈക്രോലിത്തിക് ഉപകരണങ്ങളായ ബെയ്ക്ക്ഡ് ബ്ലേഡ്, ബെയ്ക്ക്ഡ് ടൂൾസ്, ഡോറർ, റീടച്ച്ഡ് ബ്ലെയ്ഡ്, സ്ക്രാപ്പർ, പോയിന്റ് ടൂൾ, ഫ്ളയ്ക്ടൂൾ, ഹാമർ സ്റ്റോൺ, കോർടൂൾ, കോർ, ഫ്ളയ്ക്സ് ചിപ്പ്സ്, ചങ്ക്സ് തുടങ്ങിയ ഉപകരണങ്ങളാണ് പാലക്കാടുജില്ലയിലെ തെൻമല താഴ്വരയിൽനിന്ന് കണ്ടെത്തിയതെന്ന് ശാസ്ത്രീയ പഠനത്തിലൂടെ തെളിഞ്ഞിട്ടുണ്ട്.

ശിലകൾകൊണ്ടു നിർമ്മിച്ച ഉപകരണങ്ങളുടെ കാലഘട്ടത്തെ ആസ്ഥാനമാക്കിയാണ് പ്രാചീന ശിലായുഗം (പാലിയോലിത്തിക്), മധ്യശിലായുഗം (മെസോലിത്തിക്), നവീനശിലായുഗം (നിയോലിത്തിക്) എന്നിങ്ങനെ പൊതുവെ ചരിത്രകാരൻമാർ വിലയിരുത്തിയിട്ടുള്ളത്. മനുഷ്യന്റെ സാങ്കേതികവിദ്യയുടെ ആദ്യകണ്ടുപിടുത്തങ്ങളിലൊന്നാണ് ക്വാർട്സ് എന്ന പേരിൽ അറിയപ്പെടുന്ന വെള്ളാരങ്കല്ലുകൊണ്ടു നിർമ്മിച്ച വിവിധ ഉപകരണങ്ങൾ. അലഞ്ഞു തിരിഞ്ഞ് നായാടിജീവിതം നയിച്ചിരുന്ന പാലിയോലിത്തിക് കാലഘട്ടത്തെയും മെസോലിത്തിക് കാലഘട്ടത്തെയും പ്രാകൃതജനത മലഞ്ചെരിവുകളിലെ ഗുഹാസങ്കേതങ്ങളിലും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളിലും താമസിച്ച് വനവിഭവങ്ങൾ ശേഖരിച്ചും വേട്ടയാടിയും പുഴയിൽനിന്നും ജലാശയങ്ങളിൽനിന്നും ലഭിക്കുന്ന മീൻപിടിച്ചും ജീവിച്ചുപോന്നവരായിരുന്നു.

വെള്ളാരംകല്ല് ചീകിയെടുത്ത് ലഭിക്കുന്ന വിവിധ മൈക്രോലിത്തിക് ഉപകരണങ്ങൾകൊണ്ട് മത്സ്യവും മാംസവും പച്ചക്കറികളും കീറിമുറിക്കാനും ചെറിയ കഷണങ്ങളാക്കാനുമായിരുന്നു ഉപയോഗിച്ചിരുന്നത്. ഇവ ലഭ്യമാകുന്ന പ്രദേശങ്ങളിൽ മൈക്രോലിത്തിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന കേന്ദ്രങ്ങളെ അവയുടെ ഫാക്ടറി നിർമ്മാണകേന്ദ്രങ്ങളായാണ് കണക്കാക്കിയിട്ടുള്ളത്. സൂക്ഷ്മതലത്തിൽ വളരെ മൂർച്ചയുള്ള ആയുധങ്ങളുണ്ടാക്കി, ബാക്കി വരുന്ന അസംസ്കൃത അവശിഷ്ടങ്ങൾ മനുഷ്യാധിവാസം കാര്യമായിതടപ്പെടുത്താത്ത പാറപ്പുറങ്ങളിലും മറ്റുംചിതറിക്കിടക്കുന്ന രീതിയിലാണ് ഇവ സാധാരണ കണ്ടുവരാറുള്ളത്.

കേരളം പ്രാചീന ശിലായുഗങ്ങൾ നിർമ്മിക്കുന്ന വെള്ളാരംകല്ലിന്റെ (ക്വാർട്സ്) അസാന്നിധ്യ പ്രദേശമാണ് കേരളമെന്ന വാദം പാലക്കാട് ജില്ലയ്ക്ക് യോജിച്ചതല്ലെന്ന് ലഭ്യമായ പുരാവസ്തുഭൂമിശാസ്ത്ര വിശകലനത്തിലൂടെ ബോദ്ധ്യമാകുന്നു. ലോകപൈതൃകപദവിയിലേക്ക് ഉയർത്തുംവിധം ജൈവവൈവിധ്യത്തിന്റെ കലവറയായ പശ്ചിമഘട്ടം ഏകദേശം അൻപതു കോടി വർഷങ്ങൾക്കു മുമ്പ് ഭ്രംശന പ്രക്രിയയിലൂടെ താഴ്ത്തപ്പെട്ട മുപ്പത്തിരണ്ടു കി.മീ.വീതിയുള്ള പാലക്കാടൻ ചുരത്തിന്റെ പല ഭാഗങ്ങളിലും ഇവയുടെ സാന്നിധ്യം ധാരാളമായുണ്ട്. ആഗ്നേയപ്രക്രിയയിലൂടെ ഭൗമാന്തർഭാഗത്ത് സൃഷ്ടിക്കപ്പെട്ടകമാനാകൃതിയിലുള്ള അന്തർ ജന്യശിലകളുടെ മേൽമണ്ണ് നീക്കം ചെയ്യപ്പെട്ട് തെന്മല-വടമലയ്ക്ക് സമാന്തരമായി നിരവധി കരിങ്കൽ പാറപ്പരപ്പുകളും കാർഷികയോഗ്യമായ സമതലഭൂ പ്രദേശങ്ങളും വെള്ളാരംകല്ലുകളും ഉള്ള പ്രദേശമായി മാറിയിരുന്നു. പശ്ചിമഘട്ടത്തിന്റെ മററു ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പാലക്കാടൻ ചുരത്തിന്റെ ഇരുഭാഗത്തുമായി ഉയർന്നുനിൽക്കുന്ന തെന്മല-വടമല താഴ്വരകളിലും പാറപ്പരപ്പുകളിലും സൃഷ്ടിക്കപ്പെട്ട



*കാർട്സ് കോർ ടൂൾ*

ഗുഹകളും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളും അതിപ്രാചീന ജനവിഭാഗത്തിന്റെ സുരക്ഷിത താവളമാകാൻ പററിയ ഇടങ്ങളായിരുന്നുവെന്ന് അവിടെനിന്നും ലഭിച്ച മൈക്രോലിത്തിക് ഉപകരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പാലക്കാടിന്റെ തെക്കൻ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ ഈ ഇരുപത്തിയേഴ് മൈക്രോലിത്തിക് കേന്ദ്രങ്ങളിൽ പാലഞ്ചേരി, വിരുത്തി, പനങ്കാവ് എന്നിവിടങ്ങളിൽ മാത്രമാണ് ലാറ്ററൈറ്റ് (ചെങ്കൽ മണ്ണ്) ഭാഗത്തുനിന്ന് ലഭിച്ചിട്ടുള്ളവ. ബാക്കിയെല്ലാംതന്നെ ഗ്രാനൈറ്റ് കുന്നിൻപുറങ്ങളിൽ നിന്നും പാറപ്പുറങ്ങളിൽനിന്നും ലഭിച്ചവയാണ്. പാലഞ്ചേരി, വെള്ളാരം കടവ്, വെള്ളപ്പാറക്കുന്ന് തുടങ്ങിയ കേന്ദ്രങ്ങളിൽ വളരെ വലിപ്പമേറിയ വെള്ളാരംകല്ലുകളുടെ വൻസാന്നിധ്യം ഉണ്ടായിരുന്നു. പരിസരവാസികൾ നിലമുരയ്ക്കാനും വീടുനിർമ്മാണ ആവശ്യത്തിനും മററുമായി നിരവധി മനോഹരമായ വെള്ളാരംകല്ലുകൾ പലകാലങ്ങളിലായി കടത്തിക്കൊണ്ടുപോയിട്ടുണ്ട് എന്ന് പഴമക്കാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ പിരളിമററം നെടുമലയിൽനിന്നും ഈ ലേഖകൻ കണ്ടെത്തിയ മൈക്രോലിത്തുകളും ഗുഹകളുടെയും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളുടെയും സാന്നിദ്ധ്യമുള്ളവയാണ്.

പാലക്കാടുജില്ലയിലെ തെൻമല-വടമല നിരകളിലെയും ഭാരതപ്പുഴയുടെ പോഷകനദികളും കാഞ്ഞിരപ്പുഴനദിയും പർവ്വതതാഴ്വരകളിലൂടെ കടന്നുവന്ന് സമതലപ്രദേശത്തെ ഫലഭൂയിഷ്ഠമായ ഭൂപ്രദേശമാക്കി മാറ്റിയതും പർവ്വതതാഴ്വരകളെ പ്രാചീന അധിവാസകേന്ദ്രമാക്കി മാറ്റാൻ സഹായകമായിരുന്നു.

മനുഷ്യൻ സ്ഥിരതാമസമില്ലാതെ അലഞ്ഞുതിരിഞ്ഞുനടന്നിരുന്ന ശിലായുഗ മനുഷ്യർക്ക് വേട്ടയാടാനും, കായ്കനികളും വനവിഭവങ്ങളും ശേഖരിക്കാനും ഒരു കാലത്ത് വനനിബിഡമേഖലയായിരുന്ന തെൻമല, നെല്ലിയാമ്പതി, പറമ്പികുളം മേഖലകൾ സമ്പൽസമൃദ്ധ കേന്ദ്രങ്ങളായിരുന്നു. ഇവിടത്തെ ചെറുതും വലുതുമായ പോഷകനദീതടങ്ങളും തെൻമലതാഴ്വരകളിലും വിന്യസിച്ചുകിടക്കുന്ന നിരവധി കുളങ്ങളും ജലാശയങ്ങളും മീൻപിടിക്കാനും മറ്റും അനുകൂല സാഹചര്യമായിരുന്നു. ദക്ഷിണേന്ത്യയിലെ പ്രാചീന ദ്രാവിഡ ദേശങ്ങളിലേക്കുള്ള പ്രവേശന കവാടമായ പാലക്കാടുചുരത്തിന്റെ പ്രത്യേകത തമിഴ്നാടിന്റെയും കർണ്ണാടകയുടെയും ആന്ധ്രദേശത്തിന്റെയും വരണ്ടതും ചുടാർന്നതുമായ പ്രതികൂലകാലാവസ്ഥയെക്കാൾ ആകർഷകമായിരുന്നു. അതുകൊണ്ടുതന്നെ പാലക്കാടുചുരവും തെൻമല-വടമലയുടെ ഭാഗങ്ങളും ആനമല-നീലഗിരി മലനിരകളും പാലിയോലിത്തിക്- മെസോലിത്തിക് കാലഘട്ടത്തെ ഏറ്റവും പ്രധാന ജനപഥങ്ങളിലൊന്നായി മാറുകയും ചെയ്തു. തെൻമലതാഴ്വരയിൽ കേന്ദ്രീകൃത രീതിയിൽ വിന്യസിച്ചു കിടക്കുന്ന വിപുലമായ മൈക്രോലിത്തിക് ഉപകരണങ്ങളുടെയും മറ്റ് ചരിത്രാതീത തെളിവുകളുടെയും സാന്നിധ്യം നമ്മുടെ നിലവിലുള്ള പ്രാചീന ശിലായുഗസംസ്കാര ധാരണകൾ തിരുത്തിക്കുറിക്കുന്നവ തന്നെയെന്ന് നിസ്സംശയം തെളിവുകൾ സഹിതം പറയാം●

(തുടരും)



# പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

## ശിലാചിത്രങ്ങൾ

അതിപ്രാചീന കാലഘട്ടത്തിലും ആദിമചരിത്രകാലഘട്ടത്തിലും അധിവസിച്ചിരുന്ന ഗുഹാനിവാസികൾ പൊതുവെ വേട്ടയാടിയും ഭക്ഷണം തേടിയലഞ്ഞും പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ചുമാണ് ജീവിതം നയിച്ചിരുന്നത്. പാറപ്പരപ്പുകൾ, ഗുഹകളുടെയും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളുടെയും ചുമരുകൾ എന്നിവിടങ്ങളിൽ കൂർത്തുമൂർത്ത കല്ലുകൾ കൊണ്ടോ എല്ലിൻകഷണങ്ങൾകൊണ്ടോ മരക്കൊമ്പുകൾകൊണ്ടോ ഇരുമ്പായുധങ്ങൾ കൊണ്ടോ ശിലാചിത്രങ്ങൾ ആലേഖനം ചെയ്യുന്ന സംസ്കാരം ആദിമസംസ്കാര കേന്ദ്രങ്ങളിൽ നിലനിന്നിരുന്നു. കരിമ്പാറകളിൽ ശിലാരേഖാചിത്രങ്ങൾ വരച്ചും ശിൽപമാതൃകയിൽ ബിംബങ്ങൾ കൊത്തിയും പച്ചിലച്ചാറ് കൂട്ടുകളുണ്ടാക്കി പ്രാചീനജീവിതരീതി പ്രതിഫലിപ്പിക്കുന്ന ഛായാചിത്രങ്ങൾ വരച്ചും മറ്റുമാണ് ആദിമ മനുഷ്യന്റെപ്രകൃതിസംസ്കാരത്തിന്റെ സർഗ്ഗാത്മക കഴിവുകൾ, വിശ്വാസങ്ങൾ, ചിന്താശേഷി എന്നിവ പ്രതിഫലിപ്പിച്ചിരുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാചീന ചിത്രകലാരൂപങ്ങൾ വിന്യസിച്ചു കിടക്കുന്നുണ്ട്. ഇന്ത്യയിൽ കേരളമുൾപ്പെടെ ദക്ഷിണ-മധ്യ-ഉത്തരഭാഗത്തിന്റെ ചില ഭാഗങ്ങളിൽ നിന്ന് ഇത്തരം പ്രാചീന ശിലാചിത്രങ്ങളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ആദിമജനതയുടെ സർഗ്ഗാത്മക സൃഷ്ടികളെക്കുറിച്ച് അടുത്ത കാലംവരെയും ചരിത്രകുതുകികളുടെ ശ്രദ്ധ ഒട്ടും പതിഞ്ഞിട്ടില്ലെന്നു പറയാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി മാത്രമാണ് ശിലാശിൽപകലയെക്കുറിച്ചുള്ള കാര്യമായ പഠനത്തിനു തുടക്കം കുറിച്ചത്.

1879-ൽ സ്പെയിനിലെ അൾട്ടിമീറായിലെ ചരിത്രാതീത കാലത്തെ ശിൽപശാസ്ത്രത്തെക്കുറിച്ച് മാസിലിനൊഡി സൗതോല നടത്തിയ പഠനങ്ങളാണ് ശിലാരേഖയെക്കുറിച്ചുള്ള പഠനത്തിന് മാർഗ്ഗദർശകമായത്. 1883-ൽ ജോൺ ആർച്ചി ബാൾഡ് കാർലില്ലിയും കോക്ക് ബേണും ഉത്തര-മധ്യഭാരതത്തിൽനിന്ന് കണ്ടെത്തിയ ശിലാചിത്രങ്ങൾ 'റോക്ക് ആർട് മാപ്പ് ഒഫ് വേൾഡി'ൽ പ്രസിദ്ധീകരിച്ചത് ഈ രംഗത്തെക്കുറിച്ചുള്ള പഠനത്തിന്റെ പ്രധാന ചുവടുവെപ്പായിരുന്നു. 1894-ൽ ബ്രിട്ടീഷ് പൊലീസ് സൂപ്രണ്ടായിരുന്ന ഫോസെറ്റ് മലബാറിൽ വയനാടൻ മേഖലയിൽ നടത്തിയ നായാട്ടിനിടയിലാണ് ചരിത്രാതീതകാലത്തെ നവീന ശിലായുഗത്തിലെ അധിവാസ കേന്ദ്രങ്ങൾ എടക്കലിൽനിന്ന് കണ്ടെത്തിയത്. 1973-ൽ പത്മനാഭൻ തമ്പി ഇടുക്കിയിലെ മറയൂർഗുഹകളിൽനിന്ന് മധ്യശിലായുഗ കാലഘട്ടത്തെ ശിലാചിത്രങ്ങൾ പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. മധ്യശിലായുഗകാലത്തെ ജനത അവരുടെ അധിവാസകേന്ദ്രങ്ങൾക്കു സമീപം ഗുഹകളിലോ റോക്ക് ഷെൽട്ടറുകളിലും ചെറുദ്വാരങ്ങളിലും സ്വതന്ത്രമായ അപക്ഷയശിലകളിലും ചിത്രങ്ങളും കൊത്തുപണികളും ചെയ്തിട്ടുണ്ട്. മറയൂർ റോക്ക് ഷെൽട്ടറിന്റെ പെയിന്റിംഗ് അഞ്ചനാട്ടിലെ കുടക്കാ




*ചാത്തിയോട്ടുപാറ*

ട്, പല്ലനാട്, ചമ്പക്കാട് എന്നിവിടങ്ങളിലാണ് ഉള്ളത്. കുതിരകൾ, കാള, ആനകൾ, ആട്, പാപ്പാൻമാർ, ആട്ടിടയൻമാർ, ആട്ടിടയൻ, കൈ ഉയർത്തി നിൽക്കുന്ന മനുഷ്യൻ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ സിംബലുകൾ ഇവിടെ കാണാം.

തിരുവനന്തപുരത്തെ ആങ്കോട്ടിലുള്ള പാണ്ടവൻ പാറയിൽ അലങ്കാരപ്പൂവ്, മനുഷ്യരൂപങ്ങൾ, സൂര്യന്റെ ബിംബം, ജ്യാമിതീയ മാതൃകകൾ എന്നിവയുടെ ശിലാരേഖാചിത്രങ്ങളാണ് ഉള്ളത്. കൊല്ലം ജില്ലയിലെ റോക്ക് ഷെൽട്ടറിൽ ത്രികോണം, വൃത്തം, ചതുരം എന്നീ ആകൃതിയിലുള്ള ശിലാരേഖകൾ കണ്ടെത്തിയിരുന്നു. മെസോലിത്തിക് കാലത്തെ പുരാവസ്തു ഉപകരണങ്ങളും ഇവിടെനിന്ന് കണ്ടെത്തിയിട്ടുണ്ട്.

പാലക്കാടുജില്ലയിലെ തെൻമല താഴ്വരയിൽ പ്രാചീന ശിലായുഗത്തിനും മഹാശിലായുഗത്തിനും മധ്യേയുള്ള പുരാവസ്തുസാന്നിധ്യമുള്ള പ്രദേശങ്ങളിൽത്തന്നെയാണ് ഈ ലേഖകൻ ശിലാരേഖാചിത്രങ്ങളുടെ നിരവധി സാന്നിധ്യങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

പാലക്കാടുനഗരത്തിൽ നിന്ന് ഇരുപത്തിയഞ്ച് കി.മീ. തെക്കുമാറി കൊല്ലങ്കോടു പഞ്ചായത്തിലെ ചാത്തിയോട്ടു പാറയിൽ കാഞ്ഞിരമരത്തിനു ചുവട്ടിൽ തുറസ്സായ കരിങ്കൽ നിർമ്മിത മഹാകാളിപ്രതിഷ്ഠക്ക് വടക്കുകിഴക്കുഭാഗത്താണ് ശിലാരേഖാചിത്രത്തിന്റെ സാന്നിധ്യമുള്ളത്. പരന്ന പാറപ്പുറത്ത് എഴുപത്തിയഞ്ച് സെ. മീ. നീളത്തിലും അമ്പത് സെ. മീ. വീതിയിലും അടയാളാഭരണമുൾപ്പെടെയാണ് കാളയുടെ ശിലാരേഖ ആലേഖനം ചെയ്തിട്ടുള്ളത്.

മധ്യകാല ശിലായുഗത്തിലും നവീനശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിചരിത്രകാലഘട്ടത്തെസംബന്ധിച്ച് ഇവിടെനിന്ന് കണ്ടെത്തിയിട്ടുള്ള ശിലാരേഖകളിൽ സാക്ഷ്യമുണ്ട്. അരയകുളം, സീതാറുകുണ്ഡ്, തേവർമണിപൊറൈ, വാമല എന്നിവിടങ്ങളിൽ ചതുരാകൃതിയിൽ മരച്ചില്ലകളുടെയോ നക്ഷത്രങ്ങളുടെയോ രൂപത്തിൽ ശിലാരേഖകളുണ്ട്. സൂര്യൻ, നക്ഷത്രം, മരം എന്നിവയുടെ സിംബലുകളോടെ സ്വസ്തിക സിംബലിൽ, ജ്യാമെട്രിക്കൽ സ്ക്വയറിലും ത്രികോണാകൃതിയിലുമായാണ് ഇവയുടെ ഘടന. പ്രാചീന ആധിവാസ കേന്ദ്രത്തിന്റെ സൂചനയെന്നോണം പ്രകൃതിദത്ത അഭയകേന്ദ്രങ്ങൾ (natural rock shelters) ഗുഹകൾ, പ്രാചീന ആരാധനാകേന്ദ്രം എന്നിവ അരയകുളം, സീതാറുകുണ്ഡ്, തേവർമണിപുറൈ എന്നിവിടങ്ങളിലുണ്ട്.

ഇരുപത്തിയഞ്ച് സെ.മീ. നീളവും വീതിയുമുള്ള ഓരോ കാൽപാദം തേവർമണിപുറൈയിലും മാട്ടാമാടിപ്പുറൈയിലുമായി കാണപ്പെടുന്നുണ്ട്. എന്നാൽ ഗോവിന്ദമല, മാമല, കോട്ടമല, വിരുത്തി, കാളപ്പെട്ടി എന്നിവിടങ്ങളിൽ രണ്ടുവീതം കാൽപാദങ്ങൾ ആദിമചരിത്രകാലഘട്ടത്തെ പാദപൂജയുമായി ബന്ധപ്പെട്ട് കാണുന്നുണ്ട്. പ്രാചീന വേങ്കടത്തിന്റെ ഭാഗമായ കൽപാത്തി, തിരുവില്വാമല, എറണാകുളം ജില്ലയിലെ മലയാറ്റൂർ എന്നിവിടങ്ങളിൽ പാദപീഠങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കരിങ്കല്ലിൽ കൊത്തിയ ശംഖുചക്രരൂപം കോട്ടമലയിൽ മറ്റു ചരിത്രാവശിഷ്ടങ്ങളോടൊപ്പം ആലേഖനം ചെയ്തിട്ടുണ്ട്. അതുപോലുള്ള കരിങ്കല്ലിൽ കൊത്തിയ ഒരു ശംഖിന്റെ ചിത്രം എറണാകുളം ജില്ലയിലെ പ്രാചീനക്ഷേത്രമായ കല്ലിൽ ഗുഹാക്ഷേത്രത്തിന്റെ പിൻഭാഗത്തെ പാറപ്പുറ



*കപ്സ്യൂളുകൾ*

ത്തുനിന്ന് ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്. ഒരു ആനയുടെ മുദ്രണവും കല്ലിൽക്ഷേത്രത്തിൽ പാറപ്പുറത്ത് ഉണ്ട്. എലപ്പുള്ളി പഞ്ചായത്തിലെ ശംഖുചക്രപാറയിൽ പൂർണ്ണകുംഭത്തിന്റെ രൂപമാണ് മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നത്. അവിടെ ഉണ്ടെന്നു പറയപ്പെടുന്ന ശംഖുചക്രത്തിന്റെ ആലേഖനം ഇപ്പോൾ ദൃശ്യമല്ല. ചതുരംഗം കളിക്കുന്നതിലുള്ള ശിലാരേഖകളിൽ മൂന്നെണ്ണത്തിലും അമ്പിന്റെയും വില്ലിന്റെയും രൂപം നമുക്ക് ദൃശ്യമാണ്.

കേരളത്തിൽ ആദ്യമായാണ് ആദിമനിവാസികളുടെ കലാരൂപങ്ങളായ ശിലാരേഖാചിത്രങ്ങൾ പാലക്കാടുജില്ലയിൽനിന്നും എറണാകുളം ജില്ലയിൽനിന്നും കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ ഇതിനുമുമ്പ് വയനാട് ജില്ലയിലെ എടക്കൽ ഗുഹ, തൊവരി, ഇടുക്കിയിലെ മറയൂർ, കൊല്ലംജില്ലയിലെ എഴുത്തുപാറ, തിരുവനന്തപുരത്തെ ആങ്കോട എന്നിവിടങ്ങളിൽനിന്നാണ് ശിലാചിത്രങ്ങൾ കണ്ടെത്തിയിട്ടുള്ളത്. കൂർത്തുമൂർത്ത കരിങ്കല്ലുകളോ ഇരുമ്പായുധങ്ങളോ കൊണ്ടാവും ഇത്തരം ചിത്രങ്ങൾ കൊത്തിവച്ചതെന്നു കരുതപ്പെടുന്നു. മധ്യശിലാ യുഗത്തിലും നവീന ശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിമ ചരിത്രകാലഘട്ടങ്ങളിലും ആഭരണ-വസ്ത്രങ്ങളോടും മണിയോടുംകൂടിയ ശിലാരേഖകളും, പുൽമേടുകൾ തേടിയുള്ള ജീവിതരീതി നിലനിന്നിരുന്ന ഘട്ടങ്ങളും ഉണ്ടായിരുന്നു. ജ്യോമെട്രിക്കൽ സ്കയറിലും ത്രിമാനാകൃതിയിലുള്ള ഘടനയും സ്വസ്തിക, സൂര്യൻ, നക്ഷത്രങ്ങൾ, മരച്ചില്ലകൾ എന്നിവ പ്രകൃതിയാരാധനയെയും മതപരമായ ബിംബങ്ങളെയും സൂചിപ്പിക്കുന്നു. ശംഖുചക്രസംസ്കാരത്തിന് വൈഷ്ണവ ഭക്തിയി ബന്ധമുണ്ട്. പാദപീഠാരാധന ഹിന്ദുമതത്തിലും ജൈമതത്തിലും ബുദ്ധമതത്തിലും ഒരു കാലത്ത് ശക്തമായി നിലനിന്നിരുന്നു. പാലക്കാടുജില്ലയിലെ മുതലമടയിൽ നാച്യുറൽ റോക്ക് ഷെൽട്ടറിൽ കുത്തിവച്ചിട്ടുള്ള നൂറ്റമ്പതോളം കപ്സ്യൂളുകൾ മധ്യകാല ശിലായുഗത്തിലെ അപൂർവ്വമായ ശിൽപകലാവൈഭവമാണെന്നു പറയാം.

പാലക്കാടുജില്ലയിലും എറണാകുളം ജില്ലയിലും അടുത്ത കാലത്തായി കണ്ടെത്തിയ ശിലാരേഖാചിത്രങ്ങളുടെ കൃത്യമായ കാലനിർണ്ണയം നടത്തുക ദുഷ്കരമാണ്. എന്നിരുന്നാലും ശിലാരേഖാചിത്രങ്ങൾ കാണപ്പെടുന്ന ഭാഗങ്ങളിൽനിന്നും മൈക്രോലിത്തിക് ഉപകരണങ്ങൾ, മെസോലിത്തിക് കാലത്തെ കൽസ്തൂപപൊഴികൾ മഹാശിലായുഗസ്മാരകങ്ങൾ, ആദിമചരിത്രകാലഘട്ടത്തിലെ തെളിവുകളുടെ കേന്ദ്രീകരണം എന്നിവ ഇവിടെ ശിലാചിത്രങ്ങൾക്കു സമീപം കാണപ്പെടുന്നത് വിവിധ സാംസ്കാരിക പരിണാമകാലഘട്ടങ്ങളിലൂടെ കടന്ന് പോയിട്ടുള്ളതിന് പ്രത്യക്ഷ ഉദാഹരണമാണ്.

ഇൻഫ്രാറെഡ് ഫോട്ടോഗ്രഫി, സ്പെക്ട്രോഗ്രഫി തുടങ്ങിയ പരിശോധനയിലൂടെ ശിലാരേഖാചിത്രങ്ങളുടെ കാലഘടന കണ്ടെത്താവുന്നതാണെങ്കിലും അവ പല കേന്ദ്രങ്ങളിലും അനുയോജ്യമാവണമെന്നില്ല. അതുകൊണ്ടു തന്നെ, ശിലാരേഖാചിത്രങ്ങൾക്കു സമീപത്തുനിന്ന് കണ്ടെത്തിയ പുരാവസ്തു തെളിവുകളും അവയുടെ കാലഗണനയുമൊക്കെ താരതമ്യം ചെയ്യുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു കണ്ടെത്തിയ പാലിയോ ലിത്തിക്-മെസോലിത്തിക് കാലഘട്ടങ്ങളിലെ ശിലാചിത്രങ്ങളുടെ സാദൃശ്യവും ഉള്ളടക്കവും ആശയവും രൂപഭംഗിയും ഏകദേശം ഒരേ കാലനിർണ്ണയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആഫ്രിക്കയിലെ ശിലാരേഖാചിത്രത്തിന്റെ കാലനിർണ്ണയത്തിൽ മനുഷ്യരുടെ കൂട്ടായ പ്രവർത്തനങ്ങൾ, കാലികളെ മെരുക്കിയെടുക്കൽ, പിൽക്കാലത്തിനു മുമ്പുള്ള യൂറോപ്പിലെ ദക്ഷിണ മധ്യഭാഗത്തെയും ഫ്രഞ്ച് വെനീസ് ഭാഗത്തെയും കാൻഡേബ്രിയൻ പർവ്വതം, ചിത്രങ്ങൾ, അപ്പർ പാലിയോലിത്തിക്കിലെയും





*ശിലാചിത്രങ്ങൾ- വാമല കൊല്ലങ്കോട്*

മെസോലിത്തിക് കാലഘട്ടത്തിലെയും വേട്ടയാടൽരംഗങ്ങൾ എന്നിവയുടെ പ്രത്യേകതകൾ വിലയിരുത്തി കാലനിർണ്ണയം നടത്താവുന്നതാണ്. ഈ ഭൂമുഖത്ത് കണ്ടെത്തിയ ഏററവും പഴക്കം ചെന്ന ശിലാചിത്രങ്ങളുടെ കാലപ്പഴക്കം 18000 ബി.സി.യിലാണ്. ഫ്രാങ്കോ, ക്യാൻബ്രിയൻ 1200 ബി.സി. സ്പാനിഷ് ലെവന്റെ (6000 ബി.സി, 2000 ബി സി.) ഏഷ്യൻ ശിലാചിത്രങ്ങൾ (1200 ബി.സി.) എന്നിങ്ങനെയാണ് പൊതുവെയുള്ള കാലഗണന.

മെസോലിത്തിക് കാലഘട്ടവുമായി ബന്ധപ്പെട്ടുകിടക്കുന്ന ശിലാരേഖാചിത്രസംസ്കാരമാണ് കേരളത്തിലുള്ളതെങ്കിലും കൃത്യമായ കാലനിർണ്ണയം സാധ്യമല്ല. മെസോലിത്തിക് കാലഘട്ടത്തെയും നവീന ശിലായുഗ കാലഘട്ടവുമായും മഹാശിലായുഗ കാലഘട്ടവുമായാണ് ഇവിടത്തെ ശിലാരേഖാചിത്രങ്ങൾക്കു ബന്ധമുള്ളത്. 4000 ബി.സി.ആണ് കേരളത്തിലെ ശിലാരേഖാചിത്രങ്ങളുടെ കാലനിർണ്ണയം നടത്തിയിട്ടുള്ളത്. മറയൂർ ഗുഹയിലെ രേഖാചിത്രങ്ങൾക്ക് മധ്യശിലായുഗ കാലഘട്ടം മുതൽ ആദിചരിത്രകാലഘട്ടംവരെയാണ് കാലനിർണ്ണയം നടത്തിയിരിക്കുന്നത്. എടക്കൽ, തൊവരി, ആങ്കോട് എന്നിവിടങ്ങളിലെ ശിലാരേഖാചിത്രങ്ങൾ നവീനശിലായുഗത്തിനും മഹാശിലായുഗത്തിനും മധ്യേയുള്ളതാണെന്നു കരുതപ്പെടുന്നു.

പാലക്കാടുജില്ലയിൽനിന്ന് കണ്ടെത്തിയ ശിലാരേഖാചിത്രങ്ങൾക്ക് മെസോലിത്തിക് കാലഘട്ടത്തിലും നവീനശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിചരിത്ര കാലഘട്ടത്തിലും വെളിച്ചം വീശുന്ന കാലയളവാണ് ഉള്ളത്. ഇവിടെ കണ്ടെത്തിയ ശിലാചിത്രങ്ങൾ പലതും പാറമട ലോബികളുടെ പരാക്രമങ്ങളുടെ സാക്ഷ്യം വഹിച്ച് നാശത്തിന്റെ വക്കിലാണെന്നു വേദനയോടെ പറയാം.

മരുപ്പച്ചകൾ തേടി ഇടയജീവിതം നയിക്കുന്ന ജീവിതശൈലി മധ്യശിലായുഗത്തിലും നവീനശിലായുഗത്തിലും ആദിമചരിത്രകാലഘട്ടത്തിലും നിലനിന്നിരുന്നതിനു തെളിവുകളുണ്ട്. ഈ കാലഘട്ടത്തിൽ മറ്റ് സ്ഥലങ്ങളിൽ കണ്ടെത്തിയ അലങ്കാര ശൈലിയോടെയുള്ള ശിലാചിത്രമാണ് ചാത്തിയോട്ടുപാറയിൽ കണ്ടെത്തിയിട്ടുള്ളത്. മൃഗാരാധനയുമായി ബന്ധപ്പെട്ട് പ്രാചീന തനിമയുള്ള പ്രതിഷ്ഠകളോടുകൂടിയ നെന്മേനിയിലെ മുണ്ടിയൻകാവിന് മൃഗപരിപാലനവുമായി ബന്ധപ്പെട്ട ചരിത്രമാണ് പറയാനുള്ളത്. മാത്രമല്ല, അലഞ്ഞുതിരിഞ്ഞുനടക്കുന്ന ആട്ടിടയ ജീവിതത്തിന്റെ പ്രാചീനകാല പകർപ്പുകൾ തമിഴ്നാട്ടിൽ നിന്ന് ഏപ്രിൽ-മെയ് മാസങ്ങളിൽ ചെമ്മരിയാടുകളെയുംകോലാടുകളെയുംകൊണ്ട് പാലക്കാടൻ പാടങ്ങളിലും പറമ്പുകളിലും എത്തി വേനൽകഴിയുമ്പോൾ തിരിച്ചു പോകുന്ന ആട്ടിടയപാരമ്പര്യം ഇപ്പോഴും തുടരുന്നുണ്ട്.

ചതുരാകൃതിയിലും ത്രിമാനാകൃതിയിലും സ്വസ്തികരൂപത്തിലും മറ്റും കാണപ്പെടുന്ന ശിലാചിത്രങ്ങൾ പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ടതായതിനാൽ ചാത്തിയോട്ടുപാറയിലെ കാളിയുടെ ശിലാചിത്രത്തിലുള്ളതിലും പിറകിലേക്ക് കാലപ്പഴക്കം പോകുന്നുണ്ട്. മെസോലിത്തിക് കാലഘട്ടത്തിലേക്ക് പോകാനുള്ള സാധ്യതയാണ് ഇതിനുള്ളത്. അതേസമയം, ശംഖുചക്രവും പാദപീഠാരാധനയും ആനയും മററും മഹാശിലാ യുഗത്തിലെ ആദിചരിത്രകാലഘട്ടത്തെ സൂചിപ്പിക്കുന്നു.

മുതലമടയിലെ റോക്ക്ഷെൽട്ടറിൽ കാണപ്പെടുന്ന പോസ്ററ്യൂൾസിനെ മറ്റ് സ്ഥലങ്ങളിൽ കാണപ്പെടുന്ന ഇത്തരം കലാരൂപങ്ങൾക്ക് 6000 ബി.സി.വരെയാണ് ചരിത്രകാരന്മാർ കാലനിർണ്ണയം നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ, പാലക്കാടുജില്ലയിൽ കണ്ടെത്തിയ ശിലാചിത്രങ്ങൾ 6000 ബി.സി.ക്കും 300 എ.ഡി.ക്കും മദ്ധ്യേയുള്ളവയാണെന്നു പറയാം. പാദപീഠാരാധനയും മററും 800 എ.ഡി. വരെയും തുടർന്നിരുന്നുവെന്ന് കരുതപ്പെടുന്നു●

## പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

# മഹാശിലായുഗ സ്മാരകങ്ങൾ

ദക്ഷിണേന്ത്യയിൽ ഇരുമ്പുയുഗമെന്ന പേരിൽ അറിയപ്പെട്ടിരുന്ന, ബി.സി.1000–ത്തിനും എ.ഡി.300–നും മദ്ധ്യേ നിലനിന്നിരുന്ന പ്രാചീനകാല ശവസംസ്കാര രീതികൾ പ്രതിഫലിക്കുന്ന മഹാശിലായുഗ സംസ്കാരത്തിന്റെ ഏററവും വൈവിധ്യമാർന്ന പ്രത്യേകതകൾ ഏറെ സമന്വയിച്ചിട്ടുള്ള ജില്ലയാണ് പാലക്കാട്. മദ്ധ്യശിലായുഗത്തിന്റെയും നവീന ശിലായുഗത്തിന്റെയും തുടർച്ചയെന്നോണമുള്ള മഹാശിലായുഗ കാലഘട്ടത്തെ ശക്തമായ തെളിവുകളാണ് ഇവിടെയുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളിലും മഹാശിലായുഗ കാലത്തെ സ്മാരകങ്ങളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ എണ്ണത്തിലും വൈവിധ്യത്തിലും ഏറെ പ്രത്യേകതകൾ ഉള്ളത് പാലക്കാട് ജില്ലയിൽ മാത്രമാണ്.

1823–ൽ ബാബിങ്ങ് ഹാമാണ് വടക്കൻ കേരളത്തിലെ ചാത്തൻപറമ്പിൽ കണ്ടെത്തിയ മഹാശിലായുഗസ്മാരകങ്ങളെകുറിച്ച് പ്രാഥമിക പഠനം നടത്തിയത്. 1982–ൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന റോബർട്ട് സെവൽ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് അമ്പതിയൊന്നു കേന്ദ്രങ്ങളിൽനിന്ന് ആറായിരത്തിലധികം മഹാശിലായുഗ സ്മാരകങ്ങൾ കണ്ടെത്തിയിരുന്നു. എന്നിരുന്നാലും 1940–കൾക്കു ശേഷം മാത്രമാണ് മഹാശിലായുഗ സംസ്കാരത്തെക്കുറിച്ചുള്ള ഗവേഷണപഠനത്തിൽ അൽപമെങ്കിലും പുരോഗതി ഉണ്ടായിട്ടുള്ളത്. 1975–ൽ കെ.എം.ജോർജ്, 2002–ൽ ഷിനു അബ്രഹാം, ജെനി പീറ്റർ എന്നിവർ റോബർട്ട് സെല്ലിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി വ്യത്യസ്ത ദിശയിൽ പാലക്കാട് ജില്ലയിലെ മഹാശിലായുഗ സ്മാരകങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് പഠനം നടത്തിയിരുന്നു. നിലവിലുണ്ടായിരുന്ന ലഭ്യമായ തെളിവുകളെ ക്രോഡീകരിച്ച് കേരളത്തിലെ സ്ഥലനാമ ചരിത്രപഠനത്തിന് പുതിയ ദിശാബോധം നൽകിയ എം.ജി.കെ.വാലത്ത്, റോബർട്ട് സെല്ലിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി പാലക്കാട് ജില്ലയുടെ മഹാശിലായുഗസ്മാരകങ്ങളെക്കുറിച്ച് വിശകലനം നൽകിയിട്ടുണ്ട്. മഹാശിലായുഗ കാലത്തെ സാംസ്കാരിക പ്രത്യേകതകളിലൊന്നായ കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട സെറാമിക് ചീളുകളെ അടിസ്ഥാനമാക്കി പാലക്കാട് ജില്ലയുടെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക സ്ഥിതിഗതികളെ വിലയിരുത്തിയാണ് ഷിനു എബ്രഹാം പഠനം നടത്തിയിരുന്നത്. ഉപദ്വീപീയ പീഠഭൂമിയിൽനിന്ന് പാലക്കാട് ചുരത്തിലേക്കുള്ള മഹാശിലായുഗകാലത്തെ ജനതയുടെ കുടിയേറ്റത്തെ അടിസ്ഥാനമാക്കിയാണ് ജെനി പീറ്റർ പഠനം നടത്തിയിരുന്നത്. ഇതിനു പുറമെ റോബർട്ട് സെല്ലിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി ചെറുതും വലുതുമായ ചില പഠനങ്ങളും മഹാശിലായുഗ കാലത്തെ സ്മാരകങ്ങളുടെ ഒററപ്പെട്ട കണ്ടെത്തലുകളും ഉണ്ടായിട്ടുണ്ട്.

റോബർട്ട് സെല്ലിന്റെ 1892–ലെ കണ്ടെത്തലുകളുടെ പരിധിയിൽ ഉൾപ്പെടാത്ത മുന്നൂറോളം മഹാശിലായുഗ സ്മാരകങ്ങൾ കഴിഞ്ഞ ഒരു ദശാബ്ദങ്ങളായി തെന്മല താഴ്വരയുടെ കിഴക്കൻ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, പല്ലശ്ശന പഞ്ചായത്തുകളുടെ പരിധിയിൽനിന്ന് ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്. മെൻഹിറുകൾ, ഡോൾമനോയിഡ് സിസ്റ്റ്, സ്ലാബ് സിസ്റ്റ്, സർഗോ ഫാഗി, നന്നങ്ങാടികൾ എന്നീ വിഭാഗങ്ങളിൽ ഉ



*മഹാശിലായുഗ സ്മാരകം- സ്ലാബ് സിസ്റ്റ്*

ൾപ്പെടുന്ന ഈ മുപ്പതോളം മഹാശിലായുഗകേന്ദ്രങ്ങളിൽ നിന്നാണ് മുന്നൂറിലധികം കല്ലറകളുടെ വൈവിധ്യമാർന്ന സാന്നിദ്ധ്യം പുറംലോകത്തിന്റെ ശ്രദ്ധയിലെത്തിയത്. ഗ്രാമഗ്രാമാന്തരം അന്വേഷണാത്മക രീതിയിൽ നടന്നു ചെന്ന് ഉപരിതല പര്യവേഷണം നടത്തിയാണ് തേക്കിൻചിറ, ചിങ്ങൻചിറ, ഇടച്ചിറ, കൊല്ലൻചള്ള, വേങ്ങപ്പാറ, അരയകുളം, മാക്കണാംകുറിശി, അഗസ്ത്യഗിരി (മൂക്കരശൻകുന്ന്), പുളിമന്നം, കാച്ചാംകുറിശി, ചാത്തൻപാറ, വിരുത്തി, പനങ്കാവ്, പേഴൻപൊറ്റപൊറൈ, മാട്ടാമാട്ടിപുറൈ, കൂമൻമല, കൊടുവാൾപാറ, ഇളമ്പിലാവ്, കുമ്പളക്കോട്, പല്ലാവൂർ, വിത്തനശേരി, കരിങ്കുളം തുടങ്ങിയ കേന്ദ്രങ്ങളിൽനിന്ന് ഇത്രയും വിപുലമായ കല്ലറകളുടെ സാന്നിദ്ധ്യം കണ്ടെത്താനായത്.

**കല്ലറകളുടെ സവിശേഷതകൾ**

ഇവിടെ കണ്ടെത്തിയ സ്ലാബ് സിസ്റ്റുകൾക്ക് ദീർഘചതുരാകൃതിയിലുള്ള മേശയുടെ ആകൃതിയാണ് ഉള്ളത്. ഭൂമിക്കടിയിൽ ചതുരാകൃതിയിലുള്ള അറയുടെ രൂപത്തിൽ ഇരുഭാഗത്തുമായി ലംബമായി നാട്ടിയ വെട്ടിയെടുത്ത രണ്ട് കൽപലകയുടെ മുകൾഭാഗം മറ്റൊരു കൽപലക കൊണ്ട് മൂടിവച്ച സ്ഥിതിയിലാണ് കണ്ടെത്തിയ സ്ലാബ് സിസ്റ്റുകളുടെ പ്രധാന ഘടന. ഉള്ളിൽ മറ്റു കരിങ്കൽപ്പാളികൾ നാട്ടി അറകൾ തീർത്തും അല്ലാതെയും മരിച്ച വ്യക്തിയോ കുടുംബമോ ഉപയോഗിച്ചിരുന്ന സാധനസാമഗ്രികൾ കല്ലറയിൽ നിക്ഷേപിച്ചുമാണ് ശവസംസ്കാര മാതൃകകളിലൊന്നായ സ്ലാബ് സിസ്റ്റുകൾ തീർത്തിട്ടുള്ളത്. ഒന്നോ അതിലധികമോ അറകളും മുന്നോളം പോർട്ട് ഹോളുകളും സ്ലാബ്സിസ്റ്റിനകത്ത് തീർത്തിട്ടുള്ളത് കാണാവുന്നതാണ്. ചില സ്ലാബ് സിസ്റ്റുകളിൽ വൃത്താകൃതിയിലുള്ള കൽതുളകൾ (പോർട്ട് ഹോൾ) ദൃശ്യമാണ്. ഭൂമിക്കടിയിലാണ് സ്ലാബ് സിസ്റ്റുകൾ പൊതുവെ കാണപ്പെടുന്നത്. എന്നാൽ, സ്ലാബ് സിസ്റ്റുകളിൽ നിന്ന് വ്യത്യസ്തമായി ഭൂമിയുടെ ഉപരിതലത്തിൽ ദീർഘചതുരാകൃതിയിൽ ലംബതലത്തിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കൽ സ്ലാബിനുമുകളിൽ വൃത്താകൃതിയിലുള്ള കരിങ്കൽപ്പലകകൾകൊണ്ടോ മൂടപ്പെട്ട് കാണപ്പെടുന്ന സ്ലാബ് സിസ്റ്റുകളുടെ വകഭേദമായ ഡോൾമനോയിഡ് സിസ്റ്റുകളുടെ സാന്നിദ്ധ്യവും ഇവിടെ ധാരാളം കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ മററു ജില്ലകളിൽനിന്ന് വ്യത്യസ്തമായി സ്ലാബ് സിസ്റ്റുകളോട് ചേർന്നുതന്നെ നിരവധി ഡോൾമനോയിഡ് സിസ്റ്റുകൾ പാലക്കാട് ജില്ലയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ കണ്ടെത്തിയ കരിങ്കല്ലുകൊണ്ടുള്ള മഹാശിലായുഗ സ്മാരകങ്ങളുടെ മറ്റൊരു വകഭേദമാണ് നടുക്കല്ലുകൾ അഥവാ മെൻഹിറുകൾ. വലിയ ഒററക്കല്ലിൽ കാണപ്പെടുന്ന മെൻഹിറുകൾ നടുക്കല്ല്, പുലച്ചിക്കല്ല്, നാട്ടുകല്ല്, പടക്കൽ തുടങ്ങിയ പേരുകളിലൊക്കെ വിവിധ പ്രദേശങ്ങളിൽ അറിയപ്പെടുന്നുണ്ട്. മററു കല്ലറ രീതികളിൽനിന്ന് വ്യത്യസ്തമായി ഗോത്രരാജവംശ ബന്ധമുള്ള ജനതയുടെ ശവസംസ്കാരരീതിയാണ് നടുക്കല്ലു കൾക്കുള്ളതെന്നാണ് പറയപ്പെടുന്നത്. പ്രാചീന തമിഴ് സംഘംകൃതികളിലും മററും ഇത്തരം ശവസംസ്കാരരീതികളെക്കുറിച്ച് നിരവധി പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.

കരിങ്കല്ലുകൊണ്ട് തീർത്ത മഹാശിലായുഗ സ്മാരകങ്ങളായ സർഗോ



*തകർക്കപ്പെട്ട ഡോൾമനെയ്ഡ്– മഹാശിലായുഗ സ്മാരകം*

ഫാഗസ് വിഭാഗത്തിലുള്ള കല്ലറകളുടെ സാന്നിദ്ധ്യവും പാലക്കാട് ജില്ലയിൽ നിന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൃത്താകൃതിയിൽ നിരവധി കരിങ്കൽ തൂണുകൾ നാട്ടിയാണ് ഇത്തരം കല്ലറകൾ സൃഷ്ടിച്ചിരിക്കുന്നത്.

കരിങ്കല്ലുകൾ സുലഭമല്ലാത്ത കേരളത്തിലെ മററു ജില്ലകളിൽ ധാരാളമായി കണ്ടുവരുന്ന മുനിയറകളുടെ(നന്നങ്ങാടികളുടെ) സാന്നിദ്ധ്യവും പാലക്കാട് ജില്ലയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട് എന്നതാണ് മറ്റൊരു ശ്രദ്ധേയ വസ്തുത. മനുഷ്യരെ മരണാനന്തരം അടക്കം ചെയ്തതിനു ശേഷം ഭൗതികാവശിഷ്ടം വലിയ മൺ കലശങ്ങളിലിട്ട് മൂടിവയ്ക്കുന്ന ശവസംസ്കാരരീതിയാണിത്. എന്തുകൊണ്ടാണ് മററു ജില്ലകളിൽനിന്നു വ്യത്യസ്തമായി ഗ്രാനൈറ്റ് ശിലകൾ സുലഭമാകുമ്പോഴും അതേ കല്ലറ സമൂഹത്തിൽ നന്നങ്ങാടികളുടെ സാന്നിദ്ധ്യവും ശവസംസ്കാരരീതിയിൽ കാണപ്പെടുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ ഉത്തരം ഇതുവരെയും ലഭ്യമല്ല.

റോബർട്ട് സെല്ലിന്റെ റിപ്പോർട്ടിലാണ് പാലക്കാട് ജില്ലയിൽ കണ്ടെത്തിയ നിരവധി തൊപ്പിക്കല്ലുകളെക്കുറിച്ചുള്ള പരാമർശങ്ങൾ ഉള്ളത്. നാലോ അഞ്ചോ തൂണുകൾപോലുള്ള ചെങ്കല്ലിന്റെ ഫലകങ്ങൾ നാട്ടി അതിനു മുകളിൽ വലിയ കുടയുടെ ആകൃതിയിലുള്ള കൽപാളി വയ്ക്കുന്ന ശവസംസ്കാര രീതിയാണ് തൊപ്പിക്കല്ലിന്റേത്.

റോബർട്ട് സെല്ലിന്റെ പഠനത്തിൽ ഏററവും കൂടുതൽ മഹാശിലായുഗ സ്മാരകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് മെൻഹിറുകളാണ്. മൊത്തം കണ്ടെത്തിയ 5355 മഹാശിലായുഗ സ്മാരകങ്ങളിൽ മെൻഹിറുകൾ 3162, സ്ലാബ് സിസ്റ്റ് 1518, തൊപ്പിക്കല്ലുകൾ 675 എന്നിങ്ങനെയാണ്. നന്നങ്ങാടികളെക്കുറിച്ച് തരം തിരിച്ച കണക്കുകൾ ലഭ്യമല്ല. ഈ ലേഖകൻ തെന്മലതാഴ്‌വരയിൽ കണ്ടെത്തിയ മുന്നൂറിലധികം കല്ലറകളിൽ 86.80% എൺപത്തിയാറ് ശതമാനം ഗ്രാനൈറ്റ് ശിലകളാൽ നിർമ്മിതമാണ്. ഇതിൽ സ്ലാബ് സിസ്റ്റുകൾ എഴുപത്തിയഞ്ച് ശതമാനം വരും.

മെഗാ (വലിയ), ലിത്തിക് (ശിലകൾ) എന്നീ രണ്ട് പദങ്ങൾ ഉൾക്കൊള്ളുന്ന, വലിയ ശിലകൾ എന്ന് അർത്ഥം വരുന്ന മെഗാലിത്തിക് എന്ന വാക്കിൽ നിന്നാണ് ആ കാലഘട്ടത്തെ ശവസംസ്കാരരീതിയിൽ പ്രതിഫലിക്കുന്ന മഹാശിലായുഗ സംസ്കാരം എന്ന പ്രയോഗം ചരിത്രകാരന്മാർ പ്രയോഗിച്ചുതുടങ്ങിയത്. ഈ കാലഘട്ടത്തിൽ ഇരുമ്പിന്റെ ഉപയോഗം ആരംഭിച്ചതുകൊണ്ടാണ് ഇരുമ്പുയുഗം എന്ന പേരിലും മഹാശിലായുഗകാലം അറിയപ്പെട്ടിരുന്നത്. കേരളത്തിൽ മഹാശിലായുഗത്തിലെ അധിവാസകേന്ദ്രം കണ്ടെത്തിയിട്ടുള്ളത് എറണാകുളം ജില്ലയിലെ പട്ടണം എന്ന പ്രദേശത്ത് മാത്രമാണ്. പാലക്കാട് ജില്ലയിൽ കണ്ടെത്തിയിട്ടുള്ള ഇരുമ്പ് ആയുധങ്ങൾ, കളിമൺ പാത്രങ്ങൾ, മുത്തുമണികൾ, എല്ലിൻ കഷണങ്ങൾ എന്നിവയുടെ പ്രത്യേകതകളും സാന്നിദ്ധ്യങ്ങളും വെളിപ്പെടുത്തുന്നത് ദക്ഷിണേന്ത്യയിൽ പൊതുവെ ഏകീകൃത ശവസംസ്കാരരീതിയാണ് നിലനിന്നിട്ടുള്ളതെന്നാണ്. ശവസംസ്കാരവുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള കളിമൺ പാത്രങ്ങൾ പാലക്കാട് ജില്ലയിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. പ്രധാനമായ അധിവാസകേന്ദ്രങ്ങളിലൊന്നാണ് ഈ പ്രദേശമെന്നാണ് കല്ലറയിൽ കാണപ്പെടുന്ന ഇരുമ്പായുധങ്ങൾ സൂചിപ്പിക്കുന്നത്. ഭക്ഷണം തേടി അലയൽ, വേട്ടയാടൽ, കാർഷികവൃത്തി തുടങ്ങിയ ജീവിതരീതികളെ പ്രതിഫലിപ്പിക്കുന്നു. പോത്തിന്റേതോ കാളയുടേതോ എന്നു കരുതപ്പെടുന്ന എല്ലിൻകഷണങ്ങൾ സൂചിപ്പിക്കുന്നതും പ്രാചീനകാലത്തെ മൃഗസംരക്ഷണത്തെയും ഉപയോഗത്തെയുമാണ്.

കേരളത്തിൽ മററു പ്രദേശങ്ങളെ അപേക്ഷിച്ച് പാലക്കാട് ജില്ലയിലെ തെന്മലതാഴ്‌വരയിൽ കരിങ്കൽപ്പാറകളുടെ സാന്നിദ്ധ്യമായിരിക്കാം സ്ലാബ് സിസ്റ്റുകൾ, മെൻഹിറുകൾ, ഡോൾമനോയിഡ് സിസ്റ്റുകൾ തുടങ്ങിയ കല്ലറകളുടെ ഉറവിടത്തിനു കാരണം. എന്നാൽ തേക്കിൻചിറ, ചിങ്ങൻചിറ, ഇളംപിലാവ്, കൊടുവാൾപാറ, മാട്ടാമട്ടി പൊറൈ എന്നീ പ്രദേശങ്ങളിലാണ് ഇത്തരം കല്ലറകൾക്കു പുറമെ ചുട്ടെടുത്ത കളിമൺ നിർമ്മിതമായ നന്നങ്ങാടികളുടെ (മുനിയറകളുടെ) സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എന്തുകൊണ്ടാണ് ഇത്തരം സമ്മിശ്രരീതികൾ ഒരു ശവസംസ്കാരസ്ഥലത്തുതന്നെ പാലക്കാട് ജില്ലയിൽ നിലനിന്നിരുന്നത് എന്നതും വ്യക്തമല്ല.

**തേക്കിൻചിറ ഉൽഖനനം**


പാലക്കാട് ജില്ലയിലെ തെന്മല താഴ്‌വരയുടെ ചരിത്രപ്രാധാന്യത്തെക്കുറിച്ച് സംസ്ഥാന പുരാവസ്തുവകുപ്പിനെ ഈ ലേഖകൻ അറിയിച്ചതിനെതുടർന്ന് 1999-ൽ പുരാവസ്തുവകുപ്പിന്റെ നേതൃത്വത്തിൽ തേക്കിൻചിറയിൽ മഹാശിലായുഗസ്മാരകങ്ങൾ നിലനിന്നിരുന്ന പ്രദേശം ഉൽഖനനവിധേയമാക്കിയിരുന്നു. സ്ലാബ്സിസ്റ്റുകളുടെയും നന്നങ്ങാടികളുടെയും പത്തോളം കല്ലറകളുടെ സാന്നിദ്ധ്യമുള്ള ഇവിടെ ഒരു സ്ലാബ് സിസ്റ്റ് മാത്രമാണ് ഉൽഖനന വിധേയമാക്കിയിരുന്നത്.

ലോക്കിംഗ് സിസ്റ്റിൽ രണ്ടുമീറ്റർ നീളത്തിലും 0.80 മീറ്റർ വീതിയിലും 0.70 മീറ്റർ കനത്തിലും അടച്ചിട്ട രീ

തിയിലാണ് പ്രധാന കല്ലറ കാണപ്പെടുന്നത്. അത്രതന്നെ വീതിയുള്ള, ദീർഘചതുരാകൃതിയിലുള്ള കരിങ്കൽപ്പാളികൾകൊണ്ട് മുകൾ മൂടിയ മൂന്ന് അറകളോടെയുള്ള ഒരു പ്രധാന കല്ലറയും തൊട്ടടുത്തുതന്നെയായി മറ്റൊരു കല്ലറയുമാണ് ഇവിടെയുള്ളത്. കിഴക്കുപടിഞ്ഞാറ് ദിശയിലാണ് പ്രധാന കല്ലറയുടെ കിടപ്പ്. മൂന്ന് അറകളോടുകൂടിയ പ്രധാന കല്ലറയോട് ചേർന്നുകിടക്കുന്ന അതേ വലുപ്പത്തിലുള്ള രണ്ടാമത്തെ കല്ലറയുടെ മുകൾഭാഗം കരിങ്കൽപ്പാളികൊണ്ട് മൂടിയ നിലയിലല്ല കാണപ്പെടുന്നത്. പ്രധാന കല്ലറയോട് ചേർന്നുതന്നെ കിഴക്കുഭാഗത്തായി സമചതുരാകൃതിയിൽ മറ്റൊരു ചെറിയ കല്ലറയും ഉണ്ട്.

പ്രധാന കല്ലറ ഉൾക്കൊള്ളുന്ന മൂന്ന് കരിങ്കൽപ്പാളികൾ കൽത്തുളകൾ (പോർട്ട് ഹോളുകൾ) ഉൾക്കൊള്ളുന്നവയാണ്. മൂന്ന് അറകൾ സൃഷ്ടിക്കുന്നതിനായി പ്രധാന പാളികൾക്കു കുറുകെയായി ലംബതലത്തിൽ രണ്ട് കരിങ്കൽപ്പാളികൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടു കല്ലറകളെ തമ്മിൽ വേർതിരിക്കുന്ന കരിങ്കൽപ്പാളിയുടെ കീഴ്ഭാഗത്താണ് കൽത്തുളകളുള്ളത്. ആദ്യത്തെ കല്ലറ അറകളോടെയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്; രണ്ടാമത്തെ കല്ലറ അങ്ങനെയല്ല. എന്നാൽ രണ്ടു കല്ലറകളിലും പുരാവസ്തു അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. എന്നാൽ, ചതുരാകൃതിയിലുള്ള ചെറിയ കല്ലറയിൽ ഒരു അവശിഷ്ടവും ലഭ്യമായിരുന്നില്ല.

രൂപകൽപ്പന ചെയ്ത, പല വലുപ്പത്തിലും രൂപത്തിലുമുള്ള പതിനാറോളം കളിമൺപാത്രങ്ങൾ, ഇരുമ്പുകൊണ്ടുള്ള മഴു, വാൾ, കാർണീലിയൻ മുത്തുമണികൾ, എല്ലിൻകഷ്ണങ്ങൾ തുടങ്ങിയ പുരാവസ്തു തെളിവുകളാണ് കല്ലറയ്ക്കകത്തുനിന്ന് ഉൽഖനനംചെയ്തെടുത്തത്. ചുട്ടെടുത്ത കറുത്തതും ചുവന്നതുമായ അടയാളങ്ങളോടെയുള്ള നീണ്ട കഴുത്തുള്ള കളിമൺപാത്രങ്ങൾ, തണ്ണിമത്തന്റെ രൂപത്തോടുകൂടിയ ഭരണികൾ, തെരുക്കകൾ (റിംഗ് സ്റ്റാന്റ്), ചെറിയ കുടം എന്നിവയാണ് കല്ലറക്കകത്തുനിന്ന് കണ്ടെത്തിയ കളിമൺപാത്രങ്ങൾ. മരണം നടന്ന് ഒരു വർഷത്തിനുശേഷം ഒരുക്കുന്ന ഇത്തരം രണ്ടാമത് ശവസംസ്കാരച്ചടങ്ങിൽ പരേതാത്മാക്കൾ പരലോകത്തു ചെന്നാൽ ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുന്നതിന്റെ പ്രതീകമായാണ്



*തകർക്കപ്പെട്ട മഹാശിലായുഗ സ്മാരകം- സ്ലാബ് സിസ്റ്റ്*

മൺകലശങ്ങൾ കല്ലറക്കകത്ത്കാണപ്പെടുന്നത് എന്നാണ് പൊതുവിശ്വാസം. കിഴക്കുപടിഞ്ഞാറ് ദിശയിൽ അടക്കംചെയ്തിട്ടുള്ള ഇത്രയും വലിയ ഒരു കല്ലറയുടെ സാന്നിദ്ധ്യം കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഒരു പ്രാദേശിക പ്രമാണിയുടെയോ രാജാവിന്റെയോ ആവാം ഇത്തരം കല്ലറകളെന്ന് പുരാവസ്തുവകുപ്പ് നിരീക്ഷിച്ചിട്ടുണ്ട്. ഒരു ശവസംസ്കാരസ്ഥലത്തുതന്നെ മൂന്ന് കല്ലറകളുടെ സാന്നിദ്ധ്യമുള്ളത് കൂട്ടക്കുരുതിക്ക് വിധേയമായ ഒരു കുടുംബത്തിലെ അംഗങ്ങൾക്കു വേണ്ടി തീർത്ത മഹാശിലായുഗ സ്മാരകമാണ് ഇതെന്ന് കരുതപ്പെടുന്നു. ഇവിടെ തന്നെ മറ്റു സ്ലാബ് സിസ്റ്റുകളുടെ സാന്നിധ്യവും നന്നങ്ങാടികളുടെ സാന്നിധ്യവും സൂചിപ്പിക്കുന്നത് ഒരു പ്രധാന സമൂഹത്തിലെ വ്യത്യസ്ത ശ്രേണിയിലുള്ള ജനവിഭാഗങ്ങളുടെ കല്ലറകളാണ് ഇവിടെയുള്ളത് എന്നുതന്നെയാണ്. കല്ലറയ്ക്കകത്തു നിന്ന് ലഭ്യമായ ഇരുമ്പായുധങ്ങളും ഉപരിതലത്തിൽ നിന്ന് ലഭ്യമായ എല്ലിൻ കഷ്ണങ്ങളും കാർണീലിയൻ മുത്തുമണികളും ശ്രദ്ധേയങ്ങളാണ്.

**കാലഗണന**

ഉൽഖനനവിധേയമായ തേക്കിൻചിറ മഹാശിലായുഗസ്മാരകത്തിൽ നിന്ന് ലഭ്യമായ കറുത്തതും ചുവന്നതുമായ ചുട്ടെടുത്ത കളിമൺപാത്രങ്ങൾ, ഇരുമ്പായുധങ്ങൾ, കാർണീലിയൻ മുത്തുമണികൾ, നന്നങ്ങാടികൾ എന്നിവയുടെയൊക്കെ കൃത്യമായ കാലഗണന കണ്ടെത്തുക ഏറെ ദുഷ്കരമാണ്. ഇവിടെനിന്ന് കണ്ടെത്തിയ എല്ലിൻ കഷണങ്ങൾ റേഡിയോ കാർബൺ ഡേറ്റിംഗിലൂടെ ശാസ്ത്രീയ പഠനവിധേയമാക്കിയപ്പോൾ 1000 ബി.സി.വരെ പിറകിലേക്ക് പോകുന്ന കല്ലറയാണ് ഇതെന്നു തെളിഞ്ഞിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽനിന്ന് ലഭ്യമായ മഹാശിലായുഗ കാലഘട്ടത്തെ കല്ലറകൾക്കും 1000 ബി.സി. മുതൽ 300 എ.ഡി. വരെയുള്ള കാലഗണനയാണ് ചരിത്രകാരന്മാർ പൊതുവെ നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ പാലക്കാട് ജില്ലയിലും (പ്രത്യേകിച്ച് തെന്മല താഴ്വരയിൽ) മറ്റും കണ്ടെത്തിയിട്ടുള്ള മഹാശിലായുഗ സ്മാരകങ്ങൾക്കും ഇത്രത്തോളം കാലപ്പഴക്കമുണ്ടെന്നത് അവിതർക്കമാണ്. മധ്യശിലായുഗത്തിലെയും നവീന ശിലായുഗത്തിലെയും മഹാശിലായുഗത്തിലെയും പ്രധാനപ്പെട്ട ഒരു അധിവാസകേന്ദ്രമാണ് പാലക്കാട് ജില്ല എന്നാണ് പുരാവസ്തു പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഇവിടെനിന്ന് കണ്ടെത്തിയ പല മഹാശിലായുഗ സ്മാരകങ്ങളും വേണ്ട രീതിയിൽ സംരക്ഷിച്ചില്ലെങ്കിൽ പ്രാചീന സംസ്കാരത്തിന്റെ അപൂർവ്വ തിരുശേഷിപ്പുകൾ നമ്മുടെ കൺമുമ്പിൽ നിന്ന് അപ്രത്യക്ഷമാകുന്നകാലം അതിവിദൂരമല്ലെന്ന് പറയേണ്ടിവരും●

(തുടരും)

# പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

## ശിലാലിഖിതങ്ങൾ

പ്രാചീനശിലാരേഖാചിത്രങ്ങളുടെ തുടർച്ചയെന്നോണം വികാസംപ്രാപിച്ച എഴുത്തുലിപിയുടെ പ്രചാരം ദക്ഷിണേന്ത്യയിലെ വിവിധ പ്രദേശങ്ങളിലെന്നപോലെ പാലക്കാട് ജില്ലയിലും ശക്തമായിത്തന്നെ നിലനിന്നിരുന്നു. പാലക്കാട് ജില്ലയുടെ കിഴക്കും തെക്കുകിഴക്കും ഭാഗങ്ങളിൽനിന്ന് ഈ ലേഖകനിലൂടെയും മററും പന്ത്രണ്ട് കേന്ദ്രങ്ങളിൽനിന്ന് പതിനാല് ശിലാലിഖിതങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ നാല് ലിപികൾ കൊല്ലങ്കോടു നിന്നും എലവഞ്ചേരി, പെരുവെമ്പ് എന്നിവിടങ്ങളിൽനിന്ന് രണ്ടുവീതവും പുതുനഗരം, പൊൽപ്പുള്ളി, തേനാരി, എലവഞ്ചേരി, പല്ലാവൂർ, തൃപ്പാളൂർ എന്നിവിടങ്ങളിൽനിന്ന് ഓരോന്നുവീതവുമാണ് ലിഖിതങ്ങളുടെ സ്ഥാനനിർണ്ണയം. പാലക്കാട് ജില്ലയിലെ പ്രാചീനരാജവംശവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മററൊരു ലിഖിതം തൃശ്ശൂരിലുമുണ്ട്.

ദക്ഷിണേന്ത്യൻ സംസ്കൃതിയുടെ ഭാഗമായ പ്രാചീന തമിഴ്, ഗ്രന്ഥ, വട്ടെഴുത്ത്, കോലെഴുത്ത് തുടങ്ങിയ ഭാഷകളിൽ മധ്യകാലഘട്ടത്തിലെയും അതിനുശേഷവുമുള്ള ലിപികളാണ് പാലക്കാടുജില്ലയിലും കേന്ദ്രീകരിച്ചിരിക്കുന്നത്. സാംസ്കാരിക വ്യാപനത്തിന്റെ ഭാഗമായാണ് ഈ ലിപികളുടെ വിന്യാസമെന്നു പറയാം. കരിങ്കൽ സ്ലാബുകൾ, വീരക്കല്ലുകൾ, പാറയുടെ ഉപരിതലം, റോക്ക് ഷെൽട്ടറുകളുടെയും ഗുഹകളുടെയും ഉപരിതലങ്ങൾ എന്നിവിടങ്ങളിലാണ് പൊതുവേ ശിലാലിഖിതങ്ങൾ ആലേഖനംചെയ്യപ്പെട്ടിട്ടുള്ളത്. കരിങ്കൽസ്ലാബുകൾ, വീരക്കല്ലുകൾ, ക്ഷേത്ര അധിഷ്ഠാനങ്ങൾ, ക്ഷേത്രമതിലുകൾ, ചുമരുകൾ എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയ ലിപികളാണ് ഇവിടെനിന്ന് കണ്ടെത്തിയിട്ടുള്ളത്. ചെമ്പുതകിടുകൾ, പനയോലകൾ എന്നിവയിൽ രേഖപ്പെടുത്തിയ വട്ടെഴുത്തിലും കോലെഴുത്തിലുമുള്ള ലിപികളും ധാരാളമായി കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നു.

ദക്ഷിണേന്ത്യയിൽനിന്ന് ലഭ്യമായിട്ടുള്ള ഭൂരിഭാഗം ലിഖിതങ്ങളുടെയും ഭാഷ തമിഴാണ്. ഇന്ത്യയിൽ ഇതുവരെയായി വിവിധ ഭാഷകളിലായി അറുപതിനായിരത്തിലധികം ശിലാലിഖിതങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ദക്ഷിണേന്ത്യയിലെ പ്രബല പ്രാചീന രാജവംശങ്ങളായിരുന്ന ചേര, ചോള, പല്ലവ, പാണ്ഡ്യ, ചാലുക്യ രാജവംശങ്ങളുടെയൊക്കെ വംശാവലികളും അധിനിവേശങ്ങളും ഉൾക്കൊള്ളുന്ന ചരിത്രം വിശകലന വിധേയമാക്കിയിട്ടുള്ളത് ശിലാശാസനങ്ങളിലൂടെയാണ്.

ഭാഷ പാലിയും, ലിപി ബ്രാഹ്മിയുമായ അശോകശിലാശാസനങ്ങൾ ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ഗുഹാതല



ങ്ങളിലും മഹാശിലായുഗകാലത്തെ കളിമൺപാത്രങ്ങളിൽനിന്നും ബ്രാഹ്മിലിപി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടക്കേ ഇന്ത്യയിലെ ബ്രാഹ്മിലിഖിതങ്ങളിൽനിന്ന് അൽപം വ്യത്യസ്തമായി, ലിപി ബ്രാഹ്മിയിലും ഭാഷ തമിഴിലുമുള്ള ദ്രാവിഡ ബ്രാഹ്മിലിപിയാണ് ദക്ഷിണേന്ത്യൻ ലിഖിതങ്ങളിലുള്ളത്.


എ.ഡി.ഒന്നാം നൂററാണ്ടിനുശേഷം ദക്ഷിണേന്ത്യയിൽ ബ്രാഹ്മി ലിപിയിൽ ക്രമേണ വന്ന രൂപമാറ്റമാണ് കരിങ്കല്ലിലും മററും ആലേഖനം ചെയ്തിട്ടുള്ള വട്ടെഴുത്തുലിപിയും തമിഴ്ലിപിയും പ്രചാരത്തിൽ വരാനിടയായ സാഹചര്യം. അതുകൊണ്ടുതന്നെ മൂന്നാം നൂററാണ്ടിനുശേഷം പ്രാകൃത ബ്രാഹ്മിഭാഷയിൽനിന്നാണ് ഗ്രന്ഥ, വട്ടെഴുത്ത്, തമിഴ്ലിപികൾ തുടങ്ങിയവ ഉത്ഭവിച്ചിട്ടുള്ളതെന്നു കാണാം. ദക്ഷിണേന്ത്യയിലെ പ്രബല രാജവംശമായിരുന്ന പല്ലവരുടെ ലിഖിതങ്ങൾ ഉൾക്കൊള്ളുന്ന ചെപ്പേടുകളിൽ തമിഴും സംസ്കൃതവും കൂടിക്കലർന്ന ലിപികൾ ആറാം നൂററാണ്ടിനുശേഷമാണ് കണ്ടെത്തിയിട്ടുള്ളത്.

കേരളമുൾക്കൊള്ളുന്ന തമിഴകത്ത് എട്ടാംനൂററാണ്ടുമുതൽ പതിനാറാം നൂററാണ്ടുവരെയാണ് വട്ടെഴുത്ത് നിലനിന്നിരുന്നത്. ഇവിടെനിന്നും കണ്ടെടുത്ത പല ലിഖിതങ്ങളിലും ലിപി വട്ടെഴുത്തും ഭാഷ തമിഴുമാണ്. മധ്യകാലഘട്ടത്തിലെ ചേര, ചോള, പാണ്ഡ്യ രാജവംശങ്ങളുടെ അധിനിവേശ ചരിത്രം ശാസ്ത്രീയമായി തെളിയിക്കാൻ കഴിഞ്ഞിട്ടുള്ളത് പ്രധാനമായും വട്ടെഴുത്ത്, തമിഴ്, എന്നീ ലിഖിതങ്ങളിൽ നിന്നാണ്. കൂർത്തുമൂർത്ത ആയുധങ്ങൾകൊണ്ട് വെട്ടിയെടുത്ത് അക്ഷരങ്ങൾ പ്രതിഫലിപ്പിച്ചിരുന്നതിന്റെ പ്രതീകമായാണ് വട്ടെഴുത്ത് ലിപി എന്ന പ്രചാരം ലഭിച്ചത്.

വട്ടെഴുത്തിന്റെ രൂപഭേദമാണ് ക്രമേണ താളിയോലകളിലും മറ്റും കണ്ടുവരുന്ന കോലെഴുത്ത് ലിപി. പല്ലവ രാജ്യത്തിന്റെയും സംസ്കൃതഭാഷയുടെയും പ്രചാരത്തിലൂടെയാണ് ഗ്രന്ഥലിപി തെക്കേ ഇന്ത്യയിൽ വ്യാപിച്ചത്. കേരളത്തിലും ഇതിന്റെ പ്രതിഫലനം കാണാം.

കേരളത്തിൽ നിരവധി ശിലാലിഖിതങ്ങൾ പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിലുള്ള അന്വേഷണത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇളംകുളം കുഞ്ഞൻപിള്ള, എ.ശ്രീധരമേനോൻ, എം.ജി.എസ്.നാരായണൻ, എം.ആർ. രാഘവവാര്യർ തുടങ്ങിയ ചരിത്രപഠിതാക്കൾ കേരളത്തിലെ വട്ടെഴുത്തുലിപിയെ വിശകലനംചെയ്തും വായിച്ചെടുത്തും കേരളചരിത്രരചനയ്ക്ക് പുത്തൻ ദിശാബോധം നൽകി. ഈ ലേഖകൻ കണ്ടെത്തിയ ലിപികളെല്ലാം വായിച്ചെടുത്തത് ഡോ. എം.ആർ.രാഘവവാര്യരും ഡോ. എം.ജി.എസ്.നാരായണനുമാണ്. (പക്ഷേ, ഇവിടെനിന്നു കണ്ടെത്തിയ പ്രാചീന തമിഴിലുള്ള രണ്ടു ലിപികൾ ഇതുവരെയും വായിച്ചെടുത്തിട്ടില്ല. പലതും ഭാഗികമായി മാത്രമേ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളു എന്ന പരിമിതിയുമുണ്ട്).

എട്ടു മുതൽ പന്ത്രണ്ടാം നൂററാണ്ടുവരെ നിലനിന്നിരുന്ന ചേര-ചോള-പാണ്ഡ്യനാടുകളിലെ



ശിലാലിഖിതങ്ങൾ വിശകലനം ചെയ്താണ് കേരളത്തിന്റെ പ്രാചീനരാജവംശത്തിന്റെ ചരിത്രം ഉരുത്തിരിച്ചെടുത്തിട്ടുള്ളത്. ഓരോ ചേരരാജാവും വിവിധ ശിലാശാസനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നതാണ് ഏറെ ശ്രദ്ധേയം. ഉദാഹരണമായി ചേരചക്രവർത്തിയായിരുന്ന ഭാസ്കരരവിയുടെ പേരിൽ പാലക്കാട് ജില്ലയിലെ പുതുക്കോട്, നെടുംപുറയൂർനാട് എന്നിവയുൾപ്പെടെ ഇരുപത്താറോളം കേന്ദ്രങ്ങളിൽനിന്ന് ശിലാലിഖിതങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ശിലാലിഖിതങ്ങളിൽ പരാമർശിക്കുന്ന നാട്ടുടയ (നാടിന്റെ ഉടമസ്ഥൻ), ഭൂമിപതി (ഭൂപ്രദേശത്തിന്റെ അധിപൻ) തുടങ്ങിയ പദങ്ങൾ പ്രസ്തുത രാജാക്കൻമാരുടെ സ്വതന്ത്രപദവിയെയാണ് സൂചിപ്പിക്കുന്നത്.

പാലക്കാടുജില്ലയിൽനിന്ന് അടുത്ത കാലത്തായി കണ്ടെത്തിയിട്ടുള്ള ശിലാലിഖിതങ്ങൾ മിക്കതും ചേരകാലഘട്ടത്തെയും അതിനു ശേഷവുമുള്ള ലിഖിതങ്ങളാണ്. വട്ടെഴുത്തിനു പുറമെ ഗ്രന്ഥ, പ്രാചീന തമിഴ്, തെലുങ്ക്, മലയാളം ലിപികളുള്ള ലിഖിതങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ഇവയുടെ സംഗ്രഹം താഴെ പറയുന്നവയാണ്.

**1. കൊമ്പങ്കാട് ശിലാലിഖിതം**

കൊല്ലങ്കോട്ടുനിന്ന് ഏകദേശം രണ്ടു കിലോമീററർ തെക്കുപടിഞ്ഞാറു മാറി കാച്ചാങ്കുറിശി ക്ഷേത്രത്തിനു സമീപം തകർന്നടിഞ്ഞുകിടക്കുന്ന ഹരിഹരക്ഷേത്രത്തിനു സമീപത്തായാണ് വട്ടെഴുത്തിലുള്ള ശിലാലിഖിതങ്ങൾ ഈ ലേഖകൻ കണ്ടെത്തിയത്. ഏകദേശം 0.55 മീററർ നീളവും 0.35 മീററർ വീതിയുമുള്ള രണ്ടു ശിലാഫലകങ്ങളിലാണ് ലിഖിതം ആലേഖനം ചെയ്തിട്ടുള്ളത്. ലിപികളുടെ നഷ്ടപ്പെട്ട ഭാഗം കണ്ടുകിട്ടിയിട്ടില്ല. രണ്ടു ശിലാഫലകങ്ങളുടെയും ലിഖിതങ്ങളോടുകൂടിയ പൊട്ടിയ കീഴ്ഭാഗം പരിസരത്തുതന്നെ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഇരുപത്തിയൊമ്പത് വരികളിലായി ആലേഖനം ചെയ്തിട്ടുള്ള വട്ടെഴുത്ത് ലിപിയുടെ ഓരോ വരിയുടെയും താഴെ അടിവരയിട്ട രീതിയിലും അല്ലാതെയുമാണ് കാണപ്പെടുന്നത്. ഡോ.എം.ആർ.രാഘവവാര്യരാണ് ഭാഗികമായി ലിപി വായിച്ചെടുത്തത്.

*ശാസന പാഠം ആദ്യശിലാഫലകം*

1. സ്വസ്തി ശ്രീ. 2. കൊ..... 8.നുക്ക് തണ്ടം,.........തരു......രു........ 10. ........... ......... പിഴച്ച 11...............ക്കുതണ്ടമു...... ...... 12. തിട്ട................13. യമവാര മൂഴിക്കുളത്ത് 14. ചെവത്തെ പിഴതോറും (ആവതും) 15. യേഴുവാരു വെള്ളാരുമ് 16. ത്തുകൊടുത്താര്...... വടവ്

*ശാസന പാഠം രണ്ടാമത്തെ ശിലാഫലകം*

2. വിളക്ക്...... 3......പ്ലീയൈ വീഴുന്നു... ... 3. മുതലായുചേലു 4.രണ്ടുമുട്ട്..... 5.ന..... തു.... മു വിടക്കടവാരു......

ആദ്യസ്ലാബിന്റെ പിറകുവശത്തുള്ള ആലേഖനത്തിൽ എട്ടു വരികളാണുള്ളത്. ഈ വരികൾ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ മറ്റു ഭാഗങ്ങളിൽനിന്ന് ലഭിച്ചിട്ടുള്ള



വട്ടെഴുത്തുലിപികളിൽ സൂചിപ്പിച്ചിട്ടുള്ള മൂഴിക്കുളം കച്ചത്തെക്കുറിച്ചുള്ള പരാമർശം ഇവിടെനിന്നു കണ്ടെത്തിയ ലിപിയിലും ഉണ്ട്. വട്ടെഴുത്തുലിപിയുടെ രചനാശൈലിയും പ്രത്യേകതയും ഇതൊരു ഉടമ്പടിയെ സംബന്ധിച്ച ലിപിയാണെന്ന് സൂചന നൽകുന്നുണ്ട്. എ.ഡി.830-നും 1124-നും മദ്ധ്യേ നിലനിന്നിരുന്ന മാകോതെപുരത്തെ ചേരരാജവംശാവലിയുമായി ബന്ധപ്പെട്ട ലിപിയോടാണ് ഇതിനുള്ള ബന്ധം.

ചിററൂർ താലൂക്കിലെ കല്ലുകുട്ടിയാലിൽനിന്ന് കണ്ടെടുത്ത ശിലാലിഖിതത്തിലും മൂഴിക്കുളം കച്ചത്തെക്കുറിച്ച് പരാമർശമുണ്ട്.

**2. പുലിക്കോട് അയ്യപ്പൻകാവ് ശിലാലിഖിതം**

പ്രാചീന വേങ്കൈനാടിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കൊല്ലങ്കോട്, പുലിക്കോട് അയ്യപ്പൻകാവിൽ ചതുരാകൃതിയിലുള്ള ഒരു ദീപസ്തംഭത്തിലാണ് പ്രാചീന ലിപിയിൽ തമിഴ്, തെലുങ്ക് ലിപികളോടുകൂടിയ ശിലാലിഖിതം കണ്ടെത്തിയിട്ടുള്ളത്. ദീപസ്തംഭത്തിൽ ഒരു കൂജയുടെ ചിത്രത്തോടൊപ്പം മറ്റു രണ്ടു ഭാഗത്തുകൂടി ലിപികൾ ദൃശ്യമാണ്. ഒരു ഭക്തന്റെയും ചിത്രം കൊത്തിവച്ചിട്ടുണ്ട്. ലിപി വായിച്ചെടുത്തിട്ടില്ല. ഒരു ഭാഗത്തെ ലിഖിതത്തോടൊപ്പം ഒരു കൂജയുടെ ചിത്രവും കൊത്തിവച്ചിട്ടുണ്ട്. ഇതിനോടു സാദൃശ്യമുള്ള ഒരു കൂജാപാത്രത്തിന്റെ ചിത്രം മധ്യാരണം ശിവക്ഷേത്രത്തിലെ ശംഖുചക്രപാറയിൽ കൊത്തിവച്ചിട്ടുണ്ട്. കൊല്ലങ്കോട് രാജവംശം വിവിധ കാലങ്ങളിൽ പുലിക്കോട്, വേങ്കൈനാട്, വേങ്കടനാട്, വെൺകുണ്ടറനാട്, വെങ്കിനാട്, വേങ്ങനാട് എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. തമിഴിൽ വേങ്കൈ എന്നാൽ പുലി എന്നാണർത്ഥം. ലിഖിതം കാണപ്പെടുന്ന കരിങ്കല്ലിൽ രൂപകൽപനചെയ്ത പുലിക്കോട് ക്ഷേത്രനിർമ്മാണകല മറ്റു ക്ഷേത്രങ്ങളിൽനിന്ന് വ്യത്യസ്തമാണ്.

**3. തേനാരി മധ്യാരണ്യം ശിലാശാസനം**

ചിറ്റൂർ താലൂക്കിലെ എലപ്പുള്ളി പഞ്ചായത്തിൽ തേനാരിയിൽ അടുത്ത കാലത്ത് പുനരുദ്ധാരണം ചെയ്ത മധ്യാരണം ശിവക്ഷേത്രത്തിൽ ഗായത്രിശിലയിലാണ് എ.ഡി.പത്ത്-പതിനൊന്ന് നൂറ്റാണ്ടിലേതെന്നു കരുതപ്പെടുന്ന വട്ടെഴുത്തിലുള്ള ശിലാലിഖിതത്തിന്റെ ഒരു ഭാഗം കണ്ടെത്തിയിട്ടുള്ളത്. 1.86 മീറ്റർ നീളത്തിലും 0.40 മീറ്റർ വീതിയിലുമുള്ള ഗായത്രിശിലയുടെ ലിഖിതഭാഗത്തിന്റെ പകുതിഭാഗം നഷ്ടപ്പെട്ടിട്ടുണ്ട്. ലിപികൾ ദ്രവിച്ചുപോയ സ്ഥിതിയിലാണ്. ചേരകാലഘട്ടത്തെ ശിലാശാസനമാണിത്. പ്രാചീന വേങ്കൈനാട് രാജവംശവുമായി ബന്ധമുള്ള പ്രദേശമാണിത്. മധ്യാരണ്യത്തെക്കുറിച്ച് കശ്യപക്ഷേത്രമാഹാത്മ്യത്തിൽ പരാമർശമുണ്ട്. ചതുരാകൃതിയിലും വൃത്താ കൃതിയിലുമുള്ള ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠകൾ ശിവനും മുരുകനുമാണ്. പരശുരാമൻ പ്രതിഷ്ഠിച്ച നൂറ്റിയെട്ട് ശിവക്ഷേത്രങ്ങളിൽ അമ്പത്തിനാലാമത്തേതാണ് ഈ ക്ഷേത്രമെന്നു പറയപ്പെടുന്നു.

**4.പല്ലാവൂർ ശിലാലിഖിതം**

കൊല്ലങ്കോട് പുലിക്കോട് അയ്യപ്പൻകാവിൽ നിന്ന് ഏകദേശം ഏഴു കിലോമീറ്റർ പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന പല്ലാവൂർ ശിവക്ഷേത്രത്തിന്റെ ചുറ്റുമതിലിലാണ് പഴക്കം ചെന്ന തമിഴ്-മലയാളം ലിപിയിലുള്ള ശിലാ ശാസനം ഈ ലേഖകൻ കണ്ടെത്തിയത്. പതിനേഴാം നൂറ്റാണ്ടിലേതെന്നു സ്ഥിരീകരിച്ച ലിഖിതത്തിലെ വാചകം താഴെ കൊടുക്കുന്നു:

"ആയിരത്തി ഇരുപത്തഞ്ചാമതു മേടം ഇരുപതാം തീയതി തുടങ്ങി വിരിശ്ചികം മൂന്നാം തീയതി ഉത്രം നക്ഷത്രം മണീക്കരതമ്പുരാൻ വന്നു പുത്തൻക്കാട്ടു ചെങ്ങര അയ്യർ പണി ചെയ്യിച്ചു."

ക്ഷേത്രത്തിന്റെ ചുറ്റുമതിൽ പുത്തൻകാട്ടിൽ ചെങ്ങര അയ്യരുടെ നിർദ്ദേശാനുസരണം പുത്തൻകാട്ടിൽ

ചെങ്ങര അയ്യർ മേടം ഇരുപത്തിയഞ്ചിന് പണി ആരംഭിച്ച് വൃശ്ചികം മൂന്നാം തീയതി വരെ പണിചെയ്തു എന്നതാണ് ഈ ലിപിയുടെ സാരംശം. ഡോ. എം.ജി.എസ്.നാരായണനാണ് ലിപി വായിച്ചത്. തകർക്കപ്പെട്ടിരുന്ന പല്ലാവൂർ ശിവക്ഷേത്രം ഭാഗികമായി പുനരുദ്ധാരണം ചെയ്യപ്പെട്ട നിലയിലാണ്.

**5. തൃപ്പല്ലാവൂർ ചുമർച്ചിത്രവും ലിഖിതവും**

ആലത്തൂർ താലൂക്കിൽ എരിമയൂർ പഞ്ചായത്തിലെ തൃപ്പല്ലാവൂർ ശിവക്ഷേത്രത്തിന്റെ ഊട്ടുപുരയ്ക്കകത്താണ് ചുമർച്ചിത്രവും അവയുടെ വിവരണവും ഉൾകൊള്ളുന്ന ലിപികൾ ഉള്ളത്. മലയാളം കൊല്ലവർഷം 1021 ഇടവം രണ്ടാം തീയതി എഴുതിയതാണ് ഈ ലിപികളെന്ന് ഇത് വായിച്ച ഡോ.രാഘവവാരിയർ പറഞ്ഞു. നൂറോളം വരികളിൽ ചിത്രത്തിന്റെ വിവരണം പ്രാചീനമലയാളലിപിയിൽ എഴുതിയിട്ടുണ്ട്: "1021 ഇടവം 2-ാം തീയതി ചതുർത്ഥിമൂലം ഈ ദിവസം എഴുതിയ പ്രകാരം തൃപ്പാദേശ്വരം പിഴയ്ക്കുന്നെങ്കിൽ പിഴക്കാം. ഇക്കണ്ട ചിത്രം ഒക്കെയും കാവശ്ശേരി വാസുവക കണക്കാണ്."

**6. പൂമുള്ളിമന തളിക്ഷേത്രം ശിലാശാസനം**

കൊല്ലങ്കോട് പുലിക്കോട് അയ്യപ്പൻകാവിൽനിന്ന് പന്ത്രണ്ടു കി.മി വടക്ക് മാറി പെരുവെമ്പ് പൂമുള്ളിമന തളിക്ഷേത്രത്തിലെ വൃത്തകുമുദത്തിൽ പത്ത്-പതിനൊന്നാം നൂറ്റാണ്ടിലേതെന്നു കരുതപ്പെടുന്ന ശിലാലിഖിതം ഉണ്ട്. ഇതിലെ ലിപി വട്ടെഴുത്തും ഭാഷ തമിഴുമാണ്. 118 സെ.മി. നീളവും 15.24 വീതിയിലുമായി നാല് വരികളിലാണ് ലിഖിതം കൊത്തിവച്ചിട്ടുള്ളത്. അക്ഷരങ്ങൾ പലതും ദ്രവിച്ചുപോയിട്ടുണ്ട്.


*ശാസനപാഠം*

1. ........മ്പത്ത് മുക്കാൽ വട്ടത്തിരുന്ത്. .....തെന്റട.....അ..നാടുടയ
2. കടവിയൻ ഉൾപ്പങ്ങ് തിരുവാരാതിനൈ തമും അരികൊറ്റും
3. മും വിടും.. വിരുത്തിയും ചർവ്വത്തി...മിക്ക
4. ......ത്തു..ടു കൊടക്കടവൻ....രെയും ര് ഊരെയും പിഴച്ച്


ചേരകാലഘട്ടത്തെ ഈ ശിലാസനം പൂർണ്ണമായി വായിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടുത്തെ രാജാവ്/കോവിലധികാരി ആ പ്രദേശത്തെ ജനങ്ങൾക്ക് വേമ്പത്ത് ഇരുന്ന്, വിരുത്തി നിലവുമായി ബന്ധപ്പെട്ട് നൽകിയ ശാസനമാണിത്. ചതുരാകൃതിയിലുള്ള വേമ്പത്ത് മഹാശിവക്ഷേത്രം മുന്നൂറു മീറ്റർ വടക്കുമാറി ചേരൻപൊറ്റയ്ക്കു സമീപം സ്ഥിതിചെയ്യുന്നു.

ദാനഭൂമി എന്ന് അറിയപ്പെടുന്ന 'വിരുത്തി' എന്ന പ്രയോഗം മധ്യകാലഘട്ടം മുതൽ പ്രചാരത്തിലുണ്ട്. പതിനാല് കി.മി തെക്കുമാറി നെൻമേനിയിലെ തെൻമലതാഴ്വരയിൽ വിരുത്തി എന്ന സ്ഥലം ഇപ്പോഴും ചരിത്രസ്മരണകളോടെ നിലകൊള്ളുന്നുണ്ട്. ലിഖിതത്തിൽ തുടക്കവും കാലനിർണ്ണയവുമില്ലെങ്കിലും അക്ഷരങ്ങളുടെ പ്രത്യേകതകൾ വിശകലനംചെയ്താണ് കാലനിർണ്ണയം നടത്തിയിട്ടുള്ളത്.

**7. മരുതലപ്പറമ്പ് ശിലാലിഖിതം**



പെരുവെമ്പ് പൂമുള്ളിമന തളിക്ഷേത്രത്തിൽനിന്ന് മുന്നൂറ് മീറ്റർ കിഴക്ക് തകർന്നടിഞ്ഞുകിടക്കുന്ന ക്ഷേത്രാങ്കണത്തിന്റെ തെക്കുകിഴക്കു മൂലയിലാണ് വഞ്ചിയൂർഗണവുമായി ബന്ധമുണ്ടെന്നു കരുതപ്പെടുന്ന ശിലാലിഖിതഫലകം ഉള്ളത്. ശിലാഫലകത്തിന്റെ ഇരുപുറത്തും വട്ടെഴുത്തിൽ ലിഖിതം രേഖപ്പെടുത്തിയിരിക്കുന്നു. ഇരുഭാഗത്തുമുള്ള അക്ഷരങ്ങൾ മിക്കതും വായിച്ചെടുക്കാൻ കഴിയാത്തവിധം ദ്രവിച്ചുപോയിരിക്കുന്നു. ശിലാലിഖിത ഫലകത്തിന് 1.40 മീററർ നീളവും 1.15 മീററർ വീതിയും 10 സെ.മീ.കനവുമുണ്ട്. ശിലാലിഖിതത്തിന്റെ മുകൾഭാഗത്ത് അഞ്ച് ചിത്രങ്ങൾ കൊത്തിവച്ചിട്ടുണ്ട്. മധ്യത്തിൽ ശൂലം, ശൂലത്തിന്റെ ഇരുവശത്തും നിലവിളക്ക്, നിലവിളക്കിന്റെ വലതുഭാഗത്ത് കുതിര, ശൂല



ത്തിന്റെയും നിലവിളക്കിന്റെയും നടുക്ക് കമണ്ഡലു, ഇടതുവശത്ത് പൂർണ്ണകുംഭം എന്നിവയുണ്ട്. വഞ്ചിയൂർഗണവുമായും ജൈന-ബുദ്ധ മതങ്ങളുമായും ശിലാലിഖിതത്തിനു ബന്ധമുണ്ടെന്നു കരുതുന്നു. ശിലാലിഖിതത്തിന്റെ കൃത്യമായ കാലനിർണ്ണയം സാധ്യമല്ല. എ.ഡി.ഒമ്പത്-പത്ത് നൂററാണ്ടിനു മുമ്പുള്ള ശിലാലിഖിതമാണിത് എന്നു കരുതുന്നു. ശിലാഫലകത്തിലെ ചില വരികൾ എം.ജി.എസ്.നാരായണനും എം.ആർ.രാഘവവാര്യരും വായിച്ചെടുത്തിട്ടുണ്ട്.

*ശാസന പാഠം*

"തിരുക്കോവിൽ അമൈച്ചാൻ.. ചന്ദിരാദിത്തവൻ... കൈയാന.. മത...യ പതിനെൻ ഭൂമി തിര ......ആയിരത്തി അഞ്ഞൂററുവർ...വളഞ്ചിയർ... രാജേന്ദ്രചോള..... ചെട്ടി.......തൃക്കോവിൽ അമൈച്ചർ......"

ചോളരാജാവായ രാജേന്ദ്രചോളന്റെ നാമം ഈ ശിലാലിഖിതത്തിൽ പരാമർശിക്കുന്നതിനാൽ പതിനൊന്നാം നൂററാണ്ടിലെ ശിലാലിഖിതമാണിതെന്ന് ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു. പ്രാചീന വാണിജ്യ കേന്ദ്രമെന്ന നിലയിലുള്ള പരാമർശങ്ങളും ലിപിയിലുണ്ട്.

**8. കല്ലുകുട്ടിയാൽ ശിലാശാസനം**

കൊല്ലങ്കോടുനിന്ന് ഇരുപത് കി.മീ.വടക്കുകിഴക്ക് മാറി പൊൽപ്പുള്ളി പഞ്ചായത്തിൽ പനയൂർ അത്തിക്കോടിനുസമീപം കല്ലുകുട്ടിയാലിലുള്ള തകർന്നടിഞ്ഞുകിടക്കുന്ന വൃത്താകൃതിയിലും ചതുരാകൃതിയിലുമുള്ള ക്ഷേത്രപരിസരത്ത് പ്രാചീന വട്ടെഴുത്തിലുള്ള ചേരശിലാശാസനം കാണാം. ഇവിടത്തെ പ്രതിഷ്ഠ ശിവനും വിഷ്ണുവുമാണ്. ആദിചേരരാജാവും കൽപ്പള്ളിയിലെ ഭരണാധികാരിയുമായ ചേന്ദൻ കുന്റൻ കൽപ്പള്ളി തേവർക്ക് വിളക്ക് ദാനം ചെയ്തതു സംബന്ധിച്ച വിവരങ്ങളാണ് ലിഖിതത്തിലുള്ളത്. പ്രാചീന വട്ടെഴുത്തു ലിപി യിൽ രേഖപ്പെടുത്തിയിട്ടുള്ള ലിഖിതം നല്ലനിലയിൽ കാണപ്പെടുന്നു. എഴുപത്തിമൂന്ന് സെ.മീ.നീളവും നാൽപത്തിയാറ് സെ.മീ.വീതിയിലുമുള്ള ശിലാഫലകത്തിൽ പതിനേഴ് വരികളിൽ വട്ടെഴുത്തിൽ ലിപി കൊത്തിവച്ചിട്ടുണ്ട്. രാഘവവാര്യർ ലിഖിതം വായിച്ചു.

*ശാസനപാഠം*

1. കല്പള്ളി
2. സ്വസ്തി ശ്രീ(വാഴുമ്) ചെ
3. ന്തൻ കുന്ററ് കല്പള്ളി
4. ത് തെവരകകു
5. പൊന് പെയ്താൽ നന്താ വി
6. എക്കിന് കുളപടി പൊൻ ചിൻ
7. ൽ ഒരാണ്ടു തിരുവിള കകു
8. ചെലുതത കു കടവര നാടടാരുമ്
9. തതിരടടുവാൻ പതിനെ
10. കഴഞ്ച ചുപൊന് വെറുമെ
11. ചെലുതത്തു വിൻ ചെ
12. ന് തന് കുന്ററ് വിള കകു ഉ
13. തിരുവിമൂട് ടാമൈ കണ്ട്ടു
14. ചെലുതതുവാര തനൈയ്ത
15. പലമാകും
16. ഉവൈ തടുപ്പാര മുഴി
17. (കക) ള തതു ഒഴുക്ക കവിത തന്

സാരം

"കൽപ്പള്ളിയിലെ ഭരണാധികാരി ചേന്ദൻ കുന്റൻ കൽപ്പള്ളിത്തേവർക്ക്

നിത്യവിളക്ക് തെളിക്കുന്നതിനായി ദാനം ചെയ്തതു സംബന്ധിച്ചാണ് ഈ ശിലാശാസനം. അദ്ദേഹം പത്ത് കഴഞ്ച് സ്വർണ്ണം ഈ നിലവിളക്ക് മുടക്കം കൂടാതെ കത്തിക്കാനായി ദാനംചെയ്തു. ഈ അജ്ഞതയ്ക്കു തടസ്സം നിൽക്കുന്നവർ മഹാപാപം ചെയ്ത മഹാ പാതകിയായി മൂഴിക്കുളം നിയമാവലിക്ക് വിരുദ്ധരെന്ന് കണക്കാക്കുന്നത്."

ലിഖിതം വായിച്ച രാഘവവാര്യരുടെ അഭിപ്രായത്തിൽ, മൂഴിക്കുളത്തെക്കുറിച്ചുള്ള പരാമർശം ഈ ശിലാശാസനത്തെ ചേരകാലഘട്ടത്തേക്ക് കൊണ്ടുപോകുന്നു. ചേരകാലത്ത് മൂഴിക്കുളം പെരുമാറ്റസംഹിത കേരള ബ്രാഹ്മണർ പൊതുവായി അംഗീകരിച്ച വസ്തുതയാണ്. ശിലാലിഖിതത്തിലെ അക്ഷരങ്ങൾ എട്ടാം നൂററാണ്ടിനു മുമ്പുള്ള ശിലാശാസനമാണിതെന്നു കാണിക്കുന്നു. ലിഖിതത്തിൽ നൽകിയ സൂചനപ്രകാരം ചേന്ദൻ കുൻറന്റെ കാലനിർണ്ണയം അത്രത്തോളം എളുപ്പമല്ല. ചേന്ദൻ കുൻറന്റെ പേര് ചേരവംശാവലിയിലോ സാമന്തരാജാക്കൻമാരുടെ പട്ടികയിലോ വരുന്നില്ല. ചേന്ദൻ കുൻറന്റെ സ്ഥലം കൽപ്പള്ളി എന്ന പേരിലാണ് കൊടുത്തിട്ടുള്ളത്. ഈ ശിലാലിഖിതം കണ്ടെത്തിയ സ്ഥാനത്തുനിന്ന് അടുത്ത് കല്ലേപ്പുള്ളി സ്ഥിതിചെയ്യുന്നു എന്നതിനാൽ അതിനുള്ള സാധ്യത കാണുന്നുണ്ട്. കൃത്യമായി കാലനിർണ്ണയം സാധ്യമായില്ലെങ്കിലും എട്ടാം നൂററാണ്ടിനു മുമ്പിലേതാണ് ലിഖിതമെന്ന് കരുതപ്പെടുന്നു.

മുപ്പതു കി.മീററർ കിഴക്കുമാറി രാമനാഥപുരത്തിന് സമീപം പുലാകുറിച്ചിയിൽനിന്ന് ചേന്ദൻ കുൻറന്റെ പരാമർശമുള്ള മററൊരു ശിലാശാസനം കണ്ടെത്തിയിട്ടുണ്ട്. എ.ഡി.ഒന്നോ രണ്ടോ നൂററാണ്ടിലേതാണ് ഈ ശിലാശാസനമെന്നു കരുതപ്പെടുന്നു. ഗംഗാകുടുംബത്തിലെ പിൻഗാമിയാണ് ചേന്ദൻ കുൻറൻ. ശൈവഭക്തിയുമായി ബന്ധപ്പെട്ട് പന്ത്രണ്ടാം നൂറ്റാണ്ടിൽ ചേന്ദൻകുൻറൻ പുരാണം നിലവിലുണ്ടായിരുന്നു.

**9. ശങ്കരൻകുടം ശിലാലിഖിതം**

കൊട്ടയംകാട് ശങ്കരൻകുടം ശിവക്ഷേത്രത്തിലെ ശ്രീകോവിലിന്റെ മുൻഭാഗത്ത് പതിച്ചിട്ടുള്ള കരിങ്കൽ ഫലകത്തിൽ വട്ടെഴുത്തിലുള്ള ശിലാലിഖിതം സ്ഥിതിചെയ്യുന്നു. ഒരു മീറ്റർ നീളവും 0.80 മീറ്റർ വീതിയുമുള്ള കരിങ്കൽ ഫലകത്തിലാണ്



ഒമ്പതു വരികളിലുള്ള ലിഖിതമുള്ളത്. രാഘവവാര്യർ ലിഖിതം വായിച്ചു.

*ശാസന പാഠം*

1. ശങ്കരൻ കോണോത്തു
2. തിരുമുറ
3. ചേകവരുടെ
4. പടിതുറപ്പ്
5. മേലേപ്പത്തിൽ
6. പൊന്നൻ
7. മിക്കയൻ
8. വിഥിനവ്യാഴത്തിൽ
9. പണിചെയ്യിച്ചു.

(സാരം: "വ്യാഴം മിഥുനരാശിയിൽ നിൽക്കുമ്പോൾ ശങ്കരൻ കോണോത്തുക്ഷേത്രത്തിന്റെ തിരുമുറ്റം മേലേപ്പത്തിൽ പൊന്നൻ മിക്കയൻ കരിങ്കൽ പണിചെയ്യിച്ചു". )

മേലേടത്ത് എന്ന വാചകത്തിന്റെ പ്രയോഗം രാജാധികാരം നിലനിൽക്കുന്ന സ്ഥലം എന്ന അർത്ഥത്തിലാണ്. ഇപ്പോൾ സാമൂതിരി കോവിലകത്തിന്റെ നിയന്ത്രണത്തിലാണ് ഈ ക്ഷേത്രം നിലനിൽക്കുന്നത്. മേലേടം എന്ന പ്രയോഗം രാജാക്കൻമാരുടെ ആസ്ഥാനമോ പ്രധാന വ്യക്തികൾ താമസിക്കുന്ന ഇടമോ ആണ്. തൊട്ടടുത്ത ഒരു ക്ഷേത്രം കീഴേടത്ത് ഭഗവതിയാണ്. പന്ത്രണ്ടാം നൂറ്റാണ്ടിനു ശേഷം എഴുതപ്പെട്ട ശിലാശാസനമാണിത്.

**10. കരിപ്പോട് ശിലാലിഖിതം**

പുതുനഗരം പഞ്ചായത്തിലെ കരിപ്പോട് ജങ്ഷനിൽനിന്ന് ഒരു കി.മീ കിഴക്കുമാറി തകർന്നുകിടക്കുന്ന ക്ഷേത്രത്തിന്റെ കുളവരമ്പിൽനിന്നാണ് വട്ടെഴുത്തുലിപിയിലുള്ള ഈ ശിലാലിഖിതം കണ്ടെത്തിയിട്ടുള്ളത്. നാല് അടി നീളവും മൂന്ന് അടി ഉയരവുമുള്ള ശിലാഫലകത്തിന്റെ ഇരു ഭാഗങ്ങളിലുമായാണ് ലിഖിതം ആലേഖനം ചെയ്തിട്ടുള്ളത്. ശിലാഫലകത്തിന്റെ ഒരു ഭാഗത്ത് പതിനൊന്നു വരികളും മറുഭാഗത്ത് മൂന്നു വരികളുമാണുള്ളത്. മൊത്തം പതിനാല് വരികൾ. കണ്ടനാരായണനും ഐക്കോയിൽ പൊതുവാളും ചേർന്നുകൊണ്ട് ക്ഷേത്ര നടത്തിപ്പിനായി പിരിവെടുക്കുന്നതുമായി ബന്ധപ്പെട്ട ശാസനമാണിത്. ഡോ.എം.ജി.എസ്.നാരായണൻ പ്രസ്തുത ലിഖിതം വായിച്ചിട്ടുണ്ട് ●

തുടരും

# പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

## വീരരവിവംശത്തിന്റെയും ചേരവംശത്തിന്റെയും ശാസ്ത്രീയ അടിത്തറ

പാലക്കാടുജില്ലയിൽനിന്ന് കണ്ടെത്തിയ ശിലാലിഖിതങ്ങൾക്ക് പ്രാചീന ചേരരാജവംശവുമായും നാട്ടുരാജ്യങ്ങളുമായും ബന്ധമുള്ളതിന് നിരവധി തെളിവുകളുണ്ടായിട്ടും അവയ്ക്ക് അർഹമായ പരിഗണനയും ചരിത്ര വ്യാഖ്യാനവും വിശകലനവും നൽകുന്നതിൽ നാം ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. സംഘകാലാനന്തര കൃതികളിലും സ്കന്ദപുരാണത്തിലും മററും പരാമർശമുള്ള വെൺകുണ്ട്റനാടിനെക്കുറിച്ചും നിരവധി ചരിത്ര സത്യങ്ങളും ഐതിഹ്യങ്ങളുമുള്ള വീരരവിവംശത്തിന്റെ ശാസ്ത്രീയ തെളിവുകൾ ധാരാളം ലഭ്യമായിട്ടും അവയെയും വേണ്ടവിധം വിശകലനവിധേയമാക്കിയിട്ടില്ല.

**കോവിലകം പറമ്പ് ശിലാലിഖിതം**

കൊല്ലങ്കോട്, നെൻമേനി കോവിലകംപറമ്പിൽ കൽമണ്ഡപത്തിനു സമീപമുള്ള മൂടപ്പെട്ടുകിടന്നിരുന്ന കരിങ്കൽ നിർമ്മിത കിണറിനകത്താണ് വട്ടെഴുത്തിലുള്ള എക്കൻകോമതിയുടെ ശിലാലിഖിതഫലകം കണ്ടെത്തിയത്. കരിങ്കല്ലുകൾകൊണ്ട് മൂടിയിട്ടുള്ള കിണറിനെപ്പറ്റി ഈ ലേഖകൻ നൽകിയ സൂചനയനുസരിച്ച് സംസ്ഥാന പുരാവസ്തു വകുപ്പ് ഉൽഖനനം നടത്തി ലിഖിതം പുറത്തെടുത്തു. എട്ടു വരികളിൽ എഴുതിയിട്ടുള്ള ഇതിലെ ലിപി വട്ടെഴുത്തും ഭാഷ തമിഴുമാണ്.

*ശിലാലിഖിതം*

വിരിച്ചിക വ്യാഴ ഞായം ഇടവ ഞായത്തിൽ വെൺകുണ്ട്റനാട് ഉടയ എക്കൻകോമതി കുത്തിച്ച കിണർ

*സാരം*

വൈകുണ്ട്റരാജ്യത്തെ അധിപനായ എക്കൻകോമതി നിർമ്മിച്ച കിണർ എന്നതാണ് ലിഖിതത്തിന്റെ സംഗ്രഹം. പ്രാചീന വെൺകുണ്ട്റനാടിനെക്കുറിച്ച് വ്യക്തമായ സൂചന ലഭിക്കുന്ന ലിഖിതമാണിത്. തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ മൂലസ്ഥാനത്തുനിന്നു ലഭിച്ച വെൺകുണ്ട്റനാട്ടിലെ വീരരവിയെക്കുറിച്ചുള്ള ശിലാലിഖിതത്തിലും, കോട്ടമ്പലത്തിനടുത്ത് നടുവൻചിറയിലെ തകർന്നടിഞ്ഞ തില്ലച്ചിദംബരംശിവക്ഷേത്രത്തിലെ ശിലാലിഖിതത്തിലും (സഹൃദയമാസിക 1919), ചിലപ്പതികാരത്തിലും വെൺകുണ്ട്റനാടിനെക്കുറിച്ച് പരാമർശമുണ്ട്. വീരരവിയെക്കുറിച്ച് വടക്കുംനാഥക്ഷേത്രത്തിലെ ശിലാലിഖിതത്തിലെന്നപോലെ കോവിലകം പറമ്പ് ശിലാലിഖിതത്തിൽ മററു രാജാക്കൻമാരുടെ പരാമർശങ്ങളില്ലാത്തതിനാൽ എക്കൻകോമതി ഒരു സാമന്തപദവിയുള്ള രാജാവല്ലെന്നും, സ്വതന്ത്രചുമതലയുള്ള വെൺകുണ്ട്റനാട്ടിലെ ഭരണാധികാരിയാണെന്നും കരുതാം. കൃത്യമായ കാലഗണന നൽകിയിട്ടില്ലാത്തതിനാൽ രചനാരീതിവച്ച് ഇത് പത്താം നൂററാണ്ടിലെ ശിലാലിഖിതമാണെന്നു കരുതാം.

**നടുവൻചിറ ശിലാലിഖിതം**

കൊല്ലങ്കോട് കോട്ടമ്പലത്തെ നടുവൻചിറയിലെ തകർക്കപ്പെട്ടുകിടക്കുന്ന തില്ലച്ചിദംബരം കോവിൽ



*കൊമ്പൻകാട് ലിഖിതം എം.ആർ.രാഘവ വാരിയർ പകർത്തുന്നു. ലേഖകൻ സമീപം.*

കൊല്ല വർഷം 60-ൽ (എ.ഡി. 885) വെൺകുണ്ട്റനാടിലെ ഒരു റാണി നിർമ്മിച്ചതു സംബന്ധിച്ച ഒരു വട്ടെഴുത്തു ലിപിയെക്കുറിച്ച് സഹൃദയ മാസിക 1906-ൽ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ ശൈവ വൈഷ്ണവ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നതിനു തുടക്കം കുറിച്ച കാലഘട്ടമാണത്. പരിപൂർണ്ണമായും തകർക്കപ്പെട്ട അഞ്ചോളം ക്ഷേത്ര അധിഷ്ഠാനങ്ങൾ ഈ പ്രദേശത്ത് ഉള്ളതിനാൽ ഉൽഖനനത്തിലൂടെ മാത്രമേ ശിലാലിഖിതം വീണ്ടെടുക്കാൻ കഴിയൂ.

### വീരൻ ഇരവി ശിലാലിഖിതം

പ്രാചീന കാലത്തെ സംഘാനന്തർകൃതികളിൽ പരാമർശമുള്ള വെൺകുണ്ട്റനാടിന്റെ ഭരണകേന്ദ്രമെന്നു കരുതപ്പെടുന്ന കൊല്ലങ്കോട് നെൻമേനി കോവിലകംപറമ്പിൽ നിന്ന് ഏകദേശം അറുപത്തിയഞ്ച് കി.മി. പടിഞ്ഞാറ് മാറി തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിന്റെ ശ്രീമൂലസ്ഥാനത്താണ് പാലക്കാടിലെ വെൺകുണ്ട്റനാടിനെയും വീരരവിയെയും കുറിച്ചുള്ള ശിലാസനമുള്ളത്. ഗ്രന്ഥലിപിയിലും തമിഴ് വട്ടെഴുത്തിലും, പരാമർശിക്കുന്ന ശിലാലിഖിതസംഗ്രഹം താഴെപ്പറയുന്നു.

*രേഖ-* ഒന്ന്

ഹരിസ്വസ്തി: ശ്രീമൂല സ്ഥാന<br>
മിഥം<br>
ശിവപുര നാഥസ്യ<br>
കലിതം ഉപാല വാരേഹി<br>
സിതശൈലഭൂമി പതിന<br>
രവി വീരാഖ്യേന ധധ്യേന.

*രേഖ-* രണ്ട്

വട്ടെഴുത്ത്<br>
വ്യാഴം ധനു ഞായറ്റിൽ<br>
വെൺകുണ്ട്റ നാട് ഉടയ<br>
ഇരവിവീരൻ ശ്രീമൂലസ്ഥാനം<br>
കരിങ്കൽ പണി ചേരി.........


*രേഖ-* മൂന്ന്

തമിഴ് ലിപി<br>
സർവ്വദാരി വർഷം മാർകാഴി<br>
മാതം ഇരുപതൈ....<br>
വെൺകുണ്ട്റ നാട് ഉടയ ഇരവി<br>
വീരൻ<br>
ശ്രീമൂലസ്ഥാനം.....

അർത്ഥം

1. ഹരിസ്വസ്തി- ശിവന്റെ ആലയമായ ഈ ശിലാസ്ഥാനത്തിനു വേണ്ട കരിങ്കല്ല് സിതശൈലഭൂവിന്റെ (വെൺകുണ്ട്റനാട്) അധിപനായ വീരരവി ദാനം ചെയ്തു.
2. വ്യാഴം ധനു ഞായറ്റിൽ വെൺകുണ്ട്റ നാട് ഉടയ വീരൻ ഇരവിയുടെ ആജ്ഞാനുസരണം പനയംചേരി ചെട്ടി കരിങ്കൽ പണി ചെയ്യിച്ചു.
3. സർവ്വദാരി വർഷം മാർകാഴി മാസം ഇരുപതാം തീയതി വെൺകുണ്ട്റ നാട് ഉടയ ഇരവിവീരൻ ശ്രീമൂലസ്ഥാനം പണിചെയ്യിച്ചു.

ലിഖിതത്തിലെ 'ഭൂമി പതിന', 'നാടുടയ' എന്നീ പരാമർശങ്ങൾ ലിഖിതത്തിന്റെ കാലപ്പഴക്കം സൂചിപ്പിക്കുന്നു. വെൺ കുണ്ട്റനാടുമായി ബന്ധപ്പെട്ട മൂന്നാമത്തെ ശിലാലിഖിതമാണിത്. ലിഖിതത്തിൽ പരാമർശിക്കുന്ന പനയം ചേരി എന്ന സ്ഥലം തെൻമല താഴ്വരയിലെ എലവഞ്ചേരി എന്ന സ്ഥലത്തിനു സമീപമാണുള്ളത്. എലവഞ്ചേരിയിൽ മഹാശിലായുഗ സ്മാരകങ്ങളുടെ വിപുലമായ കേന്ദ്രീകരണമുള്ള സ്ഥലത്തു തന്നെ വൃത്താകൃതിയിലുള്ള ശിവ



*ശങ്കരൻകുടം ശിലാലിഖിതം*

പ്രതിഷ്ഠയുള്ള ഒരു വടക്കുംനാഥ ക്ഷേത്രം സ്ഥിതിചെയ്യുന്നുണ്ട്. ഇവിടുത്തെ (വെൺകുണ്ടറ നാട്ടിലെ) വീരൻ ഇരവി(വീരരവി) തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ ശ്രീമൂലസ്ഥാനം നിർമ്മിക്കുന്നതിന് കരിങ്കൽ ദാനംചെയ്തതിന്റെ പ്രതീകമായാകാം ഈ ശിവക്ഷേത്രം പണിതത്. ചിലപ്പതികാരത്തിലും സ്കന്ദപുരാണത്തിലും നാടൻപാട്ടിലും മററും പരാമർശിക്കുന്ന വെൺകുണ്ടറനാടിന്റെയും വീരരവിയുടെയും ശാസ്ത്രീയാടിത്തറ ഈ ശിലാലിഖിതങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ യാഗങ്ങൾക്ക് ആവശ്യമായ സോമലത, കരിങ്ങാലി, ചമത, മാൻതോൽ എന്നിവ നൽകാനുള്ള യാഗാധികാരം വെൺകുണ്ടറനാട്ടിലെ വീരരവിക്ക് കൈവന്ന കേരളോൽപത്തിയിലെ പരാമർശത്തിന് ശാസ്ത്രീയ അടിത്തറ പകരുന്ന അനുബന്ധ തെളിവുകളും ഇവിടെ സമന്വയിച്ചിട്ടുണ്ട്.

**ലിഖിതങ്ങളുടെ വിശകലനം**

ഇവിടെ കണ്ടെത്തിയ ലിഖിതങ്ങളെല്ലാംതന്നെ പൂർണ്ണമായും തകർക്കപ്പെട്ടതും ഭാഗികമായി പുനരുദ്ധാരണം നടത്തിയതുമായ ക്ഷേത്രാധിഷ്ഠാനങ്ങളിലും ക്ഷേത്രത്തിന്റെ മുൻഭാഗത്തുനിന്നുമാണ് ലഭിച്ചിട്ടുള്ളത്. വെൺകുണ്ടറം, വിരുത്തി, കല്ലേപ്പിള്ളി, നെടുംപുറയൂർ, മേലേപ്പത്തിൽ, വേമ്പത്ത് തുടങ്ങിയ സ്ഥലനാമങ്ങളാണ് ശിലാലിഖിതത്തിലുള്ളത്. ഇതിൽ വിരുത്തി, കല്ലേപ്പിള്ളി തുടങ്ങിയ സ്ഥലനാമങ്ങൾ ഇപ്പോഴും അതിജീവിക്കുന്നുണ്ട്. വെൺകുണ്ടറനാട്, നെടുംപുറയൂർനാട് എന്നീ സ്ഥലനാമങ്ങൾ രാജവംശവുമായി ബന്ധപ്പെട്ടവയാണ്. ലഭിച്ചിട്ടുള്ള ശിലാലിഖിതങ്ങളിൽ മിക്കവയും കോവിൽഭരണത്തിന് സ്വർണ്ണമോ നിലമോ വിട്ടുകൊടുത്തത്, കരിങ്കൽ കിണർ നിർമ്മിച്ചത്, കച്ചവട ബന്ധം, രാജകൽപനകൾ എന്നിവ സൂചിപ്പിക്കുന്നവയാണ്. ചേന്ദൻ കുന്ററൻ, വീരൻ ഇരവി, എക്കൻ കോമതി തുടങ്ങിയ രാജാക്കൻമാർ ചേരാവംശാവലിയുമായി ബന്ധപ്പെട്ടതാണെന്നതിനാൽ നിലവിലുള്ള ചേരരാജാക്കൻമാരെക്കുറിച്ചുള്ള തരംതിരിവുകളും കാലഘടനയും പൂർണ്ണമായും കൃത്യതയാർന്നതല്ലെന്നു പറയാം.

കൊമ്പൻകാട്ടിൽനിന്നും കല്ലുട്ടിയാലിൽനിന്നും ലഭ്യമായ വട്ടെഴുത്തു ശിലാലിഖിതങ്ങളിൽ കേരളത്തിലെ മറ്റു സ്ഥലങ്ങളിൽനിന്നു കിട്ടിയതുപോലെ മൂഴിക്കുളംകച്ചത്തെക്കുറിച്ച് പരാമർശമുണ്ടെന്നത് ചരിത്രദൃഷ്ടിയിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. എന്നിരുന്നാലും, ചേരവംശാവലിയുമായി ബന്ധമുള്ള ചേന്ദൻകുന്ററനുള്ള അർഹമായ ചരിത്രസ്ഥാനം നാം വേണ്ടരീതിയിൽ നൽകിയിട്ടില്ല.

ചിലപ്പതികാരത്തിലും സ്കന്ദപുരാണത്തിലും പരാമർശമുള്ള, പ്രാചീന രാജവംശവുമായി ബന്ധമുള്ള വെൺകുണ്ടറനാടിനെക്കുറിച്ചുള്ള നാലു ശിലാലിഖിതങ്ങളിലും അവിടത്തെ രാജാക്കൻമാരെയും റാണിമാരെയും കുറിച്ച് വ്യക്തമായ പരാമർശങ്ങളുണ്ട്. വീരരവിയുടെ ചരിത്രസ്ഥാനം അടുത്ത കാലംവരെയും ചരിത്രകാരൻമാരുടെ ശരിയായ വ്യാഖ്യാനപരിധിയിൽ വന്നിട്ടില്ല. അടുത്ത കാലത്തു മാത്രമാണ് ഇതുസംബന്ധിച്ച് കാര്യമായ പഠനം നടന്നിട്ടുള്ളത്.

ചിലപ്പതികാരത്തിലും സ്കന്ദപുരാണത്തിലും വെൺകുണ്ടറനാടിനെക്കുറിച്ചുള്ള പരാമർശമുള്ളതിനാൽ സംഘാനന്തര കാലഘട്ടത്തിൽ (എ.ഡി.മൂന്നാം നൂറ്റാണ്ടിനു ശേഷം) ഈ സ്ഥലനാമം രാജവംശത്തിലൂടെ ശക്തമായി നിലനിന്നിരുന്നതായി കാണാം. എ.ഡി. മൂന്നാം ശതകത്തിനു മുമ്പ് രചിക്കപ്പെട്ട തമിഴ് സംഘകൃതികളിലും ഈ ഭൂപ്രദേശത്തെക്കുറിച്ചുള്ള ഭൂമിശാസ്ത്ര വിവരങ്ങൾ വ്യക്തമാണ്. അതിനാൽ, പ്രാചീന തമിഴകത്തിലെ ആദ്യ ചേര കാലഘട്ടത്തിലെ പ്രധാന ശിലാകേന്ദ്രങ്ങളിൽ ഒന്നാണ് ഇവിടമെന്ന് ഗവേഷണത്തിലൂടെ തെളിഞ്ഞിട്ടുണ്ട്. എട്ടു മുതൽ പതിനേഴാം നൂറ്റാണ്ടുവരെയും കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ അലിഖിതസ്ഥാനം വെൺകുണ്ടറ നാടിനുണ്ടായിരുന്നുവെന്ന് മധ്യകാലഘട്ടത്തിലെ വെൺകുണ്ടറനാടിനെക്കുറിച്ചുള്ള ലിഖിതങ്ങൾ തെളിവു നൽകുന്നു. ഇവിടം വിവിധ കാലഘട്ടത്തിൽ നേരിയ വ്യത്യാസങ്ങളോടെ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്ന ഭൂമിശാസ്ത്ര തെളിവുകളും ലഭ്യമാണ്. വെൺകുണ്ടറനാടിന്റെ ആസ്ഥാന കേന്ദ്രമെന്നു പറയപ്പെടുന്ന തകർക്കപ്പെട്ട കോവിലകം പറമ്പിൽനിന്നുതന്നെ എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടുവരെയുള്ള പുരാവസ്തു തെളിവുകൾ ലഭ്യമാണ്. പാലക്കാടൻ ചുരത്തിലെ ഈ ഭൂവിഭാഗം വിവിധ കാലഘട്ടത്തിൽ പുറൈനാട്, വെൺകുണ്ടറനാട്, വേങ്കടം, വെങ്കി, കൊല്ലം, കൊല്ലദേശം (കൊല്ലങ്കോട് രാജധാനി നിലനിൽക്കുന്ന കേന്ദ്രം) സിതശൈലഭു, വിഹായ പുരം, വെങ്ങനാട് തുടങ്ങിയ പേരുകളിലൊക്കെ അറിയപ്പെട്ടിരുന്നു എന്നുള്ളതിന് ഭൂമിശാസ്ത്ര തെളിവുകളുണ്ട്.


തൃപ്പാളൂർ ശിവക്ഷേത്രത്തിലെ ചുമർചിത്രങ്ങളെല്ലാംതന്നെ നാശോൻമുഖഘട്ടത്തിലാണ്; ചുമർചിത്രത്തിന്റെ പ്രാധാന്യവും ലിഖിതത്തിന്റെ സാന്നിധ്യവും അറിയാതെ ചുമർ മുഴുവൻ കുമ്മായം തേച്ച അവസ്ഥയിലും. ചുമർ ചിത്രങ്ങളുടെ വിവരണരമുൾക്കൊള്ളുന്ന പഴയ മലയാള ലിപിയിലുള്ള ലിഖിതങ്ങൾ നാശോൻമുഖമാണ്. പല്ലാവൂർ ശിവക്ഷേത്രത്തിലെ ചുറ്റുമതിലിലുള്ള ശിലാലിഖിതത്തിനും ഏറെ പ്രാധാന്യമുണ്ട്. പല്ലവരാജവംശചരിത്രവുമായും സ്ഥലനാമവുമായും ഏറെ

ബന്ധമുള്ള ഈ ക്ഷേത്രത്തിന്റെ പുരാവസ്തുപ്രാധാന്യവും വേണ്ടവിധം വിശകലന വിധേയമാക്കിയിട്ടില്ല.

**പെരുവെമ്പ് തളി ശിവക്ഷേത്രം**

പെരുവെമ്പിലെ തളി ശിവക്ഷേത്രത്തിലെ അധിഷ്ഠാനത്തു കാണപ്പെടുന്ന ശിലാലിഖിതത്തിൽ വിരുത്തിയെക്കുറിച്ചും വേമ്പത്തിനെക്കുറിച്ചുമുള്ള പരാമർശങ്ങൾ ശ്രദ്ധേയം. മധ്യകാലഘട്ടത്ത് നിലനിന്നിരുന്ന 'വിരുത്തി' എന്ന സ്ഥലനാമത്തിന്റെ അർത്ഥം 'ദാനഭൂമി' എന്നാണ്. വിരുത്തി എന്ന സ്ഥലനാമം കൊല്ലങ്കോട് നെൻമേനിയിൽ തെൻമലതാഴ്‌വരയിൽ പുരാവസ്തുപ്രാധാന്യത്തോടെ നിലനിൽക്കുന്നു. തളിക്ഷേത്രത്തിൽനിന്ന് അരകിലോമീറ്റർ തെക്കുമാറി ചേരകാലഘട്ടത്ത് നിർമ്മിച്ചതെന്നതിന് വ്യക്തമായ തെളിവുള്ള തകർക്കപ്പെട്ടതും പുനരുദ്ധാരണം നടന്നതുമായ വേമ്പത്ത് മഹാദേവ ക്ഷേത്രം കാണാം. ഇവിടത്തെ സോപാനത്തിന്റെ നിർമ്മാണശൈലി ചേരരാജാക്കൻമാരുടെ അടയാളമായ അമ്പും വില്ലുമാണ്. അവിടെനിന്ന് അരകിലോമീറ്റർ കിഴക്കുമാറി, മറ്റൊരു തകർക്കപ്പെട്ട ക്ഷേത്രാധിഷ്ഠാനത്തിനു സമീപം രാജേന്ദ്രചോളന്റെ പരാമർശം ഉൾക്കൊള്ളുന്ന ശിലാഫലകം ഉപേക്ഷിക്കപ്പെട്ട നിലയിൽ സ്ഥിതിചെയ്യുന്നുണ്ട്. തളി ശിവക്ഷേത്രലിഖിതത്തിലെ "വേമ്പത്ത് മുക്കാൽ വട്ടത്തിരുന്ന്" എന്ന പ്രയോഗവും 'തളി' എന്ന സ്ഥലനാമവും പ്രാചീന വെൺകുണ്ട്റ/വേങ്കടദേശത്തിന്റെ സുദൃഢമായ ചേരകാലഘട്ട ബന്ധത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ, മരുതലപ്പറമ്പ് ചോണ്ഡിലാശാസനത്തിലെ "പതിനെൻഭൂമി തിസ, ആയിരത്തി അഞ്ഞൂറ്റവർ, വളഞ്ചിയർ, രാജേന്ദ്ര ചോളർ, ചെട്ടികൾ" തുടങ്ങിയ വാക്കുകൾ ഉൾക്കൊള്ളുന്ന ലിപികൾ അപൂർണ്ണമായി മാത്രമേ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. മധ്യകാലഘട്ടത്തിൽ ചെട്ടിജാതിയിലുൾപ്പെട്ട ജനത ഈ പ്രദേശങ്ങളിൽ ചെലുത്തിയ സ്വാധീനം ഏറെയാണ് എന്നതിന്റെ സൂചനകളാണ് വടക്കുംനാഥക്ഷേത്രത്തിലെ വെൺകുണ്ട്റനാട് ശിലാലിഖിതത്തിലും, വയനാട്ടിലെ നെൻമേനിപഞ്ചായത്തിലെ എടക്കൽ ഗുഹയിലെ ലിപിയിലും, മരുതലപ്പറമ്പ് ലിപിയിലും കാണാൻ കഴിയുക.

മരുതലപ്പറമ്പ് ശിലാശാസനഫലകത്തിന്റെ മുകളിൽ കൊത്തിവച്ചിട്ടുള്ള ബിംബങ്ങളായ കുടപിടിച്ചുനിൽ



*പല്ലാവൂർ ക്ഷേത്രമതിലിലെ ശിലാലിഖിതം*

ക്കുന്ന ത്രിശൂലം, മുകളിൽ കുടയോടുകൂടിയ നിലവിളക്ക്, ദീപക്കുറ്റി, പൂർണ്ണകുംഭം, കുതിര, ശംഖ്, വ്യക്തമാകാത്തരൂപങ്ങൾ എന്നിവയൊക്കെ പ്രാധാന്യമർഹിക്കുന്നു. ജൈന മതത്തിന്റെ പ്രതാപകാലഘട്ടത്തെ വ്യാപാരശൃംഖലയിലെ കണ്ണികളായ നാനാദേശികൾ, വളഞ്ചിയർ, നാൽത്തെണ്ണായിരവർ, അഞ്ചുവണ്ണം, മണി ഗ്രാമം എന്നിവയുമായി ഈ പ്രദേശത്തിനു ബന്ധമുണ്ട്. രാജേന്ദ്ര ചോളന്റെ നാമവും ഇവിടുത്തെ ലിഖിതത്തിലുണ്ടെന്നതിനാൽ പതിനൊന്നാം നൂറ്റാണ്ടാണ് ലിപിയുടെ കാലഘട്ടമെന്നു കരുതപ്പെടുന്നു. ചോളരാജാക്കൻമാർ ചേരനാട്ടിൽ തുടർച്ചയായി നടത്തിയ പടയോട്ടങ്ങളുടെ പ്രധാന പ്രവേശനകവാടം പാലക്കാടുചുരമായിരുന്നു. മധ്യകാലഘട്ടത്തിനു മുമ്പും പിമ്പും ശക്തമായ വ്യാപാരബന്ധം നിലനിന്നിരുന്നുവെന്നതിനുള്ള തെളിവുകളും ലഭ്യമാണ്. ആലത്തൂരിലെ ചാക്യാർതോട്ടത്തിലെ കോട്ടപ്പുറത്തുനിന്നു ലഭിച്ചിട്ടുള്ള വട്ടെഴുത്തുശിലാലിഖിതത്തിൽ 'നാൽപത്തെണ്ണായിരവർ, വളഞ്ചിയർ' എന്നീ പേരുകളുണ്ട്. നാൽപത്തെണ്ണായിരവർ ക്ഷേത്രപരികർമ്മികളും, വളഞ്ചിയർ ക്ഷേത്രപാലകരുമാണ്.

പാലക്കാടുജില്ലയിൽ കണ്ടെത്തിയിട്ടുള്ള ശിലാലിഖിതങ്ങളെല്ലാംതന്നെ കരിങ്കൽ ക്ഷേത്രാധിഷ്ഠാനങ്ങളിലും സമീപത്തുമായി ജീർണ്ണാവസ്ഥയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ് കാണപ്പെടുന്നത്. സംരക്ഷണ നടപടികൾ അഭ്യർത്ഥിച്ച് സംസ്ഥാന സർക്കാരിനും പുരാവസ്തുവകുപ്പിനും ആവർത്തിച്ച് തെളിവുകൾ സഹിതം കത്തുകൾ നൽകിയിട്ടും അവർ ഇക്കാര്യത്തിൽകാണിക്കുന്ന അജ്ഞതയും അവഗണനയും ധാർമ്മികരോഷമുളവാക്കുന്നതിൽ ദോഷം നിരൂപിക്കാനാവില്ല. ചരിത്രപ്രാധാന്യമുള്ള ഇത്തരം വീരക്കല്ലുകളുടെ ഇപ്പോഴത്തെ ശോച്യാവസ്ഥതന്നെ അതിനു ദൃഷ്ടാന്തം.

**ശിലാലിഖിത സംരക്ഷണത്തിൽ നൊമ്പരപ്പെടുത്തുന്ന അനാസ്ഥ**

നെൻമേനി കോവിലകംപറമ്പിൽ നിന്നും കണ്ടെത്തിയ 'വെൺകുണ്ട്റനാട്ടുടയ എക്കൻകോമതി'യുടെ വട്ടെഴുത്തിലുള്ള ശിലാഫലകം മറ്റു പുരാവസ്തുകേന്ദ്രങ്ങളോടൊപ്പം അവിടെതന്നെ സ്ഥാപിച്ച് അവിടെ ഒരു സൈറ്റ് മ്യൂസിയമാക്കാമെന്ന് സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ നൽകിയ ഉറപ്പ് ഇന്നും ജലരേഖയായി നിലകൊള്ളുന്നു. ജനങ്ങളുടെ എതിർപ്പു മറികടന്ന് ഇവിടെനിന്ന് ലഭിച്ച വട്ടെഴുത്തു ശിലാലിഖിതം തൃശ്ശൂർ മ്യൂസിയത്തിൽ കൊണ്ടുപോയി പ്രതിഷ്ഠിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് തിരികെ കൊണ്ടുവന്ന് രാജവംശത്തിന്റെ ആസ്ഥാനകേന്ദ്രമായ കോവിലകംപറമ്പിൽത്തന്നെ എക്കൻകോമതി നിർമ്മിച്ച കരിങ്കൽ

നിർമ്മിത കിണറിനു സമീപം പ്രതിഷ്ഠിക്കണമെന്ന ജനകീയ ആവശ്യം ശക്തമാണ്. അതുപോലെയാണ് എ.ഡി.885-ൽ വെൺകുണ്ടറനാട്ടിലെ ഒരു റാണി ക്ഷേത്രനിർമ്മാണം നടത്തിയതുസംബന്ധിച്ച് വട്ടെഴുത്തുലിപിയുടെ കാര്യവും. ഒരു നൂറ്റാണ്ടിനു മുമ്പ് ലിപി വായിച്ചെടുത്തെന്ന പരാമർശമുണ്ടെങ്കിലും ശിലാഫലകത്തിന്റെ സ്ഥാനനിർണ്ണയം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കോട്ടമ്പലം, നടുവൻചിറ ഭാഗങ്ങളിലായി പരിപൂർണ്ണമായും തകർക്കപ്പെട്ട കരിങ്കൽക്ഷേത്രാധിഷ്ഠാനങ്ങളുടെ അവശിഷ്ടങ്ങൾ മാത്രമാണ് അവിടെയുളളത്. ചിലർ തകർന്നടിഞ്ഞ ക്ഷേത്രവളപ്പ് കൈയേറ്റം ചെയ്ത് ഇടിച്ചുനിരപ്പാക്കി താമസമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇവിടത്തെ ഉപേക്ഷിക്കപ്പെട്ട തകർന്നടിഞ്ഞ കരിങ്കല്ലധിഷ്ഠാനങ്ങളിൽ പലതും നീക്കം ചെയ്യപ്പെട്ടതു പോലെ, പുറമെ ഉപേക്ഷിക്കപ്പെട്ട പല പ്രതിഷ്ഠകളും പിന്നീടു നടത്തിയ അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ ഉപേക്ഷിക്കപ്പെട്ട ക്ഷേത്രാവശിഷ്ടങ്ങളിൽ ഉൽഖനനം നടത്തുകയാണെങ്കിൽ മറ്റു പുരാവസ്തു തെളിവുകളോടൊപ്പം മൺമറഞ്ഞുകിടക്കുന്ന ശിലാഫലകവും കണ്ടെത്താൻ കഴിയും.

കൊമ്പൻകാട് ശിലാഫലകത്തിന്റെ കാര്യവും അതുപോലെയാണ്. ചേരകാലഘട്ടത്തെ മൂഴിക്കുളം ശിലാശാസനവുമായി ബന്ധപ്പെട്ട രണ്ട് ശിലാഫലകങ്ങൾ കണ്ടെത്തിയിട്ടുളളതിൽ ഒരെണ്ണം മാത്രമേ ലിപി വായിച്ചെടുക്കാൻ കഴിഞ്ഞിട്ടുളളു. കണ്ടെത്തിയ ശിലാഫലകത്തിന്റെ മറ്റൊരു ഭാഗംകൂടി പരിസരങ്ങളിൽ ശാസ്ത്രീയ ഉൽഖനനം നടത്തിയാൽ വീണ്ടെടുക്കാൻ കഴിയുമെന്നാണ് ലിപി വായിച്ചെടുത്ത ഡോ.എം.ആർ.രാഘവവാരിയരുടെ അഭിപ്രായം. വീരക്കല്ലുകളും തകർക്കപ്പെട്ട ക്ഷേത്രഭാഗങ്ങളുമായി ഈ ലിപികളും അനാഥാവസ്ഥയിലാണ്. മൺമറഞ്ഞുകിടക്കുന്ന ലിപി വീണ്ടെടുക്കണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാന പുരാവസ്തു വകുപ്പിന് രേഖാമൂലം അറിയിച്ചിട്ടും ക്രിയാത്മകമായ ഒരു പ്രതികരണവും നാളിതുവരെ ഉണ്ടായിട്ടില്ല. മാത്രമല്ല, ഇവിടത്തെ പുരാവസ്തു കേന്ദ്രീകരണത്തെക്കുറിച്ച് സൂചന നൽകിയവരുടെ സാന്നിധ്യം ഒഴിവാക്കിയുള്ള അവരുടെ വിവരശേഖരണം ഫലപ്രാപ്തി കണ്ടിട്ടുമില്ല.

അതിലും പരിതാപകരമാണ് മരുതലപ്പറമ്പ് ശിലാലിഖിതത്തിന്റെ കാര്യം. കേരളത്തിൽ അപൂർവ്വമായി മാത്രം കാണപ്പെടുന്ന രാജരാജചോളന്റെ ശിലാശാസനവുമായി ബന്ധപ്പെട്ട മരുതലപ്പറമ്പ് ശിലാശാസനത്തിന്റെ ദുരവസ്ഥ ഏറെ നൊമ്പരമുണർത്തുന്നു. പരിപൂർണ്ണമായും തകർക്കപ്പെട്ട കരിങ്കൽക്ഷേത്രപരിസരത്ത് താമസിക്കുന്നവരുടെ മൂല്യബോധംകൊണ്ടുമാത്രമാണ് ഇന്നും ഇവയെല്ലാം തച്ചുടയ്ക്കപ്പെടാതെ നിലനിൽക്കുന്നത്. ഈ അപൂർവ്വ ശിലാ ലിഖിതഫലകത്തിന്റെ പുരാവസ്തു പ്രാധാന്യം അടുത്തകാലം വരെയും പരിസരവാസികൾക്ക് അറിയാമായിരുന്നില്ല. അവർ സായംസന്ധ്യകളിൽ വിശ്രമിക്കാനും പണിയായുധങ്ങൾക്കു മൂർച്ചകൂട്ടാനും ഈ ശിലാഫലകങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിവരികയാണ്! കാടുപിടിച്ചുകിടക്കുന്ന ഇവിടത്തെ തകർന്നടിഞ്ഞ അമ്പലപ്പറമ്പ് പുരാവസ്തു വകുപ്പ് ഉൽഖനനവിധേയമാക്കേണ്ടതുണ്ട്. മരുതലപ്പറമ്പിനു സമീപമുള്ള പുമുള്ളിമന തളിക്ഷേത്രത്തിലെ വൃത്തകുമുദത്തിലെ ശിലാലിഖിതവും ദ്രവിച്ച് വായിച്ചെടുക്കാൻ പ്രയാസപ്പെടുംവിധം നാശത്തിന്റെ വക്കിലാണ്.

ഇതിലേറെ ധാർമ്മികരോഷമുളവാക്കുന്ന കാഴ്ചയാണ് കല്ലൂട്ടിയാലിലെ ശിലാലിഖിതത്തിനുള്ളത്. കൊമ്പൻ കാട്ടിലേതുപോലെ മൂഴിക്കുളം കച്ചത്തെക്കുറിച്ചും വെളിച്ചം കാണാത്ത ചേരരാജാവായ ചേന്ദൻ കുന്ററനെക്കുറിച്ചുമൊക്കെ പരാമർശിക്കുന്ന ഈ ശിലാഫലകവും തകർന്നടിഞ്ഞുകിടക്കുന്ന ക്ഷേത്രാധിഷ്ഠാനത്തോടു ചേർന്നു തന്നെയാണ് കിടക്കുന്നത്. എട്ടാം നൂററാണ്ടിലോ അതിനു മുമ്പോ നിർമ്മിക്കപ്പെട്ടതെന്നു കരുതപ്പെടുന്ന ക്ഷേത്രാധിഷ്ഠാനം ഇവിടെയും പൂർണ്ണമായും തകർന്നടിഞ്ഞുകിടക്കുകയാണ്. പരിസരങ്ങളിൽനിന്ന് ഇനിയുമേറെ ചരിത്രാവശിഷ്ടങ്ങൾ ലഭിക്കു മെന്നതിൽ സംശയമില്ല.

തേനാരിയിൽ കൃഷ്ണശിലയിൽ കൊത്തിവച്ചിട്ടുള്ള വായിച്ചെടുക്കാൻ പറ്റാത്ത വട്ടെഴുത്തു ശിലാശാസനത്തിന്റെ അവസ്ഥയും ദയനീയം. പരിപൂർണ്ണമായും തകർക്കപ്പെട്ടു കിടന്നിരുന്ന പ്രാചീനക്ഷേത്രം ഭാഗികമായി പുനരുദ്ധാരണം ചെയ്യപ്പെട്ട നിലയിലാണ്. വടക്കുംനാഥക്ഷേത്രത്തിലെ ശ്രീമൂലസ്ഥാനത്തുള്ള 'വെൺകുണ്ടറ നാടുടയ വീരൻ ഇരവി' യെക്കുറിച്ചുള്ള പല ശിലാശാസന



*വെൺകുണ്ടറ നാടുടയ എക്കൻ കോമതിയുടെ ശിലാലിഖിതം*

ങ്ങളുടെയും സാന്നിധ്യവും പ്രസക്തിയും ക്ഷേത്രം നടത്തിപ്പുകാർക്കുപോലും അറിയുകയില്ലെന്നതാണ് യാഥാർത്ഥ്യം. തകർക്കപ്പെട്ട ക്ഷേത്രങ്ങൾ ആരാധനയില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ്. പുലിക്കോട് ലിഖിതവും മററും ഇതുവരെയും വായിച്ചെടുത്തിട്ടില്ല. സംസ്ഥാന പുരാവസ്തുവകുപ്പിൽ ശിലാലിഖിതവായനയിൽ പ്രത്യേക പ്രാവീണ്യം നേടിയ പ്രഗത്ഭരുടെ തലമുറകൾ അന്യം നിന്നു പോയതാണ് സർക്കാർതല സംരക്ഷണ നടപടികളിൽ അലംഭാവം അനുഭവപ്പെടുന്നതെന്ന ശക്തമായ വിമർശനം നിലനിൽക്കുന്നുണ്ട്. ഇവയുടെയൊക്കെ സംരക്ഷണത്തിനു വേണ്ടിയുള്ള അഭ്യർത്ഥനകൾക്കും ഡോ.എം.ജി.എസ്.നാരായണന്റെയും ഡോ.എം.ആർ. രാഘവവാര്യരുടെയുമൊക്കെ സംരക്ഷണ നിർദ്ദേശങ്ങൾക്കും ചെവികൊടുക്കാൻ ഭരണാധികാരികൾ വൈമുഖ്യം പ്രകടിപ്പിക്കുന്നതും ധർമ്മസങ്കടത്തിന് ഇടവരുത്തുന്നു. തെൻമലതാഴ്വരയിൽ കണ്ടെത്തിയ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്ന ശിലാലിഖിതങ്ങൾ അതതു പ്രദേശത്തുതന്നെ സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ സത്വര നടപടികൾ വേണം. അതിന് സാംസ്കാരികാവബോധവും, അവയുടെ പ്രസക്തി മനസ്സിലാക്കാൻ പ്രാപ്തമായ ഭരണവ്യവസ്ഥയുമാണ് നമുക്കാവശ്യം ●

(തുടരും)

# പാലക്കാടൻ സംസ്കൃതി

ഡോ. വി. സനൽകുമാർ

# ടെറാകോട്ട ശിൽപങ്ങൾ

ശിൽപകലാ പാരമ്പര്യത്തിന് മൂവായിരം വർഷത്തിലധികം പഴക്കമുണ്ടെന്ന് ലോകശിൽപകലാചരിത്രത്തിന്റെ പ്രത്യേകതകൾ നോക്കിയാൽ മനസ്സിലാകും. സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ നമ്മുടെ നാടിന്റെ സംസ്കൃതി തലമുറകളായി സംരക്ഷിക്കുന്നതിലെ മഹത്വം പ്രതിഫലിപ്പിക്കുന്നതിൽ ലോകത്തിൽ ഏറ്റവും മഹത്തരമായ സ്ഥാനമാണ് ഭാരതത്തിനുള്ളത്. ശിൽപികൾ, രാജശിൽപികൾ തുടങ്ങിയ പേരുകൾതന്നെ അതുമായി ബന്ധപ്പെട്ടിരിക്കുന്നു.

നാടിന്റെ സാംസ്കാരിക വികാസത്തിന്റെയും അദ്ധ്യാത്മിക വികസനത്തിന്റെയും മഹത്വം മനസ്സിലാക്കാൻ ശിൽപകലയെയും ശിൽപകലാവൈവിധ്യത്തെയും നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ദൗർഭാഗ്യവശാൽ ഈ രംഗത്തെ സാമൂഹ്യ-സാംസ്കാരിക ചിന്താഗതികളിൽ വന്നിട്ടുള്ള വ്യതിയാനങ്ങളെക്കുറിച്ചുള്ള ശരിയായ അവഗാഹം ഇന്നും ശൈശവദശയിലാണെന്നു പറയാം.

നവീനശിലായുഗത്തിലും മഹാശിലായുഗത്തിലും ശക്തമായി വികാസം പ്രാപിച്ച ടെറാകോട്ടാ (കളിമൺ) ശിൽപങ്ങളുടെ വൈവിധ്യമാർന്ന രൂപമാതൃകകളാണ് പാലക്കാടുജില്ലയിലെ തെൻമല താഴ്വരയിൽ വിവിധ പ്രദേശ ങ്ങളിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. അതോടൊപ്പം, ചരിത്രകാലഘട്ടത്തിൽ വികാസം പ്രാപിച്ച വിവിധ കരിങ്കൽ ശിൽപങ്ങളും ഈ പ്രദേശത്തിന്റെ മാത്രം പ്രത്യേകതയാണെന്നു പറയാം.

പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ, സമൂഹപ്രമാണിമാർ, ആടുകൾ, കാളകൾ, മൺകലശങ്ങൾ എന്നിവയുടെ കേരളത്തിലെതന്നെ അപൂർവ്വമായ കേന്ദ്രീകരണമാണ് പാലക്കാടുജില്ലയിലുള്ളത്. കളിമൺ കലശങ്ങൾ മഹാശിലാ യുഗകാലഘട്ടത്തെ കരവിരുതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനു പുറമെ കണ്ടെത്തിയ കരിങ്കൽ ശിൽപങ്ങളുടെ വൈവിധ്യത്തിലും ഈ പ്രദേശം തനതായ സവിശേഷതയർഹിക്കുന്നുണ്ട്. ഇവയിൽ മൃഗങ്ങൾ, മനുഷ്യരുടെ രൂപങ്ങൾ, ശിൽപങ്ങൾ, വീരക്കല്ലുകൾ, സതിക്കല്ലുകൾ, ദേവീദേവൻമാർ, രാജർഷപ്രതിമകൾ, യോഗീശ്വരൻമാർ, യോഗിനിമാർ എന്നിവയുടെ ശിൽപവൈവിധ്യം ഇവിടെ ദൃശ്യമാണ്.

ടെറാകോട്ട ശിൽപങ്ങളെല്ലാംതന്നെ തുറസ്സായ ആരാധനാലയങ്ങളിലെ വൃക്ഷച്ചുവടുകളിൽനിന്നും കരിങ്കൽ നിർമ്മിതക്ഷേത്രങ്ങളുടെ പുറമെയുമാണ് വിമ്പസിച്ചുകിടക്കുന്നത്. ഇത്തരം പ്രത്യേകതയാർന്ന ശിൽപങ്ങളുടെ കൃത്യമായ കാലഗണനാനിർണ്ണയം ലിഖിതങ്ങളുടെ അഭാവംമൂലം ടെറാക്കോട്ട-കരിങ്കൽ ശിൽപകലകൾക്ക് നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പ്രദേശത്തിന്റെ പൂർവ്വകാല സാംസ്കാരിക വൈവിധ്യങ്ങളും പ്രത്യേകതകളും മനസ്സിലാക്കാൻ ടെറാകോട്ട-കരിങ്കൽശിൽപങ്ങളുടെ വൈവിധ്യങ്ങളെക്കുറിച്ചുള്ള പഠനം സഹായകമാണ്.

**ടെറാക്കോട്ടാ ശിൽപങ്ങൾ**

മൃഗങ്ങളുടെയും മനുഷ്യരുടെയും രൂപങ്ങൾ ഉൾക്കൊള്ളുന്ന ടെറാകോട്ട ശിൽപങ്ങളുടെ അപൂർവ്വ ദൃശ്യങ്ങൾ കിഴക്കൻ മേഖലയിൽ ധാരാളമായി വിന്യസിക്കപ്പെട്ടിട്ടുണ്ട്. മുണ്ടിയൻ കാവ്, ചിങ്ങൻചിറ, ചാത്തിയോട്ടുപാറ, പനങ്കാവ്, കോവിലകംപറമ്പ്, ചിറ്റൂർ പഴയകാവ്, വീഴുമല, കോട്ടമല തുടങ്ങിയ നിരവധി കേന്ദ്രങ്ങളിൽ നിന്ന് ടെറാകോട്ടശിൽപങ്ങളുടെ വിന്യാസം ഈ ലേഖകൻ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. പ്രാചീന ആരാധനാ സങ്കൽപ ങ്ങളി ലധിഷ്ഠിതമായ ശിൽപ്പങ്ങളാണിതെല്ലാം. പുരുഷൻമാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ഈശ്വരാർ പ്പണ ഭാവങ്ങളാണിവയ്ക്കുള്ളത്.

അർദ്ധനഗ്നരായ സ്ത്രീകളുടെയും പുരുഷൻമാരുടെയും കുട്ടികളുടെയും (പനങ്കാവിലെ) ടെറാകോട്ട




*ടെറാകോട്ട ശിൽപങ്ങൾ*


ശിൽപങ്ങൾ ഏറെ കൗതുകകരമാണ്.
ടെറാകോട്ടശിൽപങ്ങളിലെല്ലാം തന്നെ ആഭരണങ്ങൾ ഉണ്ട്. തലപ്പാവും ധരിച്ചിട്ടുണ്ട്. മൃഗാരാധനയുമായി ബന്ധപ്പെട്ട കാളയുടെ കരിങ്കൽ പ്രതിഷ്ഠക്കു മുമ്പിലാണ് ഇവയുടെ സാന്നിധ്യം. കൊമ്പൻമീശ, തടിച്ച ചുണ്ടുകൾ, നെറ്റിയിൽ പൊട്ട്, കാതിൽ തോട, ഉയർന്നിരിക്കുന്ന ചെവി എന്നിവ പുരുഷശിൽപത്തിന്റെ പ്രത്യേകതയാണ്. മധ്യവയസ്കന്റെ രൂപസാദൃശ്യമുള്ള ശിൽപം പ്രൗഢഭാവത്തിന്റെ പ്രതീകംകൂടിയാണ്. പുരുഷന്റെയും സ്ത്രീയുടെയും ശിൽപങ്ങൾ ഒരു ഫലകത്തിൽ നിർമ്മിച്ചെടുത്ത രണ്ടു ടെറാകോട്ട മാതൃകകളും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ രണ്ടു സ്ത്രീകളും ഒരു ചരടിൽക്കോർത്ത വലിപ്പമുള്ള മുത്തുമണികളോടെ ഒന്നിനുമുകളിൽ മറ്റൊന്നായി അണിഞ്ഞിട്ടുള്ള ആഭരണം ദൃശ്യമാണ്. സ്ത്രീയുടെ കാതിൽ ആഭരണവും മുടി പിന്നിയിട്ട അവസ്ഥ യിലുമാണ്. മാറുമറയ്ക്കാത്ത രൂപമാണ് സ്ത്രീകളുടെയും പുരുഷൻമാരുടെയും. സ്ത്രീയോടൊപ്പമുള്ള പുരുഷന്റെ ശിൽപത്തിൽ തലപ്പാവുണ്ട്. കാതിൽ തോട അണിഞ്ഞിട്ടുള്ളതിന്റെ ലക്ഷണം കാണാം. കഴുത്തിനോടു ചേർന്ന് കട്ടിയുള്ള കോർത്ത മുത്തുമണികളോടുകൂടിയ ഒരു ലോക്കറ്റും ദൃശ്യമാണ്. ടെറാകോട്ടശിൽപഫലകത്തിൽത്തീർത്ത യൗവനയുക്തനായ ഒരു പുരുഷന്റെ ശിൽപം ഫലകത്തിൽ രൂപകൽപനചെയ്തിട്ടുള്ളതിനും പ്രത്യേകതകൾ ഏറെയാണ്. ഒരു സമൂഹപ്രമാണിയായ യുവാവിന്റെ ശിൽപമാണ് ഇതിലുള്ളത്. മുട്ടിനു മുകൾ ഭാഗംവരെയുള്ള വസ്ത്രധാരണവും അരപ്പട്ടയുമുണ്ട്. അർദ്ധനഗ്നരൂപത്തിൽ കഴുത്തിൽ മുത്തുമണികളോടു കൂടിയ പതക്കം ദൃശ്യ മാണ്. കാതുകളിൽ കുണ്ഡലവും, കൈകളിൽ കടകവളയും കേയൂരവളയും കാണാം. പെരിയാർതീരങ്ങളിൽനിന്നും ഇതിനു സമാനമായ ടെറാകോട്ട ശിൽപങ്ങൾ അടുത്ത കാലത്ത് കണ്ടെത്തിയിട്ടുണ്ട്.

നെൻമേനി കോവിലകംപറമ്പിലെ മുണ്ടിയൻ കാവിൽ 0.65 മീറ്റർ നീളവും 0.56 മീറ്റർ ഉയരവുമുള്ള കരിങ്കൽ നിർമ്മിതമായ കാളയുടെ പ്രതിഷ്ഠയ്ക്കു മുമ്പിൽ മററു വീരക്കല്ലുകളോടൊപ്പം കാള, പശു, പോത്ത്, ആട് എന്നിവയുടെ നൂറോളം രൂപങ്ങൾ കാണാം. കരിങ്കല്ലിലും കളിമണ്ണിലും തീർത്ത ശിൽപ ങ്ങളാണിവ. എന്നാൽ, ഇവയൊന്നുംതന്നെ അലങ്കരിച്ച വയല്ല. 33 സെ.മീ.നീളവും 22 സെ.മീ.വീതിയുമാണ് ഓരോ ശിൽപത്തിന്റെയും വലിപ്പം.

ജില്ലയുടെ പല ഭാഗങ്ങളിൽനിന്നും തമിഴ്നാട്ടിൽനിന്നും ധാരാളം ഭക്തർ വർഷത്തിൽ ഒരു തവണ ഇവിടെയെത്തി ആരാധന നടത്തിപ്പോകാറുണ്ട്. തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ളവരാണ് ഇവരിൽ ഭൂരിഭാഗവും എന്ന സവിശേഷതയുമുണ്ട്. കോഴിയെയും ആടിനെയും ബലി നൽകി ആഹാരം പാചകംചെയ്യുന്ന പതിവാണിവിടെ. കന്നുകാലികളുടെ അഭിവൃദ്ധിക്കും നാൽക്കാലിക്ക് അസുഖം വരാതിരിക്കു ന്നതിനും വേണ്ടിയാണ് മുണ്ടിയൻ പൂജയും മൃഗാരാധനയും നടത്തിവരുന്നത്.

മൃഗാരാധനയുടെ കൃത്യമായ കാലനിർണ്ണയം അസാധ്യമാണെങ്കിലും നവീനശിലായുഗത്തിൽ ആരംഭിച്ച മൃഗാരാധനാരീതി നിലനിൽക്കുന്നതായി കാണാം. അശോകന്റെ കാലഘട്ടത്തിലും മൃഗാരാധനാ രീതി നിലനിന്നതിന് തെളിവുകളുണ്ട്. ചാത്തിയോട്ടു പാറയിൽ മാകാളികോവിലിനു സമീപം പാറപ്പുറത്തുള്ള കാളയുടെയും പക്ഷിയുടെയും ശിലാരേഖാചിത്രങ്ങൾക്ക് നവീനശിലായുഗത്തോളം പഴക്കമുണ്ട് എന്നു പറയാം. അത്തരം ആരാധനാ രീതികൾ പരമ്പരാഗതമായി ചരിത്രകാലഘട്ടത്തിൽ കാർഷിക സമ്പദ്‌വ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന അടുത്ത കാലംവരെയും





തുടർന്നിരുന്നുവെന്നതിന് നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. ചിങ്ങൻചിറ, ചാത്തിയോട്, ചിറ്റൂർ പഴയകാവ്, വീഴുമല, കോട്ടമല തുടങ്ങിയ സ്ഥലങ്ങളിലെ ടെറാകോട്ടശിൽപ ങ്ങൾ മനുഷ്യരുടെയും ഈശ്വരസങ്കൽപങ്ങളുടെയും ആധുനിക ഭാവങ്ങളാണ്. തലപ്പാവിലും ആടയാഭരണ ങ്ങളിലും കാളകളുടെയും മററും നിർമ്മാണരീതിയിലുള്ള ശൈലീമാറ്റത്തിലും ഇത് ദൃശ്യമാണ്.

**ടെറാകോട്ട സാങ്കേതികവിദ്യയുടെ ആഗോളസ്വഭാവം**

നവീനശിലായുഗത്തിൽ ആരംഭം കുറിച്ച മൺപാത്ര നിർമ്മാണകല പിന്നീട് ടെറാകോട്ടശിൽപകലയുടെ വികസനത്തിനു വഴിതെളിയിച്ചുവെന്ന് അനുമാനിക്കാം. കൊല്ലങ്കോട് തേക്കിൻചിറയിലെ മഹാശിലായുഗ സ്മാരകം ഉൽഖനനവിധേയമാക്കിയപ്പോൾ ലഭിച്ച വിവിധ വലിപ്പത്തിലുള്ള മൺപാത്ര കലശങ്ങൾ, തെരുക്കകൾ എന്നിവയൊക്കെ ചുട്ടെടുത്തതും ചക്രരൂപത്തിലുള്ളതുമായ മൺപാത്രങ്ങളാണ് ധാന്യ ങ്ങൾ, ഭക്ഷണപദാർത്ഥങ്ങൾ, ജലം എന്നിവ സൂക്ഷിക്കാനുള്ള ചെറുതും വലുതുമായ മൺപാത്രകലശങ്ങളാണ് ഉൽഖനനത്തിലൂടെ പുറത്തെടുത്തിരുന്നത്. മഹാശിലായുഗ സ്മാരകങ്ങ ളുടെ വകഭേദമായ നന്നങ്ങാടികളുടെ വലിയ മൺകലശങ്ങളുടെ സാന്നിദ്ധ്യ വും ഇവിടെനിന്ന് കാര്യമായി കണ്ടെത്താൻ കഴിഞ്ഞു.

പൊതുവെ കുശവവിഭാഗത്തിൽപ്പെട്ടവരാണ് മൺകലശനിർമ്മാണത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടു ള്ളത് എന്നതിന് സംഘം-സംഘാനന്തര കൃതികളിൽ ധാരാളം പരാമർശങ്ങളുണ്ട്. ടെറാക്കോട്ട പാത്രനിർമ്മാ ണത്തിന്റെ കുത്ത കാവകാശം കുശവർക്കായിരുന്നെ ങ്കിൽ കളിമൺശിൽപകലയുടെ ആവിർഭാവവും ആ വിഭാഗങ്ങളിൽ നിന്നുതന്നെയായിരുന്നുവെന്ന് അനുമാനിക്കാം.

ടെറാകോട്ടശിൽപങ്ങളും മൺപാത്രങ്ങളും കൈകൊണ്ടോ ചക്രത്തിലോ ഇട്ട് നിർമ്മിക്കുമ്പോൾ ചൂളയിലിട്ട് ചൂടാക്കുന്ന ഘട്ടത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇതൊരു സങ്കീർണതയാർന്ന സാങ്കേതികവിദ്യയാണെന്നു പറയാം. പ്രാചീന ഭാരതത്തിലെന്നപോലെ ഗ്രീസ്, റോം, മലേഷ്യ തുടങ്ങിയ സാംസ്കാരിക കേന്ദ്രങ്ങളിലൊക്കെ ടെറാക്കോട്ട ശിൽപകല പ്രചാരത്തിലുണ്ടായിരുന്നതിന് നിരവധി തെളിവുകൾ ലഭിച്ചിട്ടുണ്ട്. പ്രാചീനകാല ഗുഹാനിർമ്മാണത്തിൽ മൺചുമരുകളാണ് പ്രചാരത്തി ലുണ്ടായിരുന്നത്. ഇന്നും ചില ഭാഗങ്ങളിൽ അത്തരം ചുമരുകൾ നിലനിന്നുപോരുന്നുണ്ട്. ഹാരപ്പ, മോഹൻജൊദാരോ എന്നിവിടങ്ങളിൽനിന്ന് ടെറാക്കോട്ടാ ശിൽപകലയുടെ ഒട്ടനവധി തെളിവുകൾ പ്രാധാന്യ ത്തോടെ പുറംലോകത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.സി. മൂന്നാം നൂററാണ്ടുവരെ ടെറാകോട്ടശിൽപ ങ്ങളുടെ കാലപ്പഴക്കം പോകുന്നുണ്ട്.

പശിമയുള്ള കളിമണ്ണ് ജലംചേർത്തു കുഴച്ച് രൂപകൽപനചെയ്ത് ചുട്ടെടുക്കുന്ന സാങ്കേതികവിദ്യയാണ് ടെറാകോട്ട ശിൽപകല. ധാന്യങ്ങളും വെള്ളവും സൂക്ഷിച്ചുവെക്കാനും കളി മൺപാത്രങ്ങൾ പ്രചാരത്തിൽ വന്നതോടൊപ്പം ആഹാരം പാചകംചെയ്യാനും ഭക്ഷണം കഴിക്കാനും മനുഷ്യൻ ഇവ ഉപയോഗിക്കാൻ തുടങ്ങി. അതിനു തുടർച്ചയെന്നോണ മാണ് ടെറാകോട്ടശിൽപകലയിലേക്കുള്ള കടന്നുവരവ്.

സിന്ധുനദീതടസംസ്കാരത്തിൽ കളിമൺപാത്ര ങ്ങൾ ധാരാളമായി ഉൽഖനനം ചെയ്തിടുത്തിട്ടുണ്ട്. ചീന ഭരണികളും യവനഭരണികളും പ്രാചീനകാലം മുതൽതന്നെ നമ്മുടെ ദേശങ്ങളിലേക്ക് വാണിജ്യാർത്ഥം കടന്നുവന്നതിന് ധാരാളം തെളിവുകളുണ്ട്. ഇടയജീവി തം നയിച്ചിരുന്ന കാലത്തിൽ മണ്ണും വടികളും ഉപയോ ഗിച്ചുള്ള ഗൃഹനിർമ്മാണമായിരുന്നു എന്നതും തെളിയിക്കപ്പെട്ട വസ്തുതയാണ്.

നാൽകാലികളുടെയും മനുഷ്യരുടെയും ടെറാക്കോട്ടാ ശിൽപങ്ങളോടൊപ്പം മൈക്രോലിത്തു കളുടെയും ശിലാ രേഖാചിത്രങ്ങളുടെയും സാന്നിദ്ധ്യം പാലക്കാടുജില്ലയിൽ കണ്ടെത്തിയത് ശ്രദ്ധേയമാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഏറെ സമാനതകളോടെ സഹസ്രാബ്ദങ്ങളോളം നിലനിന്നിരുന്ന ടെറാകോട്ട സംസ്കാരത്തിന്റെ കേരളത്തിലെ പ്രധാനപ്പെട്ട പ്രഭവകേന്ദ്രങ്ങളിലൊന്നാണ് ദക്ഷിണേന്ത്യയിലേക്കുള്ള പ്രവേശനകവാടത്തിൽ സ്ഥിതിചെയ്യുന്ന പാലക്കാടുജില്ല എന്ന് നിസ്സംശയം പറയാം.

പാലക്കാട്ടെ ടെറാകോട്ടശിൽപകലയുടെയും വ്യവസായത്തിന്റെയും ചരിത്രപശ്ചാത്തലം പരിശോധിച്ചാൽ, നവീന ശിലായുഗത്തിനും മഹാശിലായുഗത്തിനും മധ്യയുള്ള ശിലാതാമ്രയുഗ ത്തിന്റെ (ചാർക്കോലിത്തിക്) പൊതുസ്വഭാവം ഇവിടേക്ക് സമന്വയിപ്പിക്കാവുന്നതാണ്. വനാന്തരങ്ങളിലെ വേട്ടയാടൽജീവിതരീതി ഉപേക്ഷിച്ച് പുൽമേടുകളിലെ കാലിവളർത്തലോടൊപ്പം താഴ്വരകളിൽ കാർഷികരീതി ക്ക് തുടക്കം കുറിച്ചതോടെയാണ് വലിയ ഗ്രാമങ്ങളുടെ ഉദയത്തിനും സാങ്കേതികവിദ്യയുടെ വികാസത്തിനും ചിത്രങ്ങളോടും കറുപ്പും ചുവപ്പോടും കൂടിയ മണൽപാത്രനിർമ്മാണത്തിനും തുടക്കംകുറിച്ചത്. ബി.സി. 2000 മുതൽ തന്നെ ഭാരതത്തിന്റെ വിവിധ





ഭാഗങ്ങളിൽ ഇത്തരം നിർമ്മാണരീതി പ്രചാരത്തിലുണ്ടായിരുന്നു. രാജസ്ഥാൻ, ഛത്തീസ്ഗഡ്, മദ്ധ്യപ്രദേശ്, ബിഹാർ, പശ്ചിമബംഗാൾ എന്നിവിടങ്ങളിലൊക്കെ തനതായ ശൈലികളിൽ ടെറാകോട്ടവ്യവസായം വികാസംപ്രാപിച്ചിരുന്നതായി കാണാം.

ശിലാതാമ്രയുഗത്തിൽ ചൂളയിൽവെച്ച് ചുട്ടെടുത്ത ഇഷ്ടികകൾ വികാസംപ്രാപിക്കാതിരുന്നതിനാൽ ഗൃഹനിർമ്മാണത്തിൽ പശിമയുള്ള മൺചുമരുകൾക്കു തന്നെയായിരുന്നു പ്രാമുഖ്യം. മഹാശിലായുഗകാലത്തിലും ആദിചരിത്രകാലഘട്ടത്തിലും പശിമരാശിയുള്ള മണ്ണുതന്നെയായിരുന്നു ഗൃഹനിർമ്മാണത്തിലെ പ്രധാന അസംസ്കൃതവസ്തു. ഇവ കാലാന്തരത്തിൽ പൂർണ്ണമായും നശിച്ചുപോകാവുന്നതാണ്. ആദിമ സംസ്കാരത്തിന്റെ നിരവധി തെളിവുകൾ സമന്വയിച്ചിട്ടുള്ള പ്രദേശങ്ങളിൽപ്പോലും അധിവാസ കേന്ദ്രങ്ങളുടെ ഉപരിതല ലക്ഷണങ്ങൾ അപ്രത്യക്ഷമായതിന്റെ കാരണവും മറ്റൊന്നല്ല. എന്നാൽ, നവീനശിലായുഗത്തിലെയും മഹാശിലായുഗത്തിലെയും തെളിവുകളുടെ വിപുലമായ കേന്ദ്രീകരണങ്ങളുള്ള ഗായത്രിനദീതടത്തിലെ ചില പ്രദേശങ്ങളിൽ ശാസ്ത്രീയ ഉൽ ഖനനം നടത്തിയാൽ തെൻമലതാഴ്‌വരയിലെ പ്രാചീന അധിവാസകേന്ദ്രങ്ങളുടെ അടിത്തറകൾ കണ്ടെത്താൻ കഴിയും.

അസംസ്കൃത മണ്ണ് ഉപയോഗിച്ചുള്ള ഗൃഹനിർമ്മാണത്തിനു ശേഷമാണ് പ്രാചീന അധിവാസകേന്ദ്രങ്ങൾക്ക് സമീപമായി ചുട്ടെടുത്ത ഇഷ്ടികകളും രൂപഭംഗിയുള്ള മൺപാത്രങ്ങളുടെയും മനുഷ്യ-മൃഗരൂപങ്ങളുടെയും കലാവിരുത് വികാസം പ്രാപിച്ചത്. രൂപഭംഗിയുള്ള മൺപാത്രങ്ങളാണ് ഗോദാവരീതടത്തിലെ ജോർവെ അധിവാസ കേന്ദ്രത്തിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. 1000-1300 ബി.സി. എന്നതാണ് പടിഞ്ഞാറൻ മഹാരാഷ്ട്രയിലുള്ള ഇനാംഗാവ് ശിലാതാമ്രയുഗ അധിവാസത്തിന് ചരിത്രകാരൻമാർ നൽകിയിട്ടുള്ള കാലഗണന. മണ്ണും കല്ലും ഉപയോഗിച്ചുള്ള ഗൃഹങ്ങൾ കാലാന്തരത്തിൽ നശിപ്പിക്കപ്പെട്ടെങ്കിലും മൺപാത്രനിർമ്മാണകലയുടെ ഉദയം ശിലാതാമ്ര യുഗത്തിൽ തുടക്കംകുറിച്ചുകഴിഞ്ഞിരുന്നു.

മഹാശിലായുഗത്തിലെ കല്ലുവെട്ടിയെടുത്ത് മൈക്രോലിത്തിക് ഉപകരണങ്ങൾ ഉണ്ടാക്കുന്ന നൈപുണ്യ മുള്ളവരുടെയും മഹാശിലായുഗത്തിലെ ഇരുമ്പായുധങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദഗ്ധരായ കൊല്ല വിഭാഗക്കാരുടെയും ഇടയിലേക്ക് മൺപാത്രനിർമ്മാണത്തിന്റെയും ശിൽപങ്ങളുടെയും നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ള കുശവവിഭാഗക്കാരുടെ ശക്തമായ സാന്നിധ്യം ഉറപ്പിച്ച കാലഘട്ടം കൂടിയാണിത്. കുശവ വിഭാഗക്കാർ പ്രാചീന ടെറാകോട്ട വ്യവസായത്തിന്റെ സംരംഭകരാണെന്നു പറയാം. ഗായത്രിനദീതടത്തിലെ പുരാവസ്തു തെളിവുകൾ കേന്ദ്രീകരിച്ചിട്ടുള്ള കുശവൻകോടുപുറയും മറ്റു മൊക്കെ ഈ മൺപാത്രസംസ്കൃതിയുടെ ഭാഗമാണ്. മൺപാത്രനിർമ്മാണത്തിന്റെ അവിഭാജ്യ അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ വലിയ നിക്ഷേപമുള്ള മേഖലയാണ് ഈ പ്രദേശം. തെൻമലനിരകൾക്കു സമാന്തരമായി അൽപം കിഴക്കുമാറി സ്ഥിതിചെയ്യുന്ന ചെമ്മണാംപതിയും മറ്റും കളിമണ്ണിന്റെയും ഇരുമ്പയിരിന്റെയും കേന്ദ്രീകരണമുള്ള പ്രദേശങ്ങളാണ്. പരമ്പരാഗത മൺകലനിർമ്മാണ വിഭാഗക്കാരായ കുശവവിഭാഗക്കാരുടെയും ഇരുമ്പായുധങ്ങൾ നിർമ്മിച്ചു കൊടുക്കുന്ന കൊല്ലൻമാരുടെയും പിൻതലമുറക്കാർ ഇപ്പോഴും അധിവസിക്കുന്ന പ്രദേശമാണിവിടം. ഇത്തരം പരമ്പരാഗത വംശീയവിഭാഗങ്ങളുടെ സാങ്കേതിക വികാസപരിണാമങ്ങളെക്കുറിച്ച് ഈ പ്രദേശങ്ങളിലൂന്നിയ ഗഹനങ്ങളായ പഠനങ്ങൾ നടന്നിട്ടില്ലെന്നതാണ് ഏറെ ദുര്യോഗ്യം. കേരളത്തിൽ ശക്തമായ വേരുകളുള്ള മൺകലശനിർമ്മാണവും മൺകുടങ്ങളിൽ അടക്കം ചെയ്തിരുന്ന ശവസംസ്കാരരീതിയും മഹാരാഷ്ട്രദേശംവരെ വ്യാപിച്ചുകാണുന്നു. ഏകീകൃത സംസ്കാരിക സവിശേഷതകൾ ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്നതിന്റെ ശക്തമായ തെളിവുകളാണ് ഇവ. അതേസമയം, വൃക്ഷാരാധനയും കാളകളുടെയും മനുഷ്യരൂപങ്ങളുടെയും ആരാധനാസംസ്കാരവും പാലക്കാടുജില്ലയിലെന്നപോലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും മൊത്തത്തിൽ വ്യാപിച്ചിരുന്നതിന്റെ സൂചനകൾ അനവധിയാണ്.

വൃക്ഷാരാധനയും മൃഗാരാധനയും സിന്ധുനദീതട സംസ്കാരത്തിലും പ്രബലമായിരുന്നു എന്നത് പ്രസക്തമാണ്. ആൽമരത്തിനു ചുവട്ടിലെ ദേവതാസങ്കൽപവും, മനുഷ്യരുടെയും നാൽക്കാലികളുടെയും ടെറാകോട്ട ശിൽപങ്ങൾ ആഗ്രഹസാഫല്യങ്ങൾക്കായി അർപ്പിക്കുന്ന സംസ്കാരവും ജനതയുടെ സാമൂഹ്യഘടനയുടെ പ്രതിഫലനംകൂടിയാണ്. മുതുകുയർന്ന കാളയുടെ പ്രതിഷ്ഠാസങ്കൽപവും സിന്ധുനദീതടത്തിൽ കാണാൻ കഴിയു മ്പോൾ നാൽക്കാലി സംരക്ഷണത്തിനായി പ്രാചീന ചേരനാട്ടിലും അത്തരം ആചാരക്രമത്തിന്റെ പ്രതിഫലനം ദൃശ്യമാണ്.

നെൻമേനി കോവിലകം പറമ്പ്, മുണ്ടിയൻകാവ്

എന്ന പേരിൽ അറിയപ്പെടുന്ന വിവിധ പ്രദേശങ്ങൾ, പനങ്കാവ്, കോട്ടമല, വീഴുമല, ചിങ്ങൻചിറ, ചാത്തിയോട്ടുപാറ എന്നിവിടങ്ങളിലൊക്കെ കാളകളുടെയും മററും ശിൽപങ്ങളും പ്രതിഷ്ഠകളും കാണപ്പെടുമ്പോൾ നവീന ശിലായുഗത്തിന്റെ തുടർച്ചയെന്നോണമുള്ള സംസ്കാര വ്യാപനത്തിന് ഈ പ്രദേശവും സാക്ഷിയാണെന്നു തെളിയുന്നുണ്ട്.

ആലുകൾപോലെതന്നെ കാഞ്ഞിരമരത്തിന്റെയും വേപ്പുമരത്തിന്റെയും ചുവട്ടിലെ ആരാധനയിലും കാർഷികാഭിവൃദ്ധിക്കും മനുഷ്യരുടെയും നാൽക്കാലികളുടെയും ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടിയുള്ള അർപ്പണ ഭാവംതന്നെയാണ് പ്രകടമാകുന്നത്. പനങ്കാവിലെയും നെൻമേനി കോവിലകംപറമ്പിലെ മുണ്ടിയൻകാവിലെ മുതുകുയർന്ന കാളയുടെ പ്രധാന കരിങ്കൽപ്രതിഷ്ഠ ഹാരപ്പൻ സംസ്കാരത്തിന്റെ മററൊരു പകർപ്പാണ്. മൃഗാ രാധനാരീതി സിന്ധുനാഗരിക സംസ്കാരത്തിന്റെയും പുരാതന ഈജിപ്ഷ്യൻ-മെസൊപ്പൊട്ടേമിയൻ സംസ്കാര ത്തിന്റെയും അവിഭാജ്യ ഘടകമായിരുന്നു. സിന്ധു നദീതട സംസ്കാരത്തിൽ ആൽമരത്തിന് ദിവ്യമായ ആരാധനാസ്ഥാനം കൽപിച്ചപ്പോൾ വൃക്ഷച്ചുവട്ടിലെ മനുഷ്യദേവൻമാർക്കായിരുന്നു പുരാതന ഈജിപ്ഷ്യൻ - മെസൊപ്പൊട്ടേമിയൻ സംസ്കാരങ്ങളിൽ പ്രാധാന്യം. കുശവന്റെ ചക്രം ഉപയോഗിച്ചുള്ള മൺപാത്ര നിർമ്മാണ കലയിലും ഹാരപ്പൻ സംസ്കൃതിയുമായുള്ള സാദൃശ്യം കാണാവുന്നതാണ്.

പുരുഷൻമാരുടെ ശിൽപങ്ങളോടൊപ്പം സ്ത്രീകളുടെ ടെറാകോട്ടശിൽപങ്ങളും കാണപ്പെടുന്നത് സ്ത്രീപുരുഷ ദേവതാസങ്കൽപങ്ങൾക്ക് അന്നത്തെ സമൂഹത്തിൽ തുല്യപരിഗണന നൽകിപ്പോന്നതുകൊണ്ടാണ്. ചിങ്ങൻചിറയിലെ ആൽമരിച്ചുവട്ടിലെ ആരാധനാമൂർത്തി കറുപ്പസ്വാമിയാണെന്നു പറയാറുണ്ടെങ്കിലും ദേവതാപ്രതിഷ്ഠക്കും തുല്യപരിഗണന നൽകിയിട്ടുണ്ട്. എന്നാൽ, ഇവിടുത്തെ ആരാധനാക്രമം നാൽക്കാലികളുടെയും കൃഷിയുടെയും അഭിവൃദ്ധിയും ക്ഷേമൈശ്വര്യവുമാണ്. കാലാന്തരത്തിൽ ആരാധനാ മുൻഗണനാക്രമത്തിൽ മാറ്റംവന്നിട്ടുണ്ടെങ്കിലും ആടിന്റെയും കോഴിയുടെയും ബലിദാനവും, കാളകളുടെയും മനുഷ്യരുടെയും കളിമൺശിൽപങ്ങളുടെ ബലിയർപ്പണവും ദ്രാവിഡ ഗോത്രസംസ്കൃതിയുടെ ആരാധനാപ്രതീകങ്ങൾ തന്നെയാണ്. കാളി, പേയമ്മാൾ, മാരിയമ്മ തുടങ്ങിയ ദേവതാപ്രതിഷ്ഠകളിലും നാൽക്കാലികളുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള ആരാധനാസമ്പ്രദായം മറ്റു മുൻഗണനാക്രമത്തോടൊപ്പം കാണാവുന്നതാണ്.

മുണ്ടിയൻകാവ്, മുണ്ടിയൻപറമ്പ് തുടങ്ങിയ പദപ്രയോഗങ്ങളിലെ 'മുണ്ടിയൻ' കിഴക്കൻ പാലക്കാടിന്റെ പ്രധാന കാർഷിക ആരാധനാമൂർത്തിയാണ്. ദ്രാവിഡ ദൈവമായ മുണ്ടിയന് വർഷത്തിലൊരിക്കൽ കോഴിയെയോ ആടിനെയോ ബലി നൽകി ആരാധന നടത്തുന്നതിന്റെ പശ്ചാത്തലവും ഇവയുടെ സമ്പൽസമൃദ്ധിക്കുവേണ്ടിത്തന്നെ. കാർഷിക-കാലിവളർത്തൽ സംസ്കാരം ദൃഢമായി നിലനിന്നിരുന്ന രണ്ടു ദശാബ്ദങ്ങൾക്കു മുമ്പുവരെ കാലി ത്തൊഴുത്തിന്റെ മൂലയിലും പാടവരമ്പത്തും കുടുംബ ആരാധനാ മൂർത്തികളുടെയിടയിലും മുണ്ടിയന് പ്രധാനപ്പെട്ട സ്ഥാനമുണ്ട്. എന്നാൽ നെൻമേനി കോവിലകം പറമ്പിലെ മുണ്ടിയൻകാവിലെയും പനങ്കാവിലെയും കാളയുടെ കരിങ്കൽപ്രതിഷ്ഠകൾക്കു സമാനമായ പ്രതിഷ്ഠകൾ മറ്റു പ്രദേശങ്ങളിൽ കാണാൻ കഴിഞ്ഞിട്ടില്ല. എലവഞ്ചേരിയിലെ മുണ്ടിയൻ പ്രതിഷ്ഠ നാൽക്കാലികളുടെയും മറ്റും അഭിവൃദ്ധി ലക്ഷ്യമിട്ടുതന്നെയാണെങ്കിലും പ്രതിഷ്ഠ ദീർഘചതുരാകൃതിയിലുള്ള ഒരു കരിങ്കൽ പ്രതിമ മാത്രമാണ്. കരിങ്കൽപ്രതിഷ്ഠകൾക്കു ശേഷം മാത്രമാണ് ടെറാകോട്ട ശിൽപങ്ങൾ ആഗ്രഹസാഫല്യത്തിനായും സാക്ഷാത്കാരത്തിനായും സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടെറാകോട്ട ശിൽപങ്ങളുടെ ഘടനയും രൂപവും ആനുകാലിക സംസ്കാരരീതിയുമായി രൂപസാദൃശ്യമില്ലാത്തതിനാൽ പ്രാചീന ദ്രാവിഡ ഗോത്രസംസ്കൃതിയുമായി ഏറെ ബന്ധമുണ്ടെന്നു പറയാം.

പാലക്കാടൻ സംസ്കൃതിയുടെ വികാസ പരിണാമ പ്രകിയയിൽ പ്രാചീന മൺപാത്ര നിർമ്മാണവും ടെറാകോട്ട ശിൽപകലയും അത്യുന്നത സ്ഥാനം വഹിച്ചിട്ടുണ്ട് എന്നത് അവിതർക്കമാണ്●

(തുടരും)

ഫിബ്രവരിയിൽ ആരംഭിക്കുന്നു

**നേർകാഴ്ച**

സമകാലിക വിഷയങ്ങളുടെ സൂക്ഷ്മ വിശകലനം


---

**അവാർഡുകളുടെ കുതിപ്പും കിതപ്പും**
**നൈതികതയുടെ ശബ്ദവും മൗനവും**
**സമരങ്ങളുടെ ആവശ്യകതയും നിരർത്ഥകതയും**
**കലാപ്രദർശനങ്ങളുടെ ആഴവും പ്രദർശനപരതയും.....**
**അങ്ങനെ നിരവധി വിഷയങ്ങൾ വിശകലനം ചെയ്യപ്പെടുന്നു.**

---

**മീഡിയ ആക്റ്റിവിസത്തിൽ പുതിയൊരു രീതിശാസ്ത്രം**

ഏകീകരണം:
**ശാന്തം ന്യൂസ് ഡെസ്ക്**



# പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

# തകർന്ന ശിലാശിൽപങ്ങൾ

പ്രാചീന സംസ്കൃതിയുടെ ഈറ്റില്ലമായ പാലക്കാടുജില്ലയുടെ തെക്കുകിഴക്കൻ മേഖലയിലെ ഭാരതപ്പുഴയുടെ പ്രധാന പോഷകനദികളായ ഗായത്രിപ്പുഴയുടെയും അമരാവതി (ചിറ്റൂർപ്പുഴ) പുഴയുടെയും നദീതടങ്ങളിലാണ് നിരവധി ശിലാശിൽപങ്ങളുടെ സാന്നിധ്യമുള്ളത്. ഒരു പരിചരണവുമില്ലാതെ കരിങ്കൽ ശിൽപകലയുടെ വൈവിധ്യങ്ങൾ തകർക്കപ്പെട്ടും വിസ്മൃതിയിലാണ്ടും കിടക്കുന്ന കാഴ്ച വേദനാജനകമാണ്. ഋഷീശ്വരൻമാർ, മുനീശ്വരൻമാർ, ദേവീദേവൻമാർ, വീരക്കല്ലുകൾ, ജൈന-ബുദ്ധപ്രതിമകൾ, സതിക്കല്ലുകൾ, ഭക്തൻമാർ എന്നിവയുടെ ത്രിമാനരൂപങ്ങളുടെ നേർകാഴ്ചകളാണ് ഇവിടത്തെ പ്രത്യേകതകൾ. തകർക്കപ്പെട്ട ക്ഷേത്രസമുച്ചയത്തിലും പരിസരങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും ഈ അപൂർവ്വ ശിൽപകലാവൈഭവം ജീർണ്ണാവസ്ഥയിൽ കിടക്കുന്ന ദൃശ്യം സാധാരണ മനുഷ്യരുടെ ധാർമ്മികരോഷം ആളിപ്പടർത്തുകതന്നെ ചെയ്യും. ഈ ലേഖകൻ കണ്ടെത്തിയ നൂറിലധികം ശിൽപമാതൃകകൾ ഇനിയും കണ്ടെത്താനുള്ളതിന്റെ ചെറിയൊരു അംശം മാത്രമാണ്. ഉപേക്ഷിക്കപ്പെട്ട പ്രാചീന നഗരത്തിന്റെ തിരുശേഷിപ്പുകളായ ഇവയുടെ പരിചരണം ആരുടെ സംരക്ഷണയിലാണ്? മുമ്പ് കണ്ടെത്തിയ പല ശിൽപങ്ങളും പിൽക്കാലത്ത് അപ്രത്യക്ഷമാകുന്ന കാഴ്ച വേദനാജനകമാണ്. സാസ്കാരിക-പുരാവസ്തു വകുപ്പുകളും ഇവയുടെ സംരക്ഷണ്ചുമലതകളിൽ കൈമലർത്തുമ്പോൾ, ഇവയുടെ പരിചരണം ഒരു ചോദ്യചിഹ്നംതന്നെയാകുന്നു.

പ്രാചീനകാലത്ത് ശിലകൾകൊണ്ട് നിർമ്മിച്ച കൊത്തുപണികൾ മനുഷ്യന്റെ ആഗ്രഹസാഫല്യങ്ങൾക്കായും ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടിയായിരുന്നു. ആത്മസംതൃപ്തിക്കും ആത്മസാക്ഷാത്കാരത്തിനും വേണ്ടി ആരംഭം കുറിച്ച ശിൽപകല പിന്നീട് ക്ഷേത്രകലാസാംസ്കാരത്തിന്റെ ആരംഭത്തോടെ പടർന്നുപന്തലിച്ചു.

ഗുഹാക്ഷേത്രങ്ങളിൽ വികാസം പ്രാപിച്ച കരിങ്കൽശിൽപകല ആരാധനാമൂർത്തികളിലേക്കും ക്ഷേത്രശിൽപ കലകളിലേക്കും ക്രമേണ വഴിമാറി. ബി.സി. ഒന്നാം നൂറ്റാണ്ടിനു ശേഷം ആരംഭംകുറിച്ച ശിൽപകലയുടെ പാരമ്യം എ.ഡി എട്ട്-പന്ത്രണ്ട് നൂറ്റാണ്ടുകളിലാണ് ഉണ്ടായതെന്ന് താരതമ്യപഠനത്തിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. പതിമൂന്നാം നൂറ്റാണ്ടിനു ശേഷവും ഇവയുടെ വികാസം കാണാമെങ്കിലും അവ ദേവീദേവശിൽപങ്ങളുടെയും വീരക്കല്ലുകളുടെയും കലാശിൽപങ്ങളിലേക്ക് വഴിമാറുകയായിരുന്നു.

ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആവിർഭാവത്തോടെയാണ് ഗുഹാക്ഷേത്രശിൽപകലയ്ക്ക് കേരളത്തിലും വിത്തു പാകിയത്. കല്ലിൽ ജൈനക്ഷേത്രം, എടക്കൽ ഗുഹാക്ഷേത്രം, കവിയൂർ ഗുഹാക്ഷേത്രം തുടങ്ങിയ ക്ഷേത്രസമുച്ചയങ്ങളിൽ കരിങ്കൽശിൽപകലയുടെ ഉദാത്ത മാതൃകകൾ ദൃശ്യമാണ്. എന്നിരുന്നാലും പാലക്കാട്ജില്ലയിലേതുപോലെ ശിൽപചാരുതയുടെ വൈവിധ്യം മറ്റ് സ്ഥലങ്ങളിൽ അത്രത്തോളം ദർശിക്കാൻ കഴിഞ്ഞിട്ടില്ല. എ.ഡി. പതിനഞ്ച്-പതിനാറ് നൂറ്റാണ്ടുകളിലും സ്വതന്ത്രരീതിയിൽത്തന്നെ കരിങ്കൽ ശിൽപകലയുടെ വികാസംകാണാം. പാറകളുടെ ഉറപ്പിനും ബലത്തിനും അനുസരിച്ച് ആൺപാറ, പെൺപാറ, നപുംസക പാറ എന്നിങ്ങനെ മൂന്നു വിധത്തിൽ ശിൽപികൾ തരംതിരിച്ചിട്ടുണ്ട്. ഉറപ്പും ബലവുമുള്ള ശിൽപങ്ങൾ ആ



*മൃഗരൂപങ്ങൾ- കോവിലകം പറമ്പ്*

ൺപാറയിൽ നിന്നും, രൂപഭംഗിയുള്ള ശിൽപങ്ങൾ പെൺപാറയിൽനിന്നും മറ്റ് ആവശ്യങ്ങൾക്കുള്ള പാറകൾ നപുംസകപാറകളിൽനിന്നുമാണ് കൊത്തിയെടുക്കാറുള്ളത്. ക്ഷേത്രശിൽപങ്ങൾ നിർമ്മിക്കുന്നതിൽ കൃഷ്ണശിലയിലുള്ള കരിങ്കല്ലുകളാണ് ഉപയോഗിക്കുന്നത്. ചുറ്റികയും ഉളിയുംകൊണ്ട് അതിസൂക്ഷ്മമായി നിർമ്മിക്കുന്ന സാങ്കേതികവിദ്യയാണ് ഇവയുടെ നിർമ്മാണത്തിൽ അവലംബിക്കുന്നത്.

പാലക്കാടുജില്ലയിൽനിന്ന് കണ്ടെത്തിയ ശിൽപങ്ങളുടെ പ്രത്യേകതകൾ നിരീക്ഷിച്ചാൽ ബിംബങ്ങളുടെ രൂപകൽപനയിലും വലുപ്പത്തിലും ഏകീകൃത സ്വഭാവമല്ല ഉള്ളതെന്നു ബോധ്യപ്പെടും. മാത്രമല്ല, ശിൽപങ്ങൾക്ക് കൽപിക്കുന്ന മഹത്വത്തിനും നിർമ്മാണരീതിക്കും കേരളത്തിലെ മറ്റു പ്രദേശങ്ങളിൽനിന്ന് വ്യത്യസ്ത സമീപനം ഇവിടെ അവലംബിച്ചിട്ടുള്ളതായി കാണാം. അതേസമയം ക്ഷേത്രശിൽപകലയുടെ അടിസ്ഥാന പ്രമാണങ്ങളായിരുന്ന തന്ത്രസമുച്ചയം, ശിൽപരത്നം തുടങ്ങിയ ശിലാശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ശിൽപനിർമ്മാണ തത്ത്വങ്ങൾ ഇവിടെ സസൂക്ഷ്മം സന്നിവേശിപ്പിച്ചിട്ടുമുണ്ട്. കരിങ്കൽ ബിംബങ്ങൾ മിനുസപ്പെടുത്തുന്ന പ്രവൃത്തിയിൽ അരക്കും ഉരുക്കുപൊടിയും തുല്യ അളവിലെടുത്ത് വെള്ളം ചേർത്ത് ചൂടാക്കി ലേഹ്യരൂപത്തിലാക്കി ബിംബത്തിൽ ഉരച്ച് രൂപപ്പെടുത്തുന്ന സാങ്കേതികവിദ്യ ഈ മേഖലയിലെ ശിൽപകലയിൽ മുഴുവനുമായി പ്രയോജനപ്പെടുത്തിയിട്ടില്ലെന്നു വേണം കരുതാൻ. പല ബിം ങ്ങളുടെയും പരുക്കൻ ഭാവങ്ങൾ ഇത് സാധൂകരിക്കുന്നു. ഇവിടെ കണ്ടെടുത്ത കളിമൺശിൽപങ്ങൾ തീയിലിട്ട് ചൂടാക്കുന്ന രീതിയിലാണ് നിർമ്മാണമെങ്കിൽ, പണിയായുധങ്ങളായ ചുറ്റികയും ഉളിയും അടങ്ങുന്ന സാങ്കേതികരീതിയാണ് കരിങ്കൽനിർമ്മിത ശിൽപത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഇവിടം ഒരു ഉപേക്ഷിക്കപ്പെട്ട പ്രാചീന നാഗരിക സംസ്കാരകേന്ദ്രമാണെങ്കിലും ആരാധനയ്ക്കും ആത്മസാക്ഷാത്കാരത്തിനുമായി രൂപകൽപന ചെയ്ത ശിൽപങ്ങൾ സഹസ്രാ്ദങ്ങൾ കഴിഞ്ഞിട്ടും ഇന്നും തനിമ നഷ്ടപ്പെടാതെ (ഉപേക്ഷിക്കപ്പെട്ട നിലയിലാണെങ്കിലും) നിലനിൽക്കുന്നത് ആശ്വാസപ്രദമാണ്.

**ഗുഹാക്ഷേത്രങ്ങളിൽ വികാസം പ്രാപിച്ച കരിങ്കൽശിൽപകല ആരാധനാമൂർത്തികളിലേക്കും ക്ഷേത്രശിൽപകലകളിലേക്കും ക്രമേണ വഴിമാറി. ബി.സി. ഒന്നാം നൂറ്റാണ്ടിനുശേഷം ആരംഭംകുറിച്ച ശിൽപകലയുടെ പാരമ്യം എ.ഡി എട്ട്- പന്ത്രണ്ട് നൂറ്റാണ്ടുകളിലാണ് ഉണ്ടായതെന്ന് താരതമ്യപഠനത്തിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. പതിമൂന്നാം നൂറ്റാണ്ടിനു ശേഷവും ഇവയുടെ വികാസം കാണാമെങ്കിലും അവ ദേവീദേവശിൽപങ്ങളുടെയും വീരക്കല്ലുകളുടെയും കലാശിൽപങ്ങളിലേക്ക് വഴിമാറുകയായിരുന്നു.**

ഉപേക്ഷിക്കപ്പെട്ട പ്രാചീന സംസ്കൃതിയുടെ സാംസ്കാരിക ചരിത്രം ഉരുത്തിരിച്ചെടുക്കുന്നതിൽ ശിൽപങ്ങളുടെ പങ്ക് വലുതാണെന്ന തത്ത്വം നമ്മുടെ പുരാവസ്തുവകുപ്പും സാംസ്കാരിക വകുപ്പും വേണ്ടവിധം ഉൾക്കൊണ്ടിട്ടില്ലെന്ന് ഇവയുടെ അവഗണന നിരീക്ഷിച്ചാൽ ബോദ്ധ്യപ്പെടും. ഭാരതം, ചൈന, ആഫ്രിക്ക, മെക്സിക്കോ, ഗ്രീസ്, റോം തുടങ്ങിയ രാജ്യങ്ങളിലെ പ്രാചീന സംസ്കാരങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ രൂപകൽപന ചെയ്ത കരിങ്കൽശിൽപമാതൃകകളാണ് നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ളതെന്ന യാഥാർത്ഥ്യം നാം മറന്നുകൂടാ. ചുറ്റുഭാഗവും കൊത്തിയെടുത്ത ത്രിമാനചിത്രങ്ങളും ചുമരിലും തൂണുകളിലും കൊത്തിവച്ചിട്ടുള്ള ത്രിമാനചിത്രങ്ങളുടെ സാന്നിധ്യവും പാലക്കാടുജില്ലയിൽ ധാരാളമുണ്ട്. കെട്ടിടനിർമ്മാണകല ക്ഷേത്രസങ്കൽപത്തിൽ വികാസം പ്രാപിക്കാൻ തുടങ്ങിയപ്പോൾ മൃഗങ്ങൾ, ദേവീദേവൻമാർ, സന്ന്യാസിമാർ, വീരക്കല്ലുകൾ, സതിക്കല്ലുകൾ, പുരാണകഥാപാത്രങ്ങൾ എന്നിവ കലാരൂപങ്ങളെന്ന നിലയിൽ ആവിഷ്കൃതമായി.

പല സന്ദർഭങ്ങളിലായി ഈ ലേഖകൻ കണ്ടെത്തിയ ശിൽപങ്ങളിൽ ഭൂരിഭാഗവും ഉപേക്ഷിക്കപ്പെട്ട നിലയിലും പലതും അപ്രത്യക്ഷമാവുകയും ചെയ്യുന്നത് ഞെട്ടലുളവാക്കും. ഈ പ്രദേശത്തിന് രണ്ടായിരം വർഷത്തിലധികം പിറകോട്ടു പോകുന്ന ശിൽപകലാപാരമ്പര്യം അവകാശപ്പെടാമെന്ന് ഇതു സംബന്ധിച്ച് നടത്തിയ പഠനത്തിൽനിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നിർഭാഗ്യവശാൽ, നമ്മുടെ നാടിന്റെ ഉൽകൃഷ്ട സംസ്കാരത്തിന്റെ മഹത്വം തലമുറകളായി സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യം ഭരണാധികാരികൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. എണ്ണമറ്റ ശിൽപികളിലൂടെയും രാജശിൽപികളിലൂടെയും കരവിരുതുകളിലൂടെ കടന്നുപോയ നമ്മുടെ നാടിന്റെ ശിൽപകലാപാരമ്പര്യത്തിന്റെ മഹത്വം അവഗണനയുടെ ചവറ്റുകൊട്ടയിൽ തള്ളപ്പെടുന്നതു തുടരാൻ ഇനിയും അനുവദിച്ചുകൂടാ. ഒരു നാടിന്റെ സാംസ്കാരിക വികാസപരിണാമത്തിന്റെയും ആദ്ധ്യത്മികപാരമ്പര്യത്തിന്റെയും മഹത്വം ഉരുത്തിരിച്ചെടുക്കുന്നതിൽ ശിൽപകലകളുടെയും ശിൽപകലാവൈവിധ്യത്തിന്റെയും പങ്ക് വിസ്മരിച്ചുകൊണ്ട് പൂർണ്ണമാക്കാൻ കഴിയുകയില്ല. നിർഭാഗ്യവശാൽ, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ ചിന്താഗതികളിൽ വന്നിട്ടുള്ള അപചയവും മൂല്യഭ്രംശവും നമ്മുടെ ചരിത്രരചനയുടെ ദിശാബോധം നഷ്ടപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ തെൻമല താഴ്‌വരയിൽനിന്ന് കണ്ടെടുത്ത നൂറോളം കരിങ്കൽശിൽപങ്ങളുടെ പ്രത്യേകതകളുടെ സംഗ്രഹവിവരണങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്നു ബോദ്ധ്യപ്പെടും.

**കോവിലകം പറമ്പ് സമുച്ചയത്തിലെ കരിങ്കൽ ശിൽപവൈവിധ്യം**

പ്രാചീന വെൺകുണ്ടറനാടിന്റെ ആസ്ഥാനകേന്ദ്രമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള കോവിലകം പറമ്പിലുള്ള ഒരു കൽമണ്ഡപത്തിന്റെ അകത്ത് ഇടുപ്പിനു താഴെവച്ച് മുറിക്കപ്പെട്ട നിലയിൽ ഒരു കരിങ്കൽശിൽപം ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടന്നിരുന്നു. കോവിലകംപറമ്പിലെ മൂടപ്പെട്ടുകിടക്കുന്ന കരിങ്കൽനിർമ്മിത കിണറിനകത്ത് വിഗ്രഹാവിശിഷ്ടങ്ങളും നിധികുംഭങ്ങളും ഉണ്ടാകാമെന്ന് പഴമക്കാർ കൈമാറിയ അറിവുകൾ കോർത്തിണക്കി ഇവിടം ഉൽഖനന വിധേയമാക്കാൻ സംസ്ഥാനപുരാവസ്തു വകുപ്പിനോടും സംസ്ഥാന സർക്കാരിനോടും ഈ ലേഖകൻ അഭ്യർത്ഥിച്ചിരുന്നു. അതേത്തുടർന്ന് സംസ്ഥാന പുരാവസ്തുവകുപ്പ് പരിമിതമായ ഫണ്ട് ഉപയോഗിച്ച് രണ്ട് ഘട്ടങ്ങളിലായി നടത്തിയ ഉൽഖനനത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ (ഇടുപ്പിനു താഴെവച്ച് മുറിക്കപ്പെട്ട ആ) വിഗ്രഹത്തിന്റെ മുകൾഭാഗം കണ്ടെത്തിയിരുന്നു. 110 സെ.മി നീളമുള്ള ദുർഗ്ഗാദേവിയുടെ ഭാഗികമായി പൊട്ടിച്ചുമാറ്റിയ അവശിഷ്ടമാണ് ഈ ശിൽപം. 43 സെ.മീ നീളമാണ് ഈ അർദ്ധകായ പ്രതിമയുടെ വലിപ്പം. കരന്തമകുടം, ശിരോചക്രം, ചിലങ്കകൾ, കുജബന്ധം, ഇരുകൈകളിലും കർണ്ണകുണ്ഡലങ്ങൾ, അടയാള ആഭരണങ്ങൾ, കടകവളകൾ, കേയൂരവളകൾ എന്നിവയും ഈ വിഗ്രഹത്തിൽ ദൃശ്യമാണ്. മൂടപ്പെട്ടുകിടക്കുന്ന കരിങ്കൽനിർമ്മിത കിണറിൽനിന്ന് ലഭിച്ച അരക്കെട്ടിനു മുകളിൽ ശിരോചക്രം വരെയുള്ള മേൽഭാഗം കൽമണ്ഡപത്തിനകത്ത് ഇടുപ്പിനു താഴെവച്ച് പൊട്ടിയ നിലയിൽ കാണപ്പെട്ട വിഗ്രഹവുമായി ചേർത്തുവയ്ക്കുമ്പോൾ കൃത്യമായി യോജിച്ചിരിക്കുന്നുണ്ട്. കണ്ടെടുത്ത വിഗ്രഹത്തിന്റെ മുഖത്തിന് 7 സെ.മീ നീളവും കരന്തമകുടത്തിന് 12 സെ.മീ വീതിയും ഉണ്ട്. നെറ്റിത്തടത്തിലെ ഗോപീതിലകം മറ്റൊരു പ്രത്യേകതയാണ്. കൺപുരികങ്ങൾക്ക് ചന്ദ്രക്കലാരൂപത്തിന്റെ ആകൃതിയാണുള്ളത്. മുടികൾ അഴിച്ചിട്ടിരിക്കുംവിധം വിടർന്ന തലക്കെട്ട്, ആനച്ചെവിയുടെ വലിപ്പം ഓർമ്മിപ്പിക്കുംവിധമുള്ള തലക്കെട്ടും, ഇരുചെവികളിലും കർണ്ണകുണ്ഡലവുമുണ്ട്. കുജബന്ധം, ശിരോചക്രം, കർണ്ണാഭരണം എന്നിവ പ്രത്യേകതകളാണ്. ആഞ്ജനേയവിഭാഗത്തിലെ വിഗ്രഹമാണ് ഇത്. കൽമണ്ഡപത്തിന്റെ കാലനിർണ്ണയം എട്ടാം നൂറ്റാണ്ടാണെന്നു തിട്ടപ്പെടുത്തിയിട്ടുള്ളതിനാൽ വിഗ്രഹത്തിന്റെ കാലം എട്ട്-ഒൻപത് നൂറ്റാണ്ടാണെന്ന് സംസ്ഥാന പുരാവസ്തുവകുപ്പിന്റെ സാക്ഷ്യപത്രം.

തൊട്ടടുത്ത തുറസ്സായ കൽമണ്ഡപത്തിലും മുണ്ടെങ്കിലും അതിപ്പോൾ ദൃശ്യമല്ല. ടിപ്പുവിന്റെ ആക്രമണകാലത്ത് തകർക്കപ്പെട്ട കോവിലകംപറമ്പ് പിന്നീട് തകർന്നടിഞ്ഞ വിഗ്രഹങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും കരിങ്കൽനിർമ്മിത കിണറിൽ നിക്ഷേപിച്ച് ഉരുളൻകല്ലുകളും മറ്റും ഇട്ട് മൂടുകയായിരുന്നു. വെൺകുണ്ടറനാട്ടിലെ 'എക്കൻ കോമതി കുഴിച്ച കിണർ' എന്നു പരാമർശിക്കുന്ന വട്ടെഴുത്തിലുള്ള ശിലാലിഖിതവും ഇവിടെനിന്നു ലഭിച്ചിട്ടുണ്ട്. വിവിധ നാണയങ്ങൾക്കു പുറമെ ക്ഷേത്രാവശിഷ്ടങ്ങളായ പ്രണാളി, സോപാനം, ബ

**പാലക്കാടുജില്ലയിൽനിന്ന് കണ്ടെത്തിയ ശിൽപങ്ങളുടെ പ്രത്യേകതകൾ നിരീക്ഷിച്ചാൽ ബിംബങ്ങളുടെ രൂപകൽപനയിലും വലുപ്പത്തിലും ഏകീകൃത സ്വഭാവമല്ല ഉള്ളതെന്നു ബോധ്യപ്പെടും. മാത്രമല്ല, ശിൽപങ്ങൾക്ക് കൽപിക്കുന്ന മഹത്വത്തിനും നിർമ്മാണരീതിക്കും കേരളത്തിലെ മറ്റു പ്രദേശങ്ങളിൽനിന്ന് വ്യത്യസ്ത സമീപനം ഇവിടെ അവലംബിച്ചിട്ടുള്ളതായി കാണാം. അതേസമയം ക്ഷേത്രശിൽപകലയുടെ അടിസ്ഥാന പ്രമാണങ്ങളായിരുന്ന തന്ത്രസമുച്ചയം, ശിൽപരത്നം തുടങ്ങിയ ശിലാശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ശിൽപനിർമ്മാണ തത്ത്വങ്ങൾ ഇവിടെ സസൂക്ഷ്മം സന്നിവേശിപ്പിച്ചിട്ടുമുണ്ട്.**



*ദേവീവിഗ്രഹം*



*തകർക്കപ്പെട്ട ദേവീവിഗ്രഹം*



*മുണ്ടിയൻ*

ലിക്കല്ലുകൾ എന്നിവയും മൂടപ്പെട്ട കിണറിൽനിന്ന് കണ്ടെടുത്തിരുന്നു. കിണറും ഇവിടത്തെ കുണ്ടുകുളവും ഇനിയും ഉൽഖനനവിധേയമാക്കിയാൽ സമീപത്തെ കൽമണ്ഡപത്തിലടക്കമുള്ള വിഗ്രഹങ്ങളും മറ്റു പുരാവസ്തുതെളിവുകളും കണ്ടെത്താം.

കൽമണ്ഡപത്തിൽനിന്നും കണ്ടെത്തിയ തകർക്കപ്പെട്ട വിഗ്രഹത്തിന്റെ പാതിഭാഗവും, കരിങ്കൽ കിണറിൽനിന്നും ഉൽഖനനത്തിലൂടെ പുറത്തെടുത്ത ഉടഞ്ഞ വിഗ്രഹത്തിന്റെ ബാക്കിഭാഗവും ഇവിടെത്തന്നെ സംരക്ഷിക്കാമെന്ന സംസ്ഥാന പുരാവസ്തുവകുപ്പിന്റെ വാക്ക് അവർതന്നെ ലംഘിച്ചു. ഈ അപൂർവ്വ പ്രതിമകൾ സംസ്ഥാനപുരാവസ്തു വകുപ്പ് തൃശൂർ മ്യൂസിയത്തിലേക്ക് കടത്തിയിരിക്കുകയാണ്. ഇവ മറ്റു പുരാവസ്തുകളോടൊപ്പം ഇവിടെത്തന്നെ സംരക്ഷിക്കപ്പെടണമെന്ന ആവശ്യം ശക്തമാണ്.

കോവിലകംപറമ്പ് കൽമണ്ഡപത്തിന് മുന്നൂറ് മീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന മുണ്ടിയൻകാവിൽ പ്രധാന പ്രതിഷ്ഠകൾ 'മുണ്ടിയൻ' എന്നു കരുതപ്പെടുന്ന ഒരു കരിങ്കൽ ശിൽപവും കാളയുമാണ്. അതോടൊപ്പം മധ്യകാലഘട്ടത്തിലേതെന്നു കരുതപ്പെടുന്ന വീരക്കല്ലുകളുടെ കേന്ദ്രീകരണവും ദൃശ്യമാണ്. ചതുരാകൃതിയിലുള്ള അധിഷ്ഠാനത്തിൽ കിഴക്ക് അഭിമുഖമായാണ് മുണ്ടിയന്റേതെന്നു കരുതപ്പെടുന്ന വിഗ്രഹമുള്ളത്. 0.65 മീറ്റർ നീളവും 0.56 മീറ്റർ ഉയരർത്ത കാളയുടെ ശിൽപത്തിന് ഏറെ പ്രാധാന്യമുണ്ട്. വീരക്കല്ലിനു സമാനമായ മുണ്ടിയൻ പ്രതിഷ്ഠയുടെ ഇരുഭുജങ്ങളിലും ആയുധങ്ങളുണ്ട്. ആയുധമേന്തിയ വലതുകൈ ഉയർത്തിയ നിലയിലും, ആയുധമുള്ള ഇടതുകൈ തൂങ്ങിയ നിലയിലുമാണ്. വിഗ്രഹത്തിന് കേടുപാട് സംഭവിച്ചിരിക്കുന്നു. ജടാധാരിയാണ്, അരക്കെട്ടിനു താഴെ ഞൊറിയോടുകൂടിയ ചേല ധരിച്ചിട്ടുണ്ട്. കഴുത്തിൽ മുത്തുമണിമാലയുണ്ട്. അരഞ്ഞാണവും അണിഞ്ഞിട്ടുണ്ട്. ഭുജങ്ങളിൽ കേയൂരവളയും കടകവളയുമുണ്ട്. കരന്തമകുടം ധരിച്ചിട്ടില്ല.

മൃഗാരാധനയുമായി ബന്ധപ്പെട്ട കാളയുടെ കരിങ്കൽശിൽപവും മുണ്ടിയന്റേതുപോലെ കാലപ്പഴക്കം വിളിച്ചോതുന്ന പ്രാകൃതശിൽപമാണ്. കാളയുടെ ഇരുചെവികളും കൺപോളകളും ഉയർന്ന നിലയിലാണ്. വെളുത്ത പല്ലുകൾ ദൃശ്യമാണ്. എണ്ണമയം കൂടുതലായതിനാൽ അലങ്കാരങ്ങൾ അത്രത്തോളം തെളിഞ്ഞ അവസ്ഥയിലല്ല. 33 സെ.മി നീളവും 22 സെ.മി വീതിയുമുള്ള കാളയുടെയും പോത്തിന്റെയും ആടിന്റെയും കരിങ്കൽ-കളിമൺ ശിൽപങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് മുമ്പ് പ്രസ്താവിച്ചതാണ്.

പ്രധാനപ്പെട്ട പ്രതിഷ്ഠകൾക്കു പുറമെ മൂന്നു വീരക്കല്ലുകളുടെ സാന്നിധ്യവും ഇവിടെയുണ്ട്. ചന്ദ്രക്കലയുടെആകൃതിയിലുള്ള കരിങ്കൽസ്ലാസ്സിൽ കിരീടധാരിയായ രാജകീയ പ്രൗഢിയുള്ള ഒരു കരിങ്കൽശിൽപമാണ് അതിൽ പ്രധാനം. ദ്വിമാന ആകൃതിയിലുള്ള ഒരു വീരക്കല്ലാണിത്. വിജയത്തിന്റെ പ്രതീകമായി അഭിവാദ്യമർപ്പിക്കുംവിധം ഉയർത്തിയ നിലയിലാണ് വലതുകൈ. വലതുകൈയിൽ കുത്തിപ്പിടിച്ച ആയുധം കാണാം. കമാനാകൃതിയിൽ മൂന്നു പാളികളായാണ് കിരീടം ധരിപ്പിച്ചിരിക്കുന്നത്. കഴുത്തിൽ നെക്‌ലെയ്സിന്റെ ആകൃതിയിൽ ആഭരണങ്ങൾ കാണാം. ഇടതുകൈത്തണ്ടയിൽ കടകവള ധരിച്ചിട്ടുണ്ട്. അരയ്ക്കു താഴെ ചേലയുണ്ടെങ്കിലും എണ്ണമയത്തിന്റെ സാന്നിധ്യം മൂലം വസ്ത്രങ്ങൾ ദൃശ്യമല്ല. കിരീടത്തെയും നെറ്റിത്തടത്തെയും ബന്ധിപ്പിക്കുംവിധം നെറ്റിത്തടത്തിൽ ഞെറികളോടെ മുത്തുമണികളോടുകൂടിയ അലങ്കാരമുണ്ട്. ദ്വിമാനാകൃതിയിൽ ദീർഘചതുരത്തിലുള്ള കരിങ്കൽസ്ലാബിൽ രൂപകൽപന ചെയ്ത മന്ത്രിയുടെ രൂപസാദൃശ്യമുള്ള വീരക്കല്ലാണ് രണ്ടാമത്തേത്. മധ്യകാല രാജഭരണകാലത്തെ മന്ത്രിയോടു രൂപസാദൃശ്യമുള്ള ശിൽപമാണിത്. ഇടതുവശത്താണ് കുടുമ കെട്ടിവച്ചിരിക്കുന്നത്. ഇരുകൈകളും കൂപ്പിനിൽക്കുന്ന രൂപമാണിതിന്. അർദ്ധനഗ്നനാണ്. അരയ്ക്കു താഴെ ചേലയണിഞ്ഞിരിക്കുന്നു. ത്രിമാനാകൃതിയിലുള്ള ഒരു സന്ന്യാസിശ്രേഷ്ഠന്റെ വീരക്കല്ലാണ് ഇവിടത്തെ മറ്റൊരു പ്രത്യേകത. തീർത്തും പ്രാകൃതരീതിയിലാണ് ശിൽപത്തിന്റെ രൂപഭംഗി. ജടാധാരിയാണ്. ശരീരഘടന മൂടിപ്പുതച്ച അവസ്ഥയിലായതുകൊണ്ടാവാം, കൈകാലുകൾ ദൃശ്യമല്ല. അരയ്ക്കു മുകളിൽ നിൽക്കുന്ന രൂപമാണ് കാണുന്നത്.

കോവിലകംപറമ്പ് സമുച്ചയത്തിലെ മറ്റ് പ്രദേശങ്ങളിലും ക്ഷേത്രശിൽപങ്ങളുടെയും വീരക്കല്ലുകളുടെയും സാന്നിധ്യമുണ്ട്. രണ്ടു തരത്തി



*പേരോട്ടുകാവ് മുനീശ്വരൻ-ശാസ്താവ്*

ലുള്ള ആരാധനാ സമ്പ്രദായങ്ങളും വ്യത്യസ്ത തലത്തിലുള്ള കരിങ്കൽ ശിൽപങ്ങളും വീരക്കല്ലുകളും ഉൾക്കൊള്ളുന്ന കോവിലകംപറമ്പ് ചരിത്രരഹസ്യങ്ങളുടെ കലവറയാണ്. സമീപപ്രദേശങ്ങളിൽ വിന്യസിച്ചു കിടക്കുന്ന ആരാധനാമൂർത്തികളുമായും വീരക്കല്ലുകളുമായും കോവിലകംപറമ്പിലെ ശിൽപങ്ങൾക്ക് അഭേദ്യബന്ധമുണ്ട്.

കോവിലകംപറമ്പ് കൽമണ്ഡപത്തിന്റെ അഞ്ഞൂറു മീറ്റർ വടക്കുപടിഞ്ഞാറ് മൂലയിലുള്ള പേരാട്ടുകാവ് ഭഗവതിക്ഷേത്രപരിസരത്തെ വിഗ്രഹത്തിന് ഏറെ സവിശേഷതകളുണ്ട്. അയ്യപ്പവിഗ്രഹസങ്കൽപത്തിലാണ് പൂജാവിധികൾ. വിഗ്രഹത്തിന്റെ രൂപഭംഗി കാലപ്പഴക്കം വിളിച്ചോതുന്നു. 45 സെ.മി നീളവും 22 സെ.മി വീതിയിലുമായി കരിങ്കല്ലിൽ കൊത്തിയെടുത്ത ചെറിയൊരു ശിൽപമാണിത്. ലൈലാസനത്തിലിരിക്കുന്ന വിഗ്രഹം ഒരു പീഠത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. തോളറ്റംവരെ നീണ്ടുകിടക്കുന്ന കേശഭാരം വിടർന്നു കിടക്കുന്നു. ഇരുചെവികളിലും പത്രകുണ്ഡലങ്ങൾ ഉണ്ട്. കടകവളയും, കേയൂരവളയും ഭുജങ്ങളിൽ ദൃശ്യമാണ്. ഇരുകാലുകളിലും ചിലങ്കയുമുണ്ട്. ഇടതു കൈപ്പത്തി ത്രികോണാകൃതിയിൽ ഇടതുകാലിന്റെ ഇടുപ്പിനോടു ചേർന്നുള്ള തുടയിൽ ബലംകൊടുത്ത് അമർത്തിവച്ചിരിക്കുന്ന നിലയിലാണ്. വലതുകൈപ്പത്തി മടക്കിവച്ചിരിക്കുന്ന വലതുകാൽമുട്ടിനു മുകളിൽ കൈപ്പത്തി മലർത്തിവച്ച് താമരപ്പൂവ് പിടിച്ചിരിക്കുന്നു. മടക്കിവച്ചിരിക്കുന്ന ഇടതുകാലിനിടയിലൂടെ അരക്കെട്ടിനോടു ചേർന്ന് വലതുകാൽ മടക്കിവച്ചിരിക്കുന്നു. അരഞ്ഞാണവും അരപ്പട്ടയും ധരിച്ചിട്ടുണ്ട്. ധ്യാനാവസ്ഥയിലാണ് ഇരിപ്പ്. യജ്ഞോ പവീതം വലതുതോളിൽ നിന്ന് ഹൃദയഭാഗത്തുകൂടെ ഇടതുകക്ഷത്തിലൂടെയാണ് കടന്നുപോകുന്നത്. തോൾവളയും ഉദരബന്ധവും ദൃശ്യമാണ്. ഉയരം കുറഞ്ഞ, തടിച്ച് കുറുകിയ രൂപം ദക്ഷിണേന്ത്യൻ ദ്രവീഡിയൻ ജനതയുടെ പ്രതീകമാണ്. ഈ ശിൽപത്തിന് പരുക്കൻ രൂപഭാവമാണുള്ളത്. അതുകൊണ്ടുതന്നെ, വിഗ്രഹത്തിന്റെ കാലപ്പഴക്കം കൂടുതലാണ്. ബ്രാഹ്മണമതത്തിന്റെ പ്രതാപത്തിനു മുമ്പേ ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും പ്രഭാവകാലത്തെ രൂപകൽപന ചെയ്ത ആധ്യാത്മിക പശ്ചാത്തലമുള്ള വീരക്കല്ലാണിതെന്നു പറയാം.

**തറപ്പാടം ശിവക്ഷേത്രശിൽപങ്ങൾ**

കോവിലകം പറമ്പ് സമുച്ചയത്തിലെ പേരാട്ടുകാവിൽനിന്ന് മുന്നൂറു മീറ്റർ പടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്ന തറപ്പാടം ശിവക്ഷേത്രത്തിലെ ശിൽപങ്ങൾ വൈവിധ്യമാർന്നതാണ്. തകർന്നടിഞ്ഞ നിരവധി തൂണുകളും സ്ലാബുകളും ക്ഷേത്രപരിസരത്തുണ്ട്. വീണുകിടക്കുന്ന രണ്ട് കരിങ്കൽത്തൂണുകളിലെ ദീർഘചതുരാകൃതിയിലുള്ള സ്ലാബിൽ ദ്വിമാനരൂപത്തിൽ 50 സെ.മി നീളവും 28 സെ.മി വീതിയിലുമുള്ള രണ്ട് ഹനുമാൻ രൂപങ്ങൾ കൊത്തിവച്ചിട്ടുണ്ട്. ഇത്തരം ഹനുമാൻ കൊത്തുപണികൾ കൊല്ലങ്കോട് അയ്യപ്പൻകാവിനകത്തും കർണ്ണാടകയിലും കണ്ടെത്തിയിട്ടുണ്ട്. അവിടെയുള്ള 40 സെ.മി നീളത്തിലും 20 സെ.മി വീതിയിലുമുള്ള താമരശിൽപം തകർക്കപ്പെട്ട ഒരു കൽത്തൂണിന്റെതാണെന്ന് കരുതപ്പെടുന്നു. തകർക്കപ്പെട്ട ഒരു കരിങ്കൽസ്തൂപത്തിനു താഴെ അടയാളാഭരണങ്ങളും തലക്കെട്ടും ചേലയുമുടുത്ത് തൊഴുതുനിൽക്കുന്ന ഈ ശിൽപം പ്രത്യേകതയുള്ളതാണ്. ചിറ്റൂർ പഴയകാവിൽ ഇതിനു സമാനമായ കരിങ്കൽശിൽപം കാണാം. വ്യാളീമുഖത്തോടുകൂടിയ പ്രണാളിക്കു താഴെ കുറിയ രൂപത്തിലുള്ള മനുഷ്യരൂപം ചമ്രംപടിഞ്ഞിരുന്ന് ഇരുകരങ്ങളുംകൊണ്ട് പ്രണാളി പിടിച്ചുയർത്തുന്ന ശിൽപവും പ്രാധാന്യമർഹിക്കുന്നു.

തറപ്പാടത്തുനിന്ന് ഇരുനൂറു മീറ്റർ തെക്കു മാറി, പേരാട്ടുകാവിന് അഭിമുഖമായി തൊഴുതുനിൽക്കുന്ന നാല് വീരക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊഴുതുനിൽക്കുന്ന ഒരു ദേവിയുടെയും ദീർഘചതുരാകൃതിയുള്ള കരിങ്കൽസ്ലാബിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂന്നു പുരുഷൻമാരുടെയും ശിൽപങ്ങളാണിവ. സ്ത്രീശിൽപത്തിന്റെ തലക്കെട്ട് മുഖത്തിന്റെ വലതുഭാഗത്തും പുരുഷശിൽപത്തിന്റെ തലക്കെട്ട് ഇടതുഭാഗത്തുമായാണ് കുടുമരൂപത്തിൽ കാണുന്നത്. തറപ്പാടത്തെ ദ്വാരപാലകശൈലിയിലുള്ള കരിങ്കൽശിൽപത്തിന്റെ തലക്കെട്ട് നേരെ ഉച്ചിയിലാണെങ്കിൽ, ഇവിടെ വലതുഭാഗത്താണെന്ന വ്യത്യാസമാണുള്ളത്. 0.96 മീറ്റർ നീളവും 0.19 മീറ്റർ വീതിയുമുള്ള ഒരു ശിലാഫലകത്തിൽ 0.44 മീറ്റർ ഉയരവും 0.22 മീറ്റർ വീതിയുമുള്ള രണ്ട് വീരക്കല്ലുകളും മൂന്നാമതൊരെണ്ണത്തിന്റെ വലിപ്പം മറ്റ് രണ്ടെണ്ണത്തെ അപേക്ഷിച്ച് അൽപം ചെറുതുമാണ്. സൂക്ഷ്മാവലോകനത്തിൽ ലിപിയുടെ സാധ്യത തെളിഞ്ഞുവരുമെന്നു കരുതുന്നു. 0.38 മീറ്റർ ഉയരവും 0.26 മീറ്റർ വീതിയിലുമാണ് ദേവീരൂപത്തിന്റേത്. ഇരുകരങ്ങളും ഹൃദയത്തോടുചേർത്ത് പ്രാർത്ഥനാപൂർവ്വം കൈകോർത്തുനിൽക്കുന്ന ശിൽപങ്ങളാണിവയെല്ലാം. മധ്യകാലഘട്ടത്തിലെ അധിവാസകേന്ദ്രമായ ഈ പ്രദേശത്തെക്കുറിച്ച് ഗ്രന്ഥാവലികളിൽ പരാമർശങ്ങളുണ്ട്.

ഈ ശിൽപങ്ങളെല്ലാംതന്നെ തകർക്കപ്പെട്ട ക്ഷേത്രസമുച്ചയത്തിന്റെ പരിസരത്തുനിന്നാണ് കണ്ടെടുത്തതെന്നത് ചരിത്രഗതിയുടെ ഏറ്റക്കുറച്ചിലുകൾ ബോധ്യപ്പെടുത്തുന്നു ●

(തുടരും)

**കോവിലകംപറമ്പ് കൽമണ്ഡപത്തിന് മുന്നൂറ് മീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന മുണ്ടിയൻകാവിൽ പ്രധാന പ്രതിഷ്ഠകൾ 'മുണ്ടിയൻ' എന്നു കരുതപ്പെടുന്ന ഒരു കരിങ്കൽശിൽപവും കാളയുമാണ്. അതോടൊപ്പം മധ്യകാലഘട്ടത്തിലേതെന്നു കരുതപ്പെടുന്ന വീരക്കല്ലുകളുടെ കേന്ദ്രീകരണവും ദൃശ്യമാണ്. ചതുരാകൃതിയിലുള്ള അധിഷ്ഠാനത്തിൽ കിഴക്ക് അഭിമുഖമായാണ് മുണ്ടിയന്റേതെന്നു കരുതപ്പെടുന്ന വിഗ്രഹമുള്ളത്.**

## പാലക്കാടൻ സംസ്കൃതി

ഡോ: വി. സനൽകുമാർ

# വിരുത്തിയിലെ കരിങ്കൽ ശിൽപങ്ങൾ

പാലക്കാട് ജില്ലയിലെ തെൻമല താഴ്‌വരയിലെ വിരുത്തിയിൽ വിന്യസിച്ചുകിടക്കുന്ന കരിങ്കൽ ശിൽപങ്ങൾക്ക് എല്ലാംതന്നെ ഏറെ വൈവിദ്ധ്യവും ചരിത്രപ്രാധാന്യവും ദൃശ്യമാണ്. പ്രാചീനശിലായുഗം, മധ്യശിലായുഗം മുതൽ ചരിത്രകാലഘട്ടം വരെയുള്ള എല്ലാ പുരാവസ്തു തെളിവുകളും വിരുത്തിയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്. 'ദാനഭൂ'വെന്നാണ് മധ്യകാലഘട്ടത്തിൽ വിരുത്തിക്ക് നൽകിയിരിക്കുന്ന അർത്ഥവ്യാപ്തി. ഇവിടുത്തെ വിശാലമായ ഭൂപ്രദേശത്തിനും ഭൂദാനവുമായി ബന്ധപ്പെട്ടിരിക്കുന്ന ചരിത്രപശ്ചാത്തലമുണ്ട്. പെരുവെമ്പ് പൂമുള്ളിമന തളിക്ഷേത്രത്തിലെ അധിഷ്ഠാനത്തിലും വിരുത്തി എന്ന സ്ഥലനാമത്തെക്കുറിച്ച് പരാമർശമുണ്ട്. എന്നാൽ, വിരുത്തി എന്ന സ്ഥലനാമത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ ഋഷീശ്വരൻമാരുടെ ആവാസകേന്ദ്രമെന്ന നിലയിലും ആദ്യകാല ആധ്യാത്മിക ആരാധനകേന്ദ്രമെന്ന നിലയിലും ഈ പ്രദേശത്തിന് പൗരാണികത്തനിമയുണ്ടായിരുന്നതായി കശ്യപക്ഷേത്രമാഹാത്മ്യം സാക്ഷ്യം വഹിക്കുന്നു. ഇവിടുത്തെ കരിങ്കൽ ശിൽപങ്ങൾ ശിൽപകലാവൈവിധ്യത്തിന്റെ മഹനീയ സൃഷ്ടിതന്നെയാണെന്നു പറയാം. പ്രൗഢിയും പ്രാചീനത്തനിമയും പ്രതിഫലിപ്പിക്കുന്ന ഇവിടുത്തെ പ്രതിഷ്ഠകളുടെ ഉപജ്ഞാതാക്കളും വിശ്വാസിസമൂഹവും എന്തായാലും സമകാലിക ജനപഥമല്ലെന്ന് ഈ പ്രദേശത്തിന്റെ ഇന്നുള്ള വിജനത കാണുന്ന ആർക്കും ബോധ്യപ്പെടും. രാജർഷിയുടേതെന്നു കരുതപ്പെടുന്ന, രേഭ്യമുനിയെന്ന പേരിൽ അറിയപ്പെടുന്ന ആധ്യാത്മിക ഗുരുവര്യന്റെ പ്രതിഷ്ഠ, പുലികുത്തി മന്നാടിയാരുടെ വീരക്കല്ല്, ഭക്തന്റെയും മയിലിന്റെയും താമരപ്പൂവിന്റെയും മറ്റും രൂപങ്ങൾ മനോഹരമായി ചിത്രീകരിച്ചിരിക്കുന്ന കരിങ്കൽ സ്തൂപങ്ങൾ, വിഗ്രഹപ്രതിഷ്ഠയോടുകൂടിയ പാദപീഠം, മത്സ്യത്തിന്റെയും മുതലയുടെയും മൃഗങ്ങളുടെയും മറ്റും ചുമർ ചിത്രങ്ങൾ എന്നിവയൊക്കെ മൺമറഞ്ഞ പ്രാചീന ശിൽപകലാ പാരമ്പര്യത്തിന്റെ പ്രതീകങ്ങളാണ്.

ഏകദേശം എൺപതു വർഷങ്ങൾക്കു മുമ്പ് മുനീശ്വരൻ കാവിനുമുമ്പിലുള്ള മുനികുണ്ഢറം താമരക്കുളത്തിലെ ചെളി നീക്കംചെയ്യുമ്പോൾ ഉപേക്ഷിക്കപ്പെട്ടു കിടക്കുന്ന മുനീശ്വരപ്രതിഷ്ഠ വീണ്ടെടുക്കുകയായിരുന്നുവെന്നാണ് പഴമക്കാർ പറയുന്ന ഐതിഹ്യം. മണ്ണെടുക്കുമ്പോൾ തൂമ്പ മൂക്കിൽ തട്ടി ചെറിയ പോറൽ വിഗ്രഹത്തിനു ഉണ്ടാവുകയും രക്തം പൊടിഞ്ഞെന്നും കുറ്റബോധത്താൽ വിഗ്രഹം കണ്ടെത്തിയ ആൾ മോഹാലസ്യപ്പെട്ടെന്നും മറ്റുമൊക്കെ തലമുറകൾ കൈമാറിയ വിവരം പഴമക്കാരുടെ നാവിൻതുമ്പത്ത് ഇന്നും കൊണ്ടുനടക്കുന്നു. ഏകദേശം 0.75 മീറ്റർ ഉയരത്തിലും 0.60 മീറ്റർ വീതിയിലുമായി ലൈലാസനത്തിലിരിക്കുന്ന വിധമാണ് പ്രതിഷ്ഠാനിർമ്മാണം. അഞ്ച് നിരകളോടെ തലമുടി വിടർത്തിയിരിക്കുംവിധമാണ് ജാതഭാരം. പിന്നിൽനിന്നുള്ള ദൃശ്യത്തിലും ജാതഭാരത്തിന്റെ രൂപകൽപനയിൽ മനോഹാരിതയുണ്ട്. ശിരസ്സിൽ കുടുമ ഉണ്ട്. ഇരുകരങ്ങളിലും മൂന്നു വളകൾ വീതവും കേയൂരവളകളും ധരിച്ചിട്ടുണ്ട്. ലൈലാസനത്തിൽ ഇടതുകൈ കമാനാകൃതിയിൽ വളച്ച് ഇടതുകാലിന്റെ തുടയിൽ അമർത്തിവച്ചിരിക്കുന്നു. വലതു കാൽമുട്ട് ത്യകോണാകൃതിയിൽ ഉയർത്തി കാൽപ്പാദം ലംബതലത്തിൽ പീഠത്തിൽ ഊന്നിയ നിലയിലാണ്. ഉയർന്നു മടക്കിവച്ചിരിക്കുന്ന കാൽമുട്ടിനു മുകളിൽ വലതുകരം ഇടുപ്പിനോടു ചേർത്തുവച്ച് കൈപ്പത്തിയിൽ വിടർന്ന താമരപ്പൂവ് പിടിച്ച് വലതുകാൽ മുട്ടിന് മുകളിൽ വച്ച നിലയിലാണ്. ധ്യാനാവസ്ഥയിലാണ് ശിൽപം. മുടിയുടെ പിൻഭാഗം ദീർഘചതുരാകൃതിയിൽ ചതുരക്കട്ടകൾ പോലെ പന്ത്രണ്ടുവീതം അടുക്കുകളിലായി ക്രമീകരിച്ച നിലയിലാണ്. തോളറ്റം വരെ വിടർന്ന് കുളിച്ചുപിന്നിയിട്ടതുപോലെയാണ് പിൻഭാഗത്ത് മുടി വിടർത്തിയിട്ടിരിക്കുന്നത്.

ശിരോഭാഗത്തുനിന്ന് കീഴോട്ടു നീങ്ങുന്തോറും വീതി കൂടിയ നിലയിലാണ് തലമുടിയുടെ ക്രമീകരണം. നെറുകയിലെ കുടുമയിൽനിന്ന് അലകളായിട്ടാണ് മുടി കീഴോട്ടു കിടക്കുന്നത്. തലപ്പാവിൽ കട്ടിയുള്ള ഞൊറി പിടിപ്പിച്ചതുപോലെ നെറ്റി



*രേഭ്യമുനീശ്വരപ്രതിഷ്ഠ*



*രേഭ്യമുനീശ്വരൻ- പാർശ്വവീക്ഷണം*



*ഗണപതി*

ത്തടത്തിനു മുകളിലൂടെ കമാനാകൃതിയിൽ മുടി കെട്ടിവച്ചതുപോലെ കാണപ്പെടുന്നു. ഉരുണ്ടതും പരന്ന നിലയിലുമുള്ള കട്ടിയുള്ള ആഭരണങ്ങൾ കഴുത്തിൽ അണിഞ്ഞിട്ടുണ്ട്. അരപ്പട്ടയോടുകൂടിയ ചേലയണിഞ്ഞിട്ടുണ്ട്. ഒരു യോഗീശ്വരന്റെ ആകാരവടിവാർന്ന ശരീരാകൃതി ശിൽപത്തിന്റെ മുൻഭാഗത്തും പിൻഭാഗത്തും ഒരുപോലെ ദൃശ്യമാണ്. അരക്കെട്ടിനു താഴെ മാത്രമാണ് വസ്ത്രധാരണം. കഴുത്തിലെ മാലയ്ക്കു പുറമെ വീതിയുള്ള യജ്ഞോപവീതം ധരിച്ചിട്ടുണ്ട്. ബ്രാഹ്മണരുടെ ഇപ്പോഴത്തെ പൂണൂലിൽനിന്ന് വ്യത്യസ്തമായി രണ്ടിഞ്ചോളം വീതിയുള്ള യജ്ഞോപവീതമാണിത്. ഇടത് തോളിൽനിന്ന് താഴേക്ക് ഇറങ്ങി അലങ്കാരരീതിയിൽ ഇടുപ്പിനോടും താഴ്ന്നിറങ്ങിയും 'യു' ആകൃതിയിൽ വലുതുഭാഗത്തുകൂടി പിന്നിലേക്ക് പോവുന്ന വിധമാണ് യജ്ഞോപവീത ക്രമീകരണം. അതുകൊണ്ടുതന്നെ ബ്രാഹ്മണരുടെ പൂണൂലിൽനിന്ന് വ്യത്യസ്ത രീതിയാണ് ഇതിനുള്ളതെന്നു പറയാം. വസ്ത്രധാരണത്തോടൊപ്പം ഉദരബന്ധം ദൃശ്യമാണ്. ഇരുകാലുകളിലും ഉരുണ്ട ആകൃതിയിലുള്ള ചില്ങ്കയാണ് അണിഞ്ഞിട്ടുള്ളത്. ഇരുണ്ട ആകൃതിയിൽ തുറന്നിരിക്കുന്ന തുറിച്ച കണ്ണുകൾ വിഗ്രഹത്തിന്റെ ആകർഷകത്വം വർദ്ധിപ്പിക്കുന്നു. ശിൽപനിർമ്മാണത്തിന്റെ ഘടനയ്ക്ക് ചില ലക്ഷണശാസ്ത്രസങ്കൽപങ്ങളോട് സാദൃശ്യമുണ്ട്. ഈ വിഗ്രഹത്തിന്റെയും മുനീശ്വരൻ കാവിന്റെയും ക്ഷേത്രത്തിന്റെയും പൗരാണിക പ്രസക്തി പുറംലോകത്തിന്റെ ശ്രദ്ധയിൽ അടുത്തകാലം വരെ കാര്യമായി പതിഞ്ഞിട്ടില്ല. അടുത്തകാലത്തായി ഈ ലേഖകനാണ് മുനീശ്വരൻ കാവിന്റെയും അവിടുത്തെ പ്രതിഷ്ഠകളുടെയും പ്രാധാന്യം പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നത്. ഈ പ്രദേശത്തിന്റെ സ്ഥലനാമ ചരിത്രം സൂചിപ്പിക്കുന്ന കശ്യപക്ഷേത്ര മാഹാത്മ്യത്തിൽനിന്നാണ് മുനികുണ്ട്റം കുളത്തെക്കുറിച്ചും പ്രതിഷ്ഠയെക്കുറിച്ചും രേഭ്യമുനിയെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഈ ലേഖകന്റെ ശ്രദ്ധയിൽപ്പെട്ടത്.

പ്രാചീനകാലത്തെ പ്രധാനപ്പെട്ട താപസകേന്ദ്രമായിരുന്നു ഇവിടം എന്നതു സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടത് അടുത്തകാലത്താണ്. അതിൽ രേഭ്യമുനി ശിവഭക്തനും ബ്രാഹ്മണതാപസനാണെന്നുമാണ് പരാമർശം. എന്നിരുന്നാലും വിഗ്രഹത്തിന്റെ കാലപ്പഴക്കത്തിന് രണ്ടായിരം വർഷത്തിലധികം കാലപ്പഴക്കമുണ്ടെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ബ്രാഹ്മണിസത്തിന്റെ പ്രതാപകാലം ഇവിടെ ആരംഭിക്കുന്നതിനു തൊട്ടുമുമ്പുള്ള ബുദ്ധിസത്തിന്റെയും ജൈനിസത്തിന്റെയും സ്വാധീനം ശിൽപകലയിൽ ഉണ്ടാകുമെന്ന അഭിപ്രായവും ചിലർക്കുണ്ട്. ഒരു രാജർഷിയുടെ പ്രൗഢഗാംഭീര്യമുള്ള ഇത്രയും ഉദാത്തമായ ആദ്യകാല ശിൽപകല പ്രാചീന ചേരനാട്ടിൽ അത്യപൂർവ്വമാണെന്നു പറയാം.

കിഴക്കു അഭിമുഖമായി പണിതിട്ടുള്ള ശിവലിംഗ പ്രതിഷ്ഠ ഉൾക്കൊള്ളുന്ന ശ്രീകോവിലിന്റെ തെക്കുഭാഗത്തെ അധിഷ്ഠാനത്തിലാണ് ഈ മുനിവിഗ്രഹം പ്രതിഷ്ഠിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മുനീശ്വരനാണോ ശിവലിംഗ പ്രതിഷ്ഠക്കാണോ പ്രാമുഖ്യം കൂടുതൽ എന്ന് മുനീശ്വരൻകാവിന്റെ സ്ഥലനാമ ചരിത്രം വിശകലനം ചെയ്യുമ്പോൾ കടന്നുവരിക സ്വാഭാവികം. ശിവക്ഷേത്രത്തിനു മുമ്പുള്ളതാണ് കാവ് എന്ന പ്രയോഗം. മാത്രമല്ല, പല കാവുകളുടെയും അടിസ്ഥാനം പരിശോധിക്കു

**പ്രാചീനകാലത്തെ പ്രധാനപ്പെട്ട താപസകേന്ദ്രമായിരുന്നു ഇവിടം എന്നതു സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടത് അടുത്തകാലത്താണ്. അതിൽ രേഭ്യമുനി ശിവഭക്തനും ബ്രാഹ്മണതാപസനാണെന്നുമാണ് പരാമർശം. എന്നിരുന്നാലും വിഗ്രഹത്തിന്റെ കാലപ്പഴക്കത്തിന് രണ്ടായിരം വർഷത്തിലധികം കാലപ്പഴക്കമുണ്ടെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ബ്രാഹ്മണിസത്തിന്റെ പ്രതാപകാലം ഇവിടെ ആരംഭിക്കുന്നതിനുതൊട്ടുമുമ്പുള്ള ബുദ്ധിസത്തിന്റെയും ജൈനിസത്തിന്റെയും സ്വാധീനം ശിൽപകലയിൽ ഉണ്ടാകുമെന്ന അഭിപ്രായവും ചിലർക്കുണ്ട്. ഒരു രാജർഷിയുടെ പ്രൗഢഗാംഭീര്യമുള്ള ഇത്രയും ഉദാത്തമായ ആദ്യകാല ശിൽപകല പ്രാചീന ചേരനാട്ടിൽ അത്യപൂർവ്വമാണെന്നു പറയാം.**



മ്പോൾ ബുദ്ധിസത്തിന്റെയും ജൈനിസത്തിന്റെയും കാലഘട്ടത്തിലേക്കാണ് എത്തുക. അതിനാൽ, മുനീശ്വരൻ കാവ് എന്ന പ്രയോഗത്തിന്റെ ആധികാരികത കുറേക്കൂടി ശാസ്ത്രീയപഠനത്തിനു വിധേയമാക്കേണ്ടതുണ്ട്. കശ്യപക്ഷേത്ര മാഹാത്മ്യത്തിൽ താപസനായ ശിവഭക്തനാണ് രേഭ്യമുനിയെന്ന് പറയുന്നുണ്ട്. രേഭ്യമുനി ശിവഭക്തനായതുകൊണ്ടാണോ കൂററൻ ശിവലിംഗപ്രതിഷ്ഠയുള്ളത്?, അതോ രേഭ്യമുനിക്ക് മുമ്പുതന്നെ ഇപ്പോഴത്തെ അധിഷ്ഠാനം നിലനിന്നിരുന്നോ എന്നും പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്. ക്ഷേത്രത്തിന്നകത്തെ രണ്ട് ദ്വാരപാലകൻമാരുടെ ശിൽപങ്ങളും മനോഹരം. എന്നാൽ ഇവയിൽ ചിലതിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നെൻമേനി കോവിലകംപറമ്പിനെ കേന്ദ്രീകരിച്ചു നടത്തിയ ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ വിരുത്തിയിലെ മുനീശ്വരപ്രതിഷ്ഠയും ആക്രമിക്കപ്പെട്ടിരുന്നതായി കരുതാം. ആരായിരിക്കും ഈ കൂററൻ കരിങ്കൽ പ്രതിഷ്ഠയെ ഇളക്കി മാറ്റി കുളത്തിൽ ഉപേക്ഷിച്ചതെന്നതും പ്രസക്തമാണ്. എന്തായാലും ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ഹിന്ദുമതത്തിന്റെയും ആരാധനാക്രമത്തിലൂടെ ഇവിടത്തെ ശിൽപകലാവൈഭവവും കടന്നുപോയിട്ടുണ്ട് എന്നത് വ്യക്തമാണ്. മററു പ്രദേശങ്ങളുമായുള്ള താരതമ്യപഠനങ്ങൾ ടിപ്പുവിന്റെ ആക്രമണഘട്ടത്തിലേക്കുതന്നെയാണ് വിരൽ ചൂണ്ടുന്നത്.

ഒന്നുകിൽ കോവിലകം പറമ്പ് കൽമണ്ഡപത്തിലെ കിണററിനകത്തുനിന്ന് തകർക്കപ്പെട്ട ക്ഷേത്രാവശിഷ്ടങ്ങളും പൊട്ടിയ ദേവീവിഗ്രഹവും കണ്ടെത്തിയതുപോലെ ടിപ്പുവിന്റെ ആക്രമണത്തിനുശേഷം കേടുപാടു സംഭവിച്ചതും അശുദ്ധവുമായ വിഗ്രഹം മാറ്റി ജലനിമഞ്ജനം ചെയ്തിരിക്കാം. അല്ലെങ്കിൽ, ആക്രമണകാരികളിൽ നിന്നു സംരക്ഷിക്കാൻ സുരക്ഷിത കേന്ദ്രത്തിലേക്കു മാററുന്നതിന്റെ ഭാഗമായി നിറഞ്ഞ ജലാശയമുള്ള കുളത്തിൽ ഒളിപ്പിച്ചു വച്ചതാവാം ഈ വിഗ്രഹം. പ്രധാനപ്പെട്ട ഈ ബുദ്ധപ്രതിമ ബ്രാഹ്മണിസത്തിന്റെ പ്രതാപകാലത്ത് പുറംപോക്കിലേക്കു മാറ്റി ശിവപ്രതിഷ്ഠക്കു മുഖ്യപ്രാമുഖ്യം കൊടുത്തിരിക്കാം എന്നതാണ് മൂന്നാമതൊരു സാധ്യത. എന്നാൽ, ഇവിടത്തെ സ്ഥലനാമചരിത്രം വിവരിക്കുന്ന സംസ്കൃത ഗ്രന്ഥത്തിൽ കശ്യപക്ഷേത്ര മാഹാത്മ്യത്തിന്റെ കൃത്യമായ കാലഘടന നിശ്ചയിച്ചിട്ടില്ലെങ്കിലും ടിപ്പുവിന്റെ ആക്രമണത്തിനു മുമ്പ് പന്ത്രണ്ടാം നൂററാണ്ടിനുശേഷം രചിക്കപ്പെട്ട കൃതിയിൽ രേഭ്യമുനിയെക്കുറിച്ചുള്ള പരാമർശത്തിൽ ശിവക്ഷേത്രവും മുനീശ്വരപ്രതിഷ്ഠയും ആരാധനാക്രമത്തിൽ നിലനിന്നിരുന്നതായി കാണാം. എന്തായാലും രാജകീയ പ്രൗഢിയുള്ള ഈ അപൂർവ്വ രാജർഷിപ്രതിമയ്ക്ക് കുറേക്കൂടി ശാസ്ത്രീയമായ പരിശോധനയും അർഹമായ സംരക്ഷണവും നൽകേണ്ടതാണ്.

**കരിങ്കൽ സ്തൂപങ്ങൾ**

മുനീശ്വര പ്രതിഷ്ഠയ്ക്ക് അഭിമുഖമായി നാട്ടിയിട്ടുള്ള കരിങ്കൽ സ്തൂപം ഒരു ഭക്തന്റെ സമർപ്പണമാണ്. തലമുണ്ഡനം ചെയ്ത ഒരു ഭക്തന്റെ ഉടലിൽ തൊഴുതുനിൽക്കുന്ന ആകർഷകമായ ശിൽപത്തോടെയുള്ളതാണ് ഈ കരിങ്കൽ സ്തംഭം. മൂന്നു ഭാഗങ്ങളിലായാണ് സ്തൂപം നിർമ്മിച്ചിട്ടുള്ളത്. അടിത്തറ, ഉടൽ, ശീർഷം എന്നീ ഭാഗങ്ങൾ ഇതിനുണ്ട്. 1.07 മീററർ നീളവും വീതിയുമുള്ള സമചതുരാകൃതിയിലുള്ള അടിത്തട്ടിന് 0.60 മീററർ ഉയരമാണുള്ളത്. 2.10 മീറ്റർ ഉയരത്തിൽ ഒററക്കല്ലിലാണ് സ്തൂപത്തിന്റെ പ്രധാന ഭാഗമായ ഉടൽഭാഗം നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത സ്തംഭത്തിന്റെ അഗ്രഭാഗത്ത് തലകീഴായി കമഴ്ത്തിവച്ചിരിക്കുന്ന താമരപ്പൂവ് കരിങ്കല്ലിൽ കൊത്തിവച്ചിട്ടുണ്ട്. സ്തൂപത്തിന്റെ ഉടൽഭാഗത്ത് അടിത്തറയോടുചേർന്ന് 27 സെമീ നീളത്തിലും വീതിയിലുമായി തലമുണ്ഡനം ചെയ്തുനിൽക്കുന്ന ഒരു ഭക്തന്റെ ഉടൽഭാഗം കരിങ്കല്ലിൽ കൊത്തിവച്ചിട്ടുണ്ട്. ശിൽപത്തിന്റെ തലയ്ക്കു മുകളിലായി ഫണം വിരിച്ചുനിൽക്കുന്ന നാലു നാഗങ്ങളും കൊത്തിവച്ചിട്ടുണ്ട്. രേഭ്യമുനിയെ തൊഴുതു നിൽക്കുന്ന വിധമാണ് ശിൽപം. മുനീശ്വരപ്രതിഷ്ഠയിലുള്ളതുപോലെ നെറ്റിത്തടത്തിനോടുചേർന്നു റിബ്ബൺ കണക്കെ കുട്ടിയുടെ തലക്കെട്ടും ദൃശ്യമാണ്. ഏകശിലയിൽ കൊത്തിവച്ച ശിൽപത്തിന്റെ പശ്ചാത്തലത്തിൽ അഞ്ചു പാളികളിലായി തോൾഭാഗം മുതൽ ചെവിയുടെ ഭാഗം വരെ കൊത്തിവച്ചിട്ടുണ്ട്. ചെവിക്കു മുകളിൽ ഫണമുയർത്തി നിൽക്കുന്ന നാഗങ്ങളുടെ കെട്ടുപിണഞ്ഞുകിടക്കുന്ന ഉടൽഭാഗമായും ഈ പാളികൾക്ക് സാമ്യമുണ്ട്. നാഗങ്ങളുടെ ശീർഷങ്ങളെ തമ്മിൽ ബന്ധിപ്പിക്കുംവിധം മറെറാരു നേർരേഖയും കൊത്തിവച്ചിട്ടുണ്ട്. ഷഡ്ഭുജ മാതൃകയിലാണ് സ്തംഭത്തിന്റെ രൂപകൽപന. സ്തൂപത്തിന്റെ ശീർഷഭാഗത്ത് കരിങ്കല്ലിൽ തീർത്ത താമരപ്പൂവ് കമഴ്ത്തിവച്ചിരിക്കുംവിധം സ്ഥാപിച്ചിട്ടുള്ളതിലും സ്തൂപങ്ങൾ അടിത്തറയിൽ ഉറപ്പിച്ചുനിർത്തിയിട്ടുള്ളതിലും സാങ്കേതിക നൈപുണ്യവും കലാമികവും സമന്വയിപ്പിച്ചിട്ടുണ്ട്. ആഗ്രഹസാഫല്യത്തിന്റെ പ്രതീകമായോ വിജയസ്തംഭത്തിന്റെ പ്രതീകമായോ ഉള്ള സ്തൂപമാണിത്. ഒരു ഭക്തന്റെ സ്മരണാർത്ഥമെന്ന നിലയിലും ഇത്തരം സ്തംഭങ്ങൾ സ്ഥാപിച്ചിട്ടുള്ളത് മററു പ്രദേശങ്ങളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്.

ഈ സ്തംഭത്തിനു സമാനമായ മറ്റൊന്ന് വിരുത്തി ശിവപ്രതിഷ്ഠക്കു മുമ്പിൽ ഓവുചാലുകളോടെയുള്ള സമചതുരാകൃതിയിലുള്ള കരിങ്കൽ നിർമ്മിത പീഠത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 0.22 മീററർ നീളത്തിലും 0.18 മീററർ വീതിയിലുമായി തൊഴുതുനിൽക്കുന്ന ഒരു ഭക്തന്റെയും മയിലിന്റെയും ശിൽപവും കരിങ്കല്ലു കൊണ്ടുള്ള അടിത്തറയിൽ കൊത്തിവച്ചിട്ടുണ്ട്.

ശിവപ്രതിഷ്ഠക്കു മുമ്പിലായി നടരാജനൃത്തത്തിന്റെ മാതൃകയിൽ രണ്ടു ദ്വാരപാലകൻമാരുടെ ശിൽപങ്ങൾ ഏകശിലയിൽ രൂപകൽപന ചെയ്തിട്ടുണ്ട്. കരിങ്കൽനിർമ്മിത ക്ഷേത്രഭിത്തിയിലും തൂണുകളിലും മത്സ്യം, മുതല, സിംഹം, കുരങ്ങ്, മനുഷ്യരൂപം എന്നിവയും കാണാം. പ്രണാളിക്കു താഴെ വച്ചിട്ടുള്ള നന്ദിയുടെ പ്രതിമയും ഏറെ ശ്രദ്ധേയമാണ്. കാളയുടെ മുതുകിൽ ഉയർന്നിരി

ക്കുന്ന പൂഞ്ചും, പുറത്ത് അലങ്കാര വിരിപ്പും, കഴുത്തിൽ കുടമണിയും ധരിച്ചിട്ടുണ്ട്. കാളക്കുട്ടന്റെ കൊമ്പുകൾ മുളച്ചുപൊങ്ങി വരുന്നതേയുള്ളൂ. ഇരുചെവികളും ഏറെ മനോഹരം. കാളയുടെ കണ്ണും കൺപുരികങ്ങളും മുഖവുമൊക്കെ ഹൃദ്യമായാണ് കൊത്തിവച്ചിട്ടുള്ളത്. കാലുകളിൽ വളയവും ധരിച്ചിട്ടുണ്ട്. മുനീശ്വരൻകാവിനകത്തെ ശിൽപകലയുടെ മറ്റൊരു സവിശേഷത മുനീശ്വരപ്രതിഷ്ഠയുടെ തെക്കുപടിഞ്ഞാറുമൂലയിലുള്ള ഗണപതിപ്രതിമയും നാഗങ്ങളുമാണ്. ഗണപതിവിഗ്രഹത്തിന്റെ ശിരസ്സിൽ കിരീടം, ഭുജങ്ങളിൽ ആയുധങ്ങൾ, ഒറ്റക്കൊമ്പ്, മനോഹരമായി രൂപകൽപന ചെയ്ത ഇരുചെവികൾ, തുമ്പിക്കൈ, കാലിൽ ചിലങ്കകൾ, ഒറ്റക്കല്ലിൽ തീർത്ത പ്രതിഷ്ഠാപീഠത്തിൽ കുടവയറിനു താഴെ ചതുരാകൃതിയിലുള്ള സ്ലാബിന്റെ ഭാഗത്ത് അരഞ്ഞാണം എന്നിവയൊക്കെ ശിൽപനിർമ്മാണത്തിന്റെ സവിശേഷതകളാണ്.

**പാദപീഠവും വീരക്കല്ലും**

മുനീശ്വരൻകാവിന്നു ചുററുമായി കാണപ്പെടുന്ന പാദപീഠത്തിനും വീരക്കല്ലിനും ഏറെ ചരിത്രപശ്ചാത്തലമുണ്ട്. ജൈനമതത്തിലും ബുദ്ധമതത്തിലും ഹിന്ദുമതത്തിലും പാദപൂജയും പാദപീഠവും ആരാധനാക്രമത്തിന്റെ ഭാഗമായിരുന്നു. ശ്രീരാമന്റെ ആരാധനയിലും വിഷ്ണുപൂജയുടെ ഭാഗമായും പാദപൂജാരാധന നിലനിന്നിരുന്നു. വിരുത്തിയിൽ കാണപ്പെടുന്ന പാദപീഠം 0.29 മീറ്റർ നീളത്തിലും 0.10 മീറ്റർ വീതിയിലുമായി രണ്ടു കാൽപാദങ്ങളാണ് കൊത്തിവച്ചിട്ടുള്ളത്. 1.26 മീറ്റർ നീളവും 0.76 മീറ്റർ വീതിയിലുമുള്ള കരിങ്കൽ സ്ലാബിലാണ് ഇതിന്റെ രൂപ കൽപന. അതേ വലുപ്പത്തിലുള്ള മറ്റൊരു കരിങ്കൽസ്ലാബിൽ വിഗ്രഹം പ്രതിഷ്ഠിക്കാനുള്ള വൃത്താകൃതിയിലുള്ള ഒരു ദ്വാരം മധ്യഭാഗത്തായുണ്ട്. ഇതിലെ പ്രതിഷ്ഠ നഷ്ടപ്പെട്ട അവസ്ഥയിലാണ്. എന്തുകൊണ്ടാണ് ഈ പാദ പീഠം മുനീശ്വരൻ കാവ് ശിവക്ഷേത്രാങ്കണത്തിനു പുറത്ത് ഉപേക്ഷിച്ച നിലയിൽ കാണപ്പെട്ടുന്നതെന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. ഹൈന്ദവാരാധനാസമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നതെങ്കിൽ, പുറമെ കാണപ്പെടുന്നതിന്റെ ചരിത്രപശ്ചാത്തലം എന്താണ്? പാദപീഠത്തിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കൽപ്രതിഷ്ഠ ഇപ്പോൾ കാണപ്പെടാത്തത് എന്തുകൊണ്ടാണ്? പാദപീഠത്തിലെ വിഗ്രഹം കാൺമാനില്ലെങ്കിൽ അത് സമീപത്തെ മുനികുണ്ഢം കുളത്തിലോ മറേറാ ഉപേക്ഷിക്കപ്പെട്ട നിലയിൽ പുതഞ്ഞുകിടക്കാൻ സാധ്യതയുണ്ട്. ബുദ്ധമതത്തിന്റെ അസ്തമയ കാലത്തോ മറ്റു ആക്രമണങ്ങൾ നേരിടുന്ന ഘട്ടത്തിലോ രേഭ്യമുനിയുടെ പ്രതിഷ്ഠ കുളത്തിൽ ഉപേക്ഷിക്കപ്പെട്ട സമയത്തുതന്നെയാവും ഈ പാദപീഠത്തിലെ വിഗ്രഹവും മോഷ്ടിക്കപ്പെട്ടിരിക്കാൻ സാധ്യത.

**പുലികുത്തിമന്നാടിയാരുടെ വീരക്കല്ല്**

മുനീശ്വരൻ കാവിനുപുറത്ത് വടക്കുപടിഞ്ഞാറ് മൂലയിൽ സ്ഥാപിച്ചിട്ടുള്ള ഒരു വീരക്കല്ലിന്റെ കാര്യം ഈ ലേഖകനാണ് പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. തലപ്പാവും മുഖത്തിന്റെ വലതുഭാഗത്ത് തൂങ്ങിക്കിടക്കുന്ന കുടുമയുമുള്ള ഒരു യോദ്ധാവ് ഒരു പുലിയെ ജീവനോടെ കയറിട്ടുപിടിച്ചുകൊണ്ടുവരുന്ന വീരക്കല്ലാണിത്. ഈ വീരക്കല്ലിന് ഏകദേശം ഒരു മീറ്ററോളം നീളത്തിലും 0.70 മീറ്റർ വീതിയും ഉണ്ട്. പ്രാചീന വെങ്കിനാട്ടിൽ ഭീതിപരത്തിയിരുന്ന ഒരു പുലിയെ രാജവിളംബരത്തെ തുടർന്ന് കൊശവൻകോട് പുറൈയിൽനിന്ന് ജീവനോടെ പിടിച്ചുകൊണ്ടുവന്ന പുലികുത്തി മന്നാടിയാരുടെ ധീരപ്രവൃത്തി പഴമക്കാർ തലമുറകളിലൂടെ കൈമാറി വരുന്നുണ്ട്. വെങ്കിനാട്ടിലെ ഏറ്റവും പ്രഗത്ഭനായ സേനാനായകന്റെ ധീരപ്രവൃത്തിയെത്തുടർന്നാണ് പുലികുത്തി മന്നാടിയാർ എന്ന് പ്രയോഗം പ്രചാരത്തിൽ വന്നത്. രാജവിളംബരം വെല്ലുവിളിയായി ഏറ്റെടുത്ത് പുലിയെ സാഹസികമായി ജീവനോടെ കയർ കെട്ടി കൊണ്ടുവന്നതിന്റെ പ്രത്യുപകാരമായി ഒരു പനയുടെ മുകളിൽനിന്നു നോക്കിയാൽ കാണുന്ന അത്രയും ഭൂപ്രദേശം നൽകാമെന്ന രാജാവിന്റെ വാഗ്ദാനവും പാലിക്കപ്പെട്ടു. വിരുത്തിനിലങ്ങൾ പുലികുത്തി മന്നാടിയാരുടെ കൈകളിലെത്തിയത് അങ്ങനെയാണ്. (ഡോ. എം.ജ ി.എസ്.നാരായണന്റെ നേതൃത്വത്തിൽ ഈ ലേഖകന്റെ സൂചന പ്രകാരം പുറമെ കാണുന്ന വീരക്കല്ലിന്റെ കീഴ്ഭാഗം താഴ്ത്തിയപ്പോഴാണ് പുലിയെ പിടിച്ചുകൊണ്ടുവന്ന പുലികുത്തിമന്നാടിയാരുടേതാണ് ഈ വീരക്കല്ലെന്ന് തെളിഞ്ഞത്).

മധ്യകാലഘട്ടത്തിലാണ് 'ദാനഭൂവെന്ന് അർത്ഥംവരുന്ന വിരുത്തിയെന്ന പരാമർശം നിലവിൽ വന്നതെന്ന് ചില രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പുലികുത്തി മന്നാടിയാരുടെ കാലഘട്ടം രണ്ടാം ചേരസാമ്രാജ്യത്തിന്റെ പന്ത്രണ്ടാം നൂറ്റാണ്ടിലുണ്ടായ പതനത്തിനുശേഷം നാട്ടുരാജ്യങ്ങളുടെ വിഭജനത്തെ തുടർന്ന് ശക്തിപ്രാപിച്ച സാമൂതിരി വംശം പതിമൂന്നാം നൂറ്റാണ്ടിൽ വെങ്കിനാട് പിടിച്ചെടുക്കുന്നതിനു മുമ്പായിരുന്നു. സാമൂതിരി ഭടൻമാർ പുലി കുത്തി മന്നാടിയാരെ ഭയപ്പെട്ടിരുന്നതായി പഴമക്കാർ കൈമാറിയ വിവരങ്ങളിൽനിന്ന് ലഭ്യമാണ്. പുലികുത്തിമന്നാടിയരുടെ കായികക്ഷമതയും നേതൃത്വപാടവവും അത്രത്തോളമായിരുന്നു. വലിയ ഉരുളൻകല്ലുകളും മറ്റും കൈവെള്ളയിലിട്ട് അമ്മാനമാടുന്ന കാഴ്ചകൾ കണ്ട് സാമൂതിരിയുടെ ചാരൻമാരും ഭടൻമാരും പേടിച്ചോടിയ കഥകളും നാട്ടിൽ പ്രചാരത്തിലുണ്ട്.

അതേസമയം, സാമൂതിരിയുടെ ഭടൻമാർ പുലികുത്തി മന്നാടിയാരെ ചതിയിൽ കൊല്ലുകയായിരുന്നു എന്നു കരുതപ്പെടുന്നു. പല്ലശ്ശേനകാവിലെ കുളത്തിൽ പുലികുത്തിമന്നാടിയാർ മുങ്ങിമരിച്ചു എന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള വിശ്വാസം. ഇത്രയും കായിക ബലമുള്ള യോദ്ധാവായ പുലികുത്തിമന്നാടിയാരെ സാമൂതിരിയുടെ ചാരൻമാർ പല്ലശ്ശേനക്കാവിന്റെ കുളത്തിൽവച്ച് ചതിയിൽ വകവരുത്തുക തന്നെയായിരുന്നു എന്ന വാദത്തിനാണ് മുൻതൂക്കം. തുടർന്നാണ് സാമൂതിരി പാലക്കാട് വെങ്കിനാട് പിടിച്ചെടുത്ത് നിലവിലുള്ള വീരരവിവംശത്തിന്റെ രാജവാഴ്ചയെ നിഷ്കാസനം ചെയ്ത് നാമിന്നറിയപ്പെടുന്ന കൊല്ലങ്കോട് നമ്പിടി രാജവംശത്തെ അവരോധിച്ചത്. എന്നാൽ, പഴയ വീരരവിവംശത്തിന്റെ കണ്ണിയായ പുലികുത്തി മന്നാടിയാരുടെ പിൻതലമുറക്കാർ ഒരിക്കലും നമ്പിടിവംശത്തെ അംഗീകരിച്ചില്ല. രാജകുടുംബവുമായി ബന്ധപ്പെ ട്ട കൊല്ലങ്കോട് ആറാട്ടിനും മറ്റും പുലികുത്തി മന്നാടിയാരുടെ തറവാടിന്നടുത്തുനിർത്തി പ്രത്യേക ആഘോഷരീതിക്ക് അവർ തുടക്കം കുറിച്ചു.


പാലക്കാടുജില്ലയിൽ വിന്യസിച്ചു കിടക്കുന്ന ഇതുപോലുള്ള നിരവധി വീരക്കല്ലുകളിൽനിന്ന് മൺമറഞ്ഞു കിടക്കുന്ന ചരിത്രസംസ്കൃതി പുനഃരാവിഷ്കരിക്കപ്പെടുന്നുണ്ട് ●

(തുടരും)

# പാലക്കാടൻ സംസ്കൃതി

## ഡോ: വി. സനൽകുമാർ

*കൊല്ലങ്കോടിന്റെ ശിൽപകലാപ്രാധാന്യത്തിലേക്ക് വെളിച്ചം തൂവുന്ന ഒരു അന്വേഷണം*



# വേങ്കനാടിന്റെ ശിൽപകല

പ്രാചീന വേങ്കനാടിന്റെ (കൊല്ലങ്കോട്)ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന കരിങ്കൽ ശിൽപകലാവൈവിധ്യങ്ങളുടെ പ്രത്യേകതകൾ സൂക്ഷ്മതലത്തിൽ അറിയുമ്പോൾ മാത്രമാണ് അവയുടെ പ്രാധാന്യം ബോധ്യപ്പെടുന്നത്. നെൻമേനി കോവിലകം പറമ്പിലും മുണ്ടിയൻ കാവിലും വിരുത്തിയിലും മറ്റും കാണപ്പെടുന്ന ശിൽപചാരുതയല്ല മറ്റു ഭാഗങ്ങളിലുള്ളത്. വേങ്കടനാടിന്റെ ഇപ്പോഴത്തെ നാഗരിക കേന്ദ്രമായ പുലിക്കോട് അയ്യപ്പൻകാവിലും വെള്ളാന്തറയിലും കാണപ്പെടുന്ന ശിൽപങ്ങളുടെ വ്യത്യാസം പലതരത്തിലും വേറിട്ടുനിൽക്കുന്നു.

പുലിക്കോട് അയ്യപ്പൻകാവിലെ കരിങ്കൽ ശിൽപങ്ങൾ ദീപസ്തംഭവുമായും കൽവിളക്കുമായും ബന്ധപ്പെട്ടതാണ്. അയ്യപ്പൻകാവിലെ വടക്കുപടിഞ്ഞാറേ മൂലയിൽ ലിപിയോടുകൂടിയ ദിപസ്തംഭത്തിലാണ് രാജകീയ പ്രൗഢിയിൽപ്പെട്ട ഭംഗിയുള്ള കരിങ്കൽശിൽപവും നിലവിളക്കിന്റെ ചിത്രവും കൊത്തിവച്ചിട്ടുള്ളത്. ഇവിടെ നിന്നും ഈ ലേഖകൻ കണ്ടെത്തിയ -ഇനിയും വായിച്ചെടുക്കാൻ കഴിയാത്ത- പ്രാചീന തമിഴ്ഗ്രന്ഥലിപികൾ കൊത്തിവച്ചിട്ടുള്ള ദീപസ്തംഭത്തിന്റെ ഇരുഭാഗങ്ങളിലുമായാണ് ഈ ശിൽപങ്ങൾ. ഇരുകൈകളും നെഞ്ചോടു ചേർത്തുപിടിച്ച് കൈകൂപ്പിനിൽക്കുന്ന വിധമാണ് 60 സെ.മി. നീളവും 24 സെ.മി. വീതിയുമാണ് ഈ ശിൽപത്തിനുള്ളത്. ഒറ്റക്കല്ലിൽത്തീർത്ത കരവിരുതാണിതെല്ലാം.

മധ്യകാലഘട്ടത്തെ ചേരനാടിന്റെ വെൺകുണ്ട്റനാട്ടിലെ ഏതെങ്കിലും ഒരു രാജാവിന്റെയോ മന്ത്രിയുടെയോ ആവും ഈ വീരക്കല്ലെന്നു പറയപ്പെടുന്നു. ദീപസ്തംഭത്തിലുള്ള ശിലാലിഖിതം വായിച്ചെടുക്കുന്നതിലൂടെ ഈ വീരക്കല്ലിന്റെ ആധികാരികത ബോധ്യപ്പടുന്നതാണ്. മൈസൂരിലെയും കേരളത്തിലെയും പുരാവസ്തു വകുപ്പുകൾക്കും, കേരളത്തിലെയും തമിഴ്നാട്ടിലെയും എപ്പിഗ്രാഫിസ്റ്റുകൾക്കും വർഷങ്ങൾക്കു മുമ്പുതന്നെ ശിലാലിഖിതം വായിക്കാനായി ഏൽപിച്ചിരുന്നു. ദൗർഭാഗ്യവശാൽ, നാളിതുവരെയും ഇതിലെ വാചകം വായിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

രാജകീയ പ്രൗഢിയിലുള്ള വീരക്കല്ലിന്റെ മുഖഭാവത്തിന് പ്രത്യേക ആകർഷകത്വമുണ്ട്. മധ്യകാലഘട്ടത്തിൽ കേരളത്തിൽ ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും മറ്റും സവിശേഷതകളായ കുടുമകളുള്ള നിരവധി ശിൽപങ്ങൾ ഈ പ്രദേശത്തു നിന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ശിൽപത്തിലെ മനുഷ്യരൂപത്തിലെ കുടുമ ഇടതുഭാഗത്താണ്. ഇരു ചെവികളിലും പത്രകുണ്ഡലം അണിഞ്ഞിട്ടുണ്ട്. ഇരുകൈകളും നെഞ്ചോടു ചേർത്തുപിടിച്ച് കൈ കൂപ്പി തൊഴുതുനിൽക്കുന്ന നിലയിലാണ് വിഗ്രഹത്തിന്റെ രൂപകൽപന. ഇരുകൈകളിലും പൗരുഷപ്രതാപത്തിന്റെ പ്രതീകങ്ങളായ കേയൂരവളയും കടകവളയും ധരിച്ചിട്ടുണ്ട്. മനോഹരമായ ഞൊറിയോടുകൂടിയ ചേലയും അണിഞ്ഞിട്ടുണ്ട്. ശിലാലിഖിതവുമായി ബന്ധപ്പെട്ട ശിൽപമാണിതെന്നു വ്യക്തം.

നാലു ഭാഗങ്ങളുള്ള ദീപസ്തംഭത്തിന്റെ മറുഭാഗത്ത് ഒരു കുജയും ലിപിയോടൊപ്പം കൊത്തിവച്ചിട്ടുണ്ട്. നിരവധി വീരക്കല്ലുകൾ തെൻമലതാഴ്വരയിൽ കണ്ടെത്തിയിട്ടുണ്ട്. പുലിക്കോട് അയ്യപ്പൻകാവിനു മുമ്പിൽ കുളക്കരയോടുചേർന്ന് ശിൽപഭംഗിയോടുകൂടിയ ഒരു കരിങ്കൽ സ്തൂപം നാട്ടിയിട്ടുണ്ട്. 2 മീറ്റർ ഉയരത്തിലും 0.70 മീറ്റർ വീതിയിലുമായി രൂപകൽപന ചെയ്തിട്ടുള്ള സ്തംഭമാണിത്. ഈ സ്തൂപത്തിൽ തൊഴുതുനിൽക്കുന്ന ഒരു ഭക്തൻ, ഹനുമാൻ, ഗണപതി എന്നീ മൂന്ന് രൂപങ്ങളാണ് കൊത്തിവച്ചിട്ടുള്ളത്. മധ്യകാലഘട്ടവുമായി ബന്ധിപ്പിക്കാവുന്ന ശിൽപങ്ങളാണിവ.

കരിങ്കൽ സ്തൂപത്തിൽ കൊത്തിവച്ചിട്ടുള്ള ഭക്തന്റെ രൂപത്തിന് 40 സെ.മീ. നീളവും, 18 സെ.മീ. വീതിയുമാണുള്ളത്. കാൽമുട്ടിനു മുകളിൽ ശീർഷം വരെ മനോഹരമായ ശിൽപഭംഗിയിൽത്തന്നെയാണ് കൊത്തിവച്ചിട്ടുള്ളത്.ഒറ്റനോട്ടത്തിൽ ശിലാലിഖിതത്തിലെ മനുഷ്യരൂപത്തിനോട് സമാനമായ ശിൽപമാണ് ഇതെന്നും തോന്നുമെങ്കിലും പ്രകടമാ



*സൂര്യദേവൻ*

യ വ്യത്യാസം സൂക്ഷ്മവിശകലനത്തിൽ ബോധ്യമാകുന്നതാണ്.

വൃത്താകൃതിയിലുള്ള സ്കർട്ടിൽ എട്ടു ഞൊറികളുള്ള വസ്ത്രമാണ് അണിഞ്ഞിട്ടുള്ളത്. മധ്യഭാഗത്ത് ഞൊറി നീണ്ടുകിടക്കുന്നുണ്ട്. അർദ്ധനഗ്നരൂപത്തിൽ അരക്കെട്ടിനു താഴെയാണ് വസ്ത്രം ധരിച്ചിട്ടുള്ളത്. ഇരുകൈകളും നെഞ്ചിനോടമർത്തി കൈകൾ കൂപ്പി തൊഴുതുനിൽക്കുന്ന വിധമാണ് കൊത്തുപണി ചെയ്തിട്ടുള്ളത്. കടകവളയും തോൾവളയും ഓരോന്നു വീതം രണ്ടു കൈകളിലും അണിഞ്ഞിട്ടുണ്ട്. വീതികൂടിയ രണ്ടു മാലകളും, കാതുകളിൽ പത്രകുണ്ഠലവും ധരിച്ചിട്ടുണ്ട്. ഉടുക്കിന്റെ ആകൃതിയിലാണ് ഇടതുഭാഗത്തെ തലക്കെട്ടിന്റെ കുടുമ കെട്ടിവച്ചിട്ടുള്ളത്. ആയോധനകലകൾ ശീലിച്ച ബലിഷ്ഠകാരനായ ഒരു യോദ്ധാവിന്റെ ശരീരഘടനയാണ് വീരക്കല്ലിനുള്ളത്. മുഖകാന്തിക്ക് രാജകീയ പ്രൗഢിയും ദൃശ്യമാണ്. കരിങ്കൽസ്തൂപത്തിൽ തോരണരൂപത്തിലുള്ള പ്രവേശനകവാടത്തിന്റെ പശ്ചാത്തലത്തിൽ ഉമ്മറപ്പടിയിൽനിന്നും കൈകൂപ്പി ധ്യാനിക്കുന്ന രൂപമാണിതിന്. വേഷവിധാനത്തിന്റെ പ്രത്യേകത നിരീക്ഷിക്കുമ്പോൾ ഇവിടത്തെ രണ്ട് വീരക്കല്ലുകളുടെയും നിർമ്മാണകാലഘട്ടം ഒന്നാണെന്ന് ഒറ്റനോട്ടത്തിൽ ചിന്തിച്ചുപോകും. എന്നാൽ, ലിഖിതമുള്ള ദീപസ്തംഭത്തിലെ വീരക്കല്ല് കമനാകൃതിയിലുള്ള പശ്ചാത്തലത്തിലല്ല കൊത്തിവച്ചിട്ടുള്ളത്. മാത്രമല്ല, കൈകൂപ്പി നിൽക്കുന്ന രീതിയിലും നേരിയ വ്യത്യാസമുണ്ട്. ആദ്യത്തേത് ഹൃദയത്തോട് ചേർത്ത് കൈകൂപ്പിനിൽക്കുന്ന ശിൽപമാണെങ്കിൽ, രണ്ടാമത്തേത് ഉദരഭാഗത്ത് കൈകൾ ഉറപ്പിച്ച് തൊഴുതുനിൽക്കുന്ന രൂപമാണ്. അതുപോലെ, ഈ വീരക്കല്ലിൽ കോണാകൃതിയിലും മറ്റൊന്നിൽ ദീർഘചതുരാകൃതായിലുമാണ് കൈകളുടെ ഘടന ദൃശ്യമാകുന്നത്. വേഷവിധാനത്തിൽ രാജശിൽപങ്ങൾ തമ്മിൽ സാദൃശ്യമുണ്ടെങ്കിലും മുഖഭാവങ്ങളിൽ പ്രകടമായ വ്യത്യാസം ദൃശ്യമാണ്. ശിലാലിഖിതമുള്ള ദീപസ്തംഭത്തിലെ കരിങ്കല്ലിനാണ് കൂടുതൽ കാലപ്പഴക്കം തോന്നിക്കുന്നത്. വ്യത്യസ്ത ശിലകളിലാണ് രാജശിൽപം ഒരുക്കി നിർത്തിയിട്ടുള്ളതെന്ന് ശിൽപങ്ങൾ കൊത്തിയ ശിലകളുടെ നിറവ്യത്യാസം സാക്ഷ്യപ്പെടുത്തുന്നു.

കരിങ്കൽ സ്തൂപത്തിന്റെ മറുഭാഗങ്ങളിൽ മറ്റു രണ്ടു സിള്പ് മാതൃകകൾ കൂടി ആ ലേഖനം ചെയ്തിട്ടുണ്ട്. അവയിലൊന്ന് ഗണപതിയുടേയും മറ്റൊന്ന് ഹനുമാന്റെയും രൂപങ്ങളാണ്. ഈരണ്ട് നാഗങ്ങൾ തോരണപശ്ചാത്തലത്തിൽ ഇരുഭാഗങ്ങളിലും ദൃശ്യമാണ്. മനോഹരമായ കീരിടമണിഞ്ഞ നിലയിലാണ് ഗണപതിയുടെ ശിൽപ നിർമ്മാണം. തുമ്പിക്കൈ ഇടതുഭാഗത്തേക്കു നേരെ വളച്ചു വച്ച നിലയിലാണ്, സേതുബന്ധനം ചാടാൻ ഒരുങ്ങി നിൽക്കും വിധമാണ് ഹനുമാൻ പ്രതിഷ്ഠ. ഇടതുഭാഗത്തേക്ക് മുഖം തിരിച്ച്, ഇടതുകാൽ കോണാകൃതിയിൽ മടക്കിവച്ച്, കരിങ്കൽഫലകത്തിനു മുകളിലേക്ക് ഇടതുകാൽ ഉയർത്തിവച്ച നിലയിലാണ് ശിൽപനിർമ്മാണം. ഇടതുകൈ കോണാകൃതിയിൽ മടക്കി ഇടതുതുടയിൽ വച്ചിരിക്കുന്നു. വലുതുകൈ വിജയഭാവത്തിന്റെ പ്രതീകമായി മുകളിൽ ഉയർത്തിയ നിലയിലാണ്. അരപ്പട്ടയും ചേലയും മാലയും കടകവളയും കാലിൽ ചിലങ്കയും ധരിച്ചിട്ടുണ്ട്. വാല് ഇടതുതോളിന്റെ മുകളിലായി ഉയർത്തിപ്പിടിച്ച നിലയിലാണ്. ഇതുപോലുള്ള മറ്റൊരു ഹനുമാൻ പ്രതിഷ്ഠ അയ്യപ്പൻകാവ് ക്ഷേത്രാങ്കണത്തിനകത്തുണ്ട്.

ഇത്തരം ഹനുമാൻ പ്രതിഷ്ഠയുടെ സാന്നിദ്ധ്യം കർണ്ണാടകയുടെ പല ഭാഗങ്ങളിലും മൈസൂറിലെ ചാമുണ്ടി ക്ഷേത്രത്തിനകത്തും കാണാൻ കഴിയും. ക്ഷേത്രാധിഷ്ഠാന നിർമ്മാണരീതിയിലും കർണ്ണാടക ശിൽപകലയുടെ സ്വാധീനമുണ്ട്. ശിൽപനിർമ്മാണകലയിൽ തമിഴ്നാടിന്റെയും കർണ്ണാടകത്തിന്റെയും ആന്ധ്രയുടെയും സ്വാധീനം കേന്ദ്രീകൃതരീതിയിൽത്തന്നെ കാണപ്പെടുന്നുണ്ട്. അതേതുടർന്ന് കാലക്രമേണ രൂപപ്പെട്ട കേരളത്തനിമയുടെ സ്വാധീനം പാലക്കാടുജില്ലയുടെ തെക്കുകിഴക്കൻ മേഖലയിൽ ദൃശ്യമാണെങ്കിലും മറ്റു ജില്ലകളിൽ ഇത്രത്തോളം പ്രകടമല്ലാത്തത് ശ്രദ്ധേയമാണ്.

## തിരുവില്വാമലയിലെ രാജകീയ ശിൽപങ്ങൾ

പ്രാചീന വേങ്കടനഗരത്തിന്റെ വടക്കുപടിഞ്ഞാറേ അതിർത്തി ദേശമാണ് തിരുവില്വാമലയെന്ന് കശ്യപ ക്ഷേത്രമാഹാത്മ്യത്തിൽ പറയുന്നുണ്ട്. ക്ഷേത്രത്തിന്റെ പുറമെ കാണപ്പെടുന്ന മൂന്ന് കരിങ്കൽ ശിൽപങ്ങൾക്കും രാജകീയ പ്രൗഢിയും തേജ